# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ



ഒക്ടോബർ 16 – വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ

Vol. LXIX October 2019 No. 10



കുറവിലങ്ങാട് നസ്രാണി മഹാസംഗമം സീറോ മലബാർ സഭാദ്ധ്യക്ഷൻ
മേജർ ആർച്ച് ബിഷപ് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു.
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിക്കുന്നു.



പാലാ കമ്മ്യൂണിക്കേഷൻസിന്റെ 'ജീവിതം മുതൽ ജീവിതം വരെ' എന്ന പുതിയ നാടകത്തിന്റെ
ഉദ്ഘാടനം രൂപതാദ്ധ്യക്ഷൻ അഭി. മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിക്കുന്നു.

# ആശംസകൾ



ബിജ്നോർ രൂപതയുടെ നിയുക്തമെത്രാൻ

മാർ വിൻസെന്റ് നെല്ലായിപറമ്പിൽ പിതാവിന്

പാലാ രൂപതയുടെ

പ്രാർത്ഥനാശംസകൾ



വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ അസാധാരണ ശുശ്രൂഷകരായി
നിയുക്തരാവുന്ന ബഹു. സിസ്റ്റേഴ്സിന്റെ പരിശീലനക്ലാസ്സിൽ
അഭിവന്ദ്യ ജേക്കബ് മുരിക്കൻ പിതാവ് സംസാരിക്കുന്നു.




പാലാ രൂപതയിലെ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച
അടുക്കളത്തോട്ട മത്സര ഉദ്ഘാടനം അഭി. മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

OCTOBER 2019
Vol. LXIX No. 10

# CONTENTS

സർക്കുലർ- 258 പ്രേഷിതമാസാചരണം .................. 927

Needy Church Fund 2019-20 ........................ 930

അറിയിപ്പ് ........................................................... 932

ലേഖനം ............................................................... 935

Prayer Day List .............................................. 940

വാർത്തകൾ ......................................................... 941

ആദരാഞ്ജലികൾ ............................................... 983

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ......................... 987

Bishops' Engagements ................................. 994

സർക്കുലർ - 258

# പ്രേഷിതമാസാചരണം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, അത്മായ സഹോദരീ സഹോദരന്മാരേ,

2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിത മാസമായി പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപ്പാപ്പാ പ്രഖ്യാപിച്ചിരിക്കുയാണല്ലോ. ഈ മാസാചരണത്തിന്റെ വിഷയമായി മാർപ്പാപ്പാതിരുമനസ്സുകൊണ്ട് നൽകിയിരിക്കുന്നത്, "ജ്ഞാനസ്നാപ്പെട്ട് അയയ്ക്കപ്പെട്ടവർ, പ്രേഷിത ദൗത്യവുമായി ക്രിസ്തുവിന്റെ സഭ ലോകത്തിൽ" എന്നതാണ്. 1919-ൽ ബെനഡിക്ട് പതിനഞ്ചാമൻ മാർപ്പാപ്പാ നൽകിയ "ഏറ്റവും വലിയ കാര്യം" എന്ന പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള ചാക്രിക ലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് പ്രസ്തുത ചാക്രികലേഖനത്തിന്റെ ഇക്കാലത്തെ പ്രസക്തി ഊന്നിപ്പറഞ്ഞുകൊണ്ടും ആധുനികലോകത്തിന്റെ വിവിധങ്ങളായ പ്രേരകശക്തികളുടെ കുത്തൊഴുക്കിൽ തമസ്ക്കരിക്കപ്പെടുന്ന ദൈവവിശ്വാസവും മാനവികതയും സുവിശേഷവെളിച്ചത്താൽ പുനഃസ്ഥാപിക്കാനുള്ള ഒരു പരിശ്രമവുമായിട്ടാണ് ഫ്രാൻസിസ് മാർപ്പാപ്പാ ഈ ആചരണത്തെ പ്രഖ്യാപിച്ചിരിക്കുന്നത്.

സഭയുടെ പ്രേഷിതദൗത്യത്തിന്റെ അടിസ്ഥാനമായ "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോട് കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും." (മത്തായി 28: 19-20) എന്ന ക്രിസ്തുനാഥന്റെ ആഹ്വാനവും ആജ്ഞയുമാണല്ലോ ഈ മഹാചരണത്തിലൂടെ കൂടുതൽ തീക്ഷ്ണതയോടെ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടത്.

എല്ലാ കത്തോലിക്കാ പ്രവർത്തനങ്ങളിലും വച്ച് മഹത്തരവും പരിശുദ്ധവുമായത് മിഷനറി പ്രവർത്തനങ്ങളാണ് എന്ന ഒമ്പതാം പീയൂസ് മാർപാപ്പായുടെ ''മഹത്തായ ദിവ്യകർമ്മം'' എന്ന ചാക്രികലേഖനത്തിലെ പ്രബോധനം നമുക്ക് ഇത്തരുണത്തിൽ പ്രചോദനമാകണം. ഫ്രാൻസിസ് മാർപ്പാപ്പായുടെ "സുവിശേഷത്തിന്റെ ആനന്ദം" എന്ന അപ്പ സ്തോലികാഹ്വാനത്തിൽ പറയുന്ന "നമുക്ക് നിസ്സംഗതയോടെ പള്ളി കെട്ടിടങ്ങളിൽ സ്വസ്ഥമായി കാത്തിരിക്കാൻ പാടില്ല" എന്ന മുന്നറിയിപ്പ് ഗൗരവത്തോടെ കാണേണ്ടതുമാണല്ലോ.

അസാധാരണ പ്രേഷിതമാസത്തിൽ ശ്രദ്ധ വയ്ക്കേണ്ട നാലുകാര്യങ്ങൾ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് എടുത്തു പറയുന്നു. 1) കൂദാശകളിലൂടെയും വിശുദ്ധ കുർബാന യിലൂടെയും ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ജീവിതം. 2) ക്രൈസ്തവ സാക്ഷ്യം 3) വി. ഗ്രന്ഥത്തെയും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളെയും അടിസ്ഥാനമാക്കിയുള്ള പ്രേഷിതരൂപീകരണം. 4) പാർശ്വവൽക്കരിക്കപ്പെട്ടവരോട് ക്രൈസ്തവസ്നേഹം പ്രകടമാകുന്ന വിധത്തിലുള്ള നിസ്വാർത്ഥ പ്രേഷിതസ്നേഹവും പരിചരണവും.

ഇവയെല്ലാം ലക്ഷ്യംവച്ചുകൊണ്ട് വിവിധങ്ങളായ കർമ്മപരിപാടികൾ നമ്മുടെ രൂപതയിൽ വിവിധതലങ്ങളിൽ നമ്മൾ ഈ മാസത്തിൽ ക്രമീകരിക്കുന്നുണ്ട്. രൂപതയുടെ പൊതുവായ കർമ്മപരിപാടിയെന്ന നിലയിൽ ഈ മാസാ ചരണത്തിന്റെ ഭാഗമായി നമ്മുടെ രൂപതയിലെ എല്ലാ ബഹു. വൈദികരുടെയും സമർപ്പിതരുടെയും അത്മായ പ്രതിനിധി കളായി എല്ലാ ഭക്തസംഘടനകളുടെ രൂപതാ ഭാരവാഹികളു ടെയും എല്ലാ ഇടവകകളിൽനിന്നുമുള്ള കൈക്കാരന്മാരുടെയും ഒരു ഏകദിനസമ്മേളനം ഈ ഒക്ടോബർ മാസം 29-ാം തീയതി ചൊവ്വാഴ്ച 10 മണി മുതൽ 4 മണിവരെ ചൂണ്ടച്ചേരിയിലുള്ള നമ്മുടെ എൻജിനീയറിംഗ് കോളേജിൽ വച്ച് നടത്തുകയാണ്.

അദിലാബാദ് രൂപതയുടെ അഭിവന്ദ്യ പിതാവ് മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ ഈ ദിവസത്തെ ക്ലാസ്സുകളും ചർച്ചകളും നയിക്കുന്നതാണ്. ഈ കൂട്ടായ്മയിലേയ്ക്ക് നിങ്ങൾ എല്ലാവരുടെയും സാന്നിദ്ധ്യവും സഹകരണവും അഭ്യർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 29-9-2019

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

NB: 1. ഈ സർക്കുലർ ഒക്ടോബർ 13-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

2. പ്രവിത്താനം ജംഗ്ഷൻ, ഭരണങ്ങാനം ജംഗ്ഷൻ എന്നിവിടങ്ങളിൽ നിന്ന് ബസ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

# NEEDY CHURCH FUND 2019 – 20

| Parish | Nature of Work | Sanctioned Amount |
|---|---|---|
| Alphonsagiri | Church painting + Other works | 50,000/- |
| Alphonsapuram | Compound  Wall | 1,00,000/- |
| Chakkikkavu (Vimalagiri) | Construction of presbytery | 10,00,000/- |
| Chempilavu | Rain Guard for the church and Mondalam | 50,000/- |
| Chennad | Compound Wall | 1,00,000/- |
| Chittar | Compound Wall | 4,00,000/- |
| Choondachery | Compond Wall | 75,000/- |
| Edadu | Parish hall roofing | 3,00,000/- |
| Edappady | Agricultural needs, Sunday school maintenance | 1,00,000/- |
| Elappally | Presbytery | 7,00,000/- |
| Geovally | Presbytery  Compound Wall | 1,00,000/- |
| Jaigiri | Parish Church, Parish Hall | 7,00,000/- |
| Josegiri | Compound Wall | 1,50,000/- |
| Kaippally | Repairing works of the church, Compound Wall construction | 2,00,000/- |
| Kakkompu | Compound Wall | 1,50,000/- |
| Kakkoor | Maintenance | 1,50,000/- |
| Kavaly | Painting the church and Wiring | 1,00,000/- |
| Kayyoor | Church maintenance | 4,00,000/- |
| Kizhaparayar | Presbytery maintenance, Sunday School Bath Room etc | 1,00,000/- |
| Kondadu | Roofing the presbytery, parking ground, compound wall, Rubber planting ,Fencing | 2,00,000/- |
| Kuruvinal | Parish Hall Construction | 3,00,000/- |
| Malayichipara | Different maintenance works, Rails for steps, Roofing the Sacristy | 1,50,000/- |
| Manathoor | Repairing of presbytery | 1,00,000/- |
| Mannakanadu | Land Purchase | 2,00,000/- |

| | | |
|---|---|---|
| Maryland | Parish Hall Fire Fighting System, Rain water harvesting, Waste treatment Plant | 2,00,000/- |
| Mattakkara | Shoping Complex | 1,00,000/- |
| Meenachil | Construction of Presbytery | 3,50,000/- |
| Moonnani | Sunday School Hall &Extention of cemetry | 3,00,000/- |
| Mulakulam | Presbytery Truss Work | 2,50,000/- |
| Narianganam | Maintenance | 1,50,000/- |
| Neeranthanam | Compound Wall | 1,50,000/- |
| Nellappara | Sheet roofing above Presbytery | 2,00,000/- |
| Payyanithoytam | Fire & Safety works for the church, Presbytery, church ground expansion | 6,00,000/- |
| Santhipuram | Bellfry | 2,00,000/- |
| Sleevapuram | CemetryExtention& Hall Construction | 2,00,000/- |
| Thirumarady | Generator purchase, Sunday school repairing, Cemetery repairing,etc | 2,00,000/- |
| Udayagiri | Cemetry Compound Wall | 2,00,000/- |
| Vagamon | Tea cultivation | 2,00,000/- |
| Varianikkadu | Parish Hall maintenance | 3,00,000/- |
| Vedagiri | Sunday School roofing | 2,00,000/- |
| Velanilam | Land purchase, Construction of Presbytery | 4,00,000/- |
| Velliamattom | Compound Wall construction | 2,00,000/- |
| Vezhanganam | Repairing compound Wall, Other works | 1,00,000/- |
| Xavierpuram | Compound Wall, Painting the Church | 1,50,000/- |
| Beth ApremNazarani Dayara | Different works | 5,00,000/- |
| Mar Aprem Seminary | Maintenance Work | 1,50,000/- |
| Mount Nebo | Construction + Furniture | 5,00,000/- |
| DCMS | Maintenance Work in Steel India roofing & wiring | 1,50,000/- |
| | **Total** | **11,825,000/-** |

# അറിയിപ്പ്

## മിഷൻ സൺഡേ

മിഷൻ സൺഡേ കലണ്ടറും പോസ്റ്ററും ബിഷപ്പ് ഹൗസിൽനിന്നും ലഭിക്കുന്നതാണ്. മുൻ വർഷങ്ങളിലേതു പോലെ മിഷൻ സൺഡേ കളക്ഷന് വിവിധ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സമ്മാനങ്ങൾ നൽകുന്നതാണ്. പള്ളികളും സ്കൂളുകളും സ്ഥാപനങ്ങളും ഈ സംരംഭത്തിൽ സഹകരിക്കണമെന്ന് പ്രത്യേകം താത്പര്യപ്പെടുന്നു.

ഒക്ടോബർ 20-ാം തീയതി മിഷൻ ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ മിഷൻ ഞായർദിന പിരിവു നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക നവംബർ 15-ാം തീയതിക്കു മുമ്പായി ബഹു. രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏൽപിക്കുകയും ചെയ്യുമല്ലോ.

**ഫാ. പ്രൊക്യുറേറ്റർ**

## കത്തോലിക്കാ കോൺഗ്രസ്

## 3-ാമത് രൂപതാ അടുക്കളത്തോട്ട മത്സരം

കത്തോലിക്കാ കോൺഗ്രസ് രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ഇടവകകളിലെ കുടുംബങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 3-ാം മത് അടുക്കളത്തോട്ട മത്സരം നടത്തുന്നു.

**സമ്മാനഘടന രൂപതാ തലത്തിൽ**

ഒന്നാം സമ്മാനം : അരലക്ഷം രൂപ

രണ്ടാം സമ്മാനം : 35000 രൂപ

മൂന്നാം സമ്മാനം : 25000 രൂപ

പ്രോത്സാഹന സമ്മാനം ആദ്യ 10 പേർക്ക് 10000 രൂപ വീതം.

**മത്സരത്തിന്റെ മാർക്ക് വിഭജനരീതി**

ഇനം / എണ്ണം - 20%

ഫലദായകത്വം - 30%

പുഷ്ടിമ / കരുത്ത് - 20%

പരിപാലനരീതി - 20%

നൂതന കൃഷിരീതി - 10%

**മാർക്ക് ഇടുന്ന തീയതി**

യൂണിറ്റ് തലത്തിൽ നവം. 25 മുതൽ 30 വരെ

ഫൊറോനാതലത്തിൽ ഡിസം. 1 മുതൽ 3 വരെ

രൂപതാതലത്തിൽ ഡിസം. 5 മുതൽ 7 വരെ

യൂണിറ്റ് തലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്കും ഫൊറോന തലത്തിൽ ആദ്യ മൂന്ന് സ്ഥാനം നേടുന്നവർക്കും രൂപതാ മത്സരത്തിൽ പങ്കെടുക്കാം. മത്സരത്തിൽ കുറഞ്ഞത് 7 ഇനങ്ങളും പരമാവധി 25 ഇനങ്ങളും പരിഗണിക്കും.

**ഇമ്മാനുവൽ നിധീരി** (ജന. സെക്രട്ടറി)

## പാലാ ഹോം പ്രോജക്ടിൽ നിന്നും ഈ മാസം സാമ്പത്തിക സഹായം ലഭിച്ചവർ

1. ചന്ദ്രശേഖരൻ വണ്ടാന്താനത്ത്,
   അമ്പാറനിരപ്പേൽ ഇടവക - 10,000
2. ഫിലോമിന നീറനാനിയിൽ,
   അമ്പാറനിരപ്പേൽ ഇടവക - 10,000
3. ലിജി ബേബി ഇല്ലികുഴുപ്പിൽ, ഉദയഗിരി ഇടവക - 30,000
4. മാത്യു കണ്ടത്തിൽ, ളാലം പുത്തൻപള്ളി ഇടവക - 1,00,000
5. ഷൈനി മാത്യു കണിയാംപറമ്പിൽ,
   മുത്തോലി ഇടവക - 10,000
6. മറിയം പറയോലിക്കൽ, മണലുങ്കൽ ഇടവക - 50,000
7. സെന്റ് പീറ്റേഴ്സ് ഹോം പ്രോജക്ട്, ഇലഞ്ഞി ഇടവക - 50,000
8. ഏലിയാമ്മ സെബാസ്റ്റ്യൻ നാലുതൊട്ടിയിൽ,
   മണ്ണാറപ്പാറ ഇടവക - 50,000
9. സുനിൽ കുമാർ മച്ചികത്തിൽ,
   മുത്തോലപുരം ഇടവക - 1,00,000
10. തോമസ് ചാലിൽ, അറക്കുളം പഴയ പള്ളി ഇടവക - 50,000
11. ബീനാ സിബി വട്ടമലമണികല്ലിൽ,
    നെല്ലിയാനി ഇടവക - 40,000

## പാലാ ഹോം പ്രോജക്ടിൽ ഈ മാസം പണി പൂർത്തിയായ വീടുകൾ

1. ബിജി ബിജു പന്തിരുപാറയിൽ, മുട്ടുചിറ ഇടവക
2. എൽസമ്മ ഫിലിപ്പ് പുത്തൻപുരയ്ക്കൽ, മുട്ടുചിറ ഇടവക
3. മാത്യു തട്ടിൻപുറത്ത്, മാന്നാർ ഇടവക

## പാലാ ഹോം പ്രോജക്ടിലേക്ക് സാമ്പത്തിക സഹായം നൽകിയവർ

1. പണ്ടാരപറമ്പിൽ കുടുംബം, പൂവരണി ഇടവക - 25,000
2. ജോൺ പി. ചാണ്ടി പുല്ലുകാലായിൽ,
   മാൻവെട്ടം ഇടവക - 1,00,000

ലേഖനം

# അദ്ധ്യാപകർ സംസ്കാരത്തിന്റെ രക്ഷിതാക്കൾ

ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്

ഒരു രാഷ്ട്രത്തിന്റെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരികമണ്ഡലങ്ങളിൽ നിർണ്ണായകസ്വാധീനം ചെലുത്തുവാൻ സാധിക്കുന്നവരാണ് അദ്ധ്യാപകർ. പഠിപ്പിക്കുന്നതോടൊപ്പം സ്വയം പഠിച്ച് വളരുകയും ചെയ്യുന്നവരാണ് ഗുരുക്കൻമാർ. ഒരു നവജാതശിശു ആദ്യം പരിചയപ്പെടുന്ന സാമൂഹിക പരിസരം തന്റെ കുടുംബവും രണ്ടാമത്തേത് വിദ്യാലയവുമാണ്. രക്ഷിതാക്കളിൽ നിന്നും സ്നേഹത്തിന്റെ മൂല്യങ്ങളും അദ്ധ്യാപകരിൽനിന്നും സാമൂഹികബോധവും രാഷ്ട്രീയ കാഴ്ചപ്പാടുകളും സ്വന്തമാക്കുന്നു. തിരിച്ചറിവുകളുടെ അകക്കണ്ണ് തുറപ്പിക്കുന്നവരാണ് അദ്ധ്യാപകർ. തലമുറകളെ ആത്മനിയന്ത്രണമുള്ളവരാക്കി വളർത്തേണ്ടത് അദ്ധ്യാപകരാണ്. തത്ത്വജ്ഞാനിയായ സോക്രട്ടീസ് പറഞ്ഞതുപോലെ "ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങളെ യുക്തിപൂർവ്വം നേരിടുവാനും സാഹചര്യങ്ങളെ ശരിയായി വിലയിരുത്തി ഉചിതമായി പ്രവർത്തിക്കുവാനും എല്ലാവരോടും മാന്യമായി പെരുമാറുവാനും മറ്റുള്ളവരുടെ അരോചകമായ സ്വഭാവവിശേഷങ്ങളോട് സഹിഷ്ണുത പുലർത്തുവാനും സഹജീവികളോട് വിവേകപൂർവ്വം ഇടപെടുവാനും സന്തോഷത്തിലും സന്താപത്തിലും സമചിത്തത പാലിക്കുവാനും കഴിവുള്ള തലമുറയെ രൂപപ്പെടുത്തുകയെന്നതാണ് അദ്ധ്യാപകരുടെ ദൗത്യം".

അദ്ധ്യാപകർ വാർത്തെടുക്കേണ്ടത് ഉരുക്കിന്റെ മാംസപേശികളും ഇരുമ്പിന്റെ സിരാതന്തുക്കളുമുള്ള യുവത്വത്തെയാണ്. യാതൊന്നിനും തടഞ്ഞു നിർത്താനാവാത്ത അതിമാനുഷികമായ ഇച്ഛാശക്തി ആഴിയുടെ അടിത്തട്ടോളം പോകേണ്ടി വന്നാലും ലക്ഷ്യം നിറവേറ്റാതെ പിന്തിരിയാത്ത ഇച്ഛാശക്തിയുള്ള തലമുറയാണെന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകൾ അദ്ധ്യാപകർ മറക്കരുത്. കണ്ടതിൽനിന്നും കേട്ടതിൽനിന്നും വായിക്കുന്നതിൽനിന്നുമൊക്കെ ഗുണപാഠങ്ങൾ കണ്ടെത്തി പ്രചരിപ്പിക്കുവാൻ അദ്ധ്യാപ

കർക്കു കഴിയുമ്പോഴാണ് അവർ യുവതലമുറയുടെ ചങ്ങാതിമാരും തത്വോപദേശകരും മാർഗ്ഗദർശികളുമായി മാറുന്നത്. ഗ്രീക്കുചിന്ത കനായ അരിസ്റ്റോട്ടിൽ പറഞ്ഞതുപോലെ "കാര്യങ്ങൾ അറിയാവു ന്നവർ അതു ചെയ്യുന്നു. എന്നാൽ കാര്യങ്ങൾ മനസ്സിലാക്കുന്നവർ അത് പഠിപ്പിക്കുന്നു" എന്നത് അദ്ധ്യാപനത്തിന്റെ മഹനീയതയെ ഓർമ്മിപ്പിക്കുന്നു. അദ്ധ്യാപനമെന്ന പ്രൊഫഷനാണ് മറ്റെല്ലാ പ്രൊഫഷനുകളെയും സൃഷ്ടിക്കുന്നത്. അദ്ധ്യാപകർ അറിവിനെ സ്നേഹിക്കണം. അറിവു നേടുന്നവരെയും സ്നേഹിക്കണം. അതോ ടൊപ്പംതന്നെ അറിവിനെയും അറിവു നേടുന്നവരെയും ഒരുപോലെ ഉൾക്കൊള്ളുവാനും കഴിയണം.

അദ്ധ്യാപകൻ ഭാവാത്മക വിദ്യാഭ്യാസത്തിനു (Positive Education) പ്രാധാന്യം നൽകണം. വ്യക്തികളിലും പ്രസ്ഥാനങ്ങ ളിലും സംരംഭങ്ങളിലുമുള്ള സാധ്യതകൾ ദീർഘവീക്ഷണത്തോടെ കാണുവാൻ അദ്ധ്യാപകർക്കു കഴിയണം. അദ്ധ്യാപകവൃത്തിയുടെ അന്തഃസത്ത എന്നതു സ്വയം അറിയുക - സ്വയം നിയന്ത്രിക്കുക - സ്വയം കൊടുക്കുക (Vision - Discipline- Passion) എന്നതാണ്. യുവമനസ്സുകളിൽ ഉത്കൃഷ്ടചിന്തകൾ നിറയ്ക്കുവാൻ അദ്ധ്യാപ കർക്കു സാധിക്കണം. ഭാരതത്തിലെ 700 ദശലക്ഷം യുവജനങ്ങളെ രാഷ്ട്രത്തിനും സമൂഹത്തിനും കുടുംബങ്ങൾക്കും ഉപകാരപ്പെടു മാറ് പരിശീലിപ്പിക്കുക എന്ന ശ്രമകരമായ ദൗത്യമാണ് അദ്ധ്യാപ കർക്ക് ഉള്ളത്. ഇന്ത്യയിലെ വിദ്യാർത്ഥികളുടെ ചിന്തയും പ്രവൃ ത്തിയും സംയോജിപ്പിക്കേണ്ടത് അവരുടെ അദ്ധ്യാപകരാണ്.

ശക്തവും വികസിതവുമായൊരു രാഷ്ട്രത്തിന്റെ നെടുംതൂ ണുകളാണ് അദ്ധ്യാപകർ. രാജ്യത്തെ ഏകീകരിക്കുന്ന ഉപകരണ ങ്ങളായി അദ്ധ്യാപകർ മാറണം. ഭാരതത്തിന്റെ വൈജ്ഞാനിക പാര മ്പര്യം ലോകത്തിനു നല്കിയ സംഭാവനകൾ നാം വിസ്മരിക്കരു ത്. തക്ഷശില, നളന്ദ പോലുള്ള മഹത്തായ സർവ്വകലാശാലകളും പണ്ഡിതവര്യരായ കൗടില്യൻ, പാണിനി, ജീവകൻ, അഭിനവഗു പ്തൻ, പതഞ്ജലി തുടങ്ങി വിഖ്യാതമായ അദ്ധ്യാപകരും നമ്മുടെ പൈതൃക സമ്പത്താണ്. വിശ്വോത്തര ശാസ്ത്രകാരന്മാരെയും കവി കളെയും തത്വജ്ഞാനികളെയും എൻജിനീയർമാരെയും ഡോക്ടർമാരെയും വാർത്തെടുക്കുവാൻ അദ്ധ്യാപകർക്കു കഴിയ

ണം. ഇന്ത്യയെ ഒരു വൈജ്ഞാനിക വൻശക്തിയാക്കുന്നതിന് അറിവിന്റെ അടിത്തറയുള്ള ആത്മാർപ്പണമുള്ള അദ്ധ്യാപകർ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

അദ്ധ്യാപകർ ജ്ഞാനത്തെ സ്നേഹിക്കുന്നവർ ആകണം. വിദ്യാർത്ഥികൾക്ക് ഒരുപാട് അടയാളങ്ങൾ അവരുടെ ചിന്തയിൽ സൃഷ്ടിച്ചുകൊടുക്കുവാൻ അവർക്കു കഴിയണം. അദ്ധ്യാപകരുടെ പ്രഭാഷണങ്ങളിൽനിന്നും വിദ്യാർത്ഥികളിൽ ജീവിതമെന്ന വൃത്തം ആവേശത്തോടെ വികസിക്കണം. രാഷ്ട്രത്തിന്റെ വളർച്ചയ്ക്കു വേണ്ടി ശരിയായ കാര്യങ്ങൾ ചെയ്യുന്നതിനും വിദ്യാർത്ഥികളെ ശരിയായ കാര്യങ്ങൾ ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നതിനും തക്ക ഉന്നതമായ ധാർമ്മിക നേതൃത്വമായി അദ്ധ്യാപകർ കലാലയങ്ങളിൽ ഉയരണം. അദ്ധ്യാപകരാകാൻ യോഗ്യതയുള്ള, താല്പര്യമുള്ള, അദ്ധ്യാപനം ഇഷ്ടപ്പെടുന്ന ആളുകളെ അദ്ധ്യാപകവൃത്തിയിലേയ്ക്കു ആകർഷിക്കാൻ നടപടി ഉണ്ടാകണം. അദ്ധ്യാപകർ നവീനവും മഹത്തരവും വിസ്മയകരവുമായ ലോകത്തെ തിരിച്ചറിയണം. മികച്ച വാഗ്മിയും അദ്ധ്യാപകനുമായ അഴീക്കോട് മാഷ് ഒരിക്കൽ അദ്ധ്യാപകരെ ഓർമ്മിപ്പിച്ചു: “സമൂഹത്തിൽ ഗുരുനാഥൻമാർക്കു വിലകുറഞ്ഞുവരികയാണ്. അത് നമ്മുടെ മൂല്യശോഷണത്തിന്റെ ഭാഗമാണ്. ആ മൂല്യശോഷണത്തിന്റെ ഒരംശം നമ്മുടെ അദ്ധ്യാപകർ തന്നെ ഏറ്റെടുക്കണം. കുട്ടികൾക്കു ക്യാരക്ടർ ഉണ്ടാക്കുന്ന പണികൂടിയെടുക്കാതെ ചില വിഷയങ്ങൾ മാത്രം പഠിപ്പിച്ചു കൊണ്ടിരുന്നാൽ ഇങ്ങനെയിരിക്കും. തനിക്കു വിലയില്ല എന്ന് ആരു പരാതി പറഞ്ഞാലും അദ്ധ്യാപകർ പറയരുത്. സ്വന്തം വില കൂട്ടുന്ന മട്ടിൽ അയാൾ ജീവിക്കണം”. സത്യത്തിൽ വിദ്യാർത്ഥികളുടെ പാഠപുസ്തകം അദ്ധ്യാപകരാണ്. എല്ലാത്തരം സംഘർഷങ്ങളെയും മറക്കാനും ശാന്തിയുടെയും സമൃദ്ധിയുടെയും ലക്ഷ്യത്തിലേക്കു നീങ്ങാനും മനുഷ്യർക്കു മഹത്തായ ദർശനം ആവശ്യമാണ്. ജീവിക്കാൻ, കൂടുതൽ മെച്ചപ്പെട്ട ഭൂമിയെ വാർത്തെടുക്കാൻ ഒരു പുതിയ ലോകദർശനം ഉടലെടുക്കണമെന്ന് അദ്ധ്യാപകർ തിരിച്ചറിയണം.

അദ്ധ്യാപകർ നമ്മുടെ സംസ്കാരത്തിന്റെ രക്ഷിതാക്കൾ ആകുന്നു. അദ്ധ്യാപകർ സ്വന്തം രാഷ്ട്രത്തെ ഒരു വീടായി മാത്രം കണ്ടാൽ പോരാ അവർ. വിശാലമായ അർത്ഥത്തിൽ ഈ വിസ്തൃ

തമായ പ്രപഞ്ചത്തെക്കുറിച്ച് അവർ ബോധവാന്മാരായിരിക്കണം. അദ്ധ്യാപകന്റെ കർത്തവ്യം കൃത്യമായി നിർവ്വഹിക്കണമെന്നുണ്ടെങ്കിൽ ബുദ്ധിപരമായ സ്വാതന്ത്ര്യബോധം ഒഴിച്ചു കൂടാത്തതാണ്. ഗുരു പിതാവിന്റെയും വിദ്യാലയം കുടുംബത്തിന്റെയും തുടർച്ചയാകണം. ഡോ. കോത്താരി വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് ആരംഭിക്കുന്നത് ഇങ്ങനെയാണ്. “ഭാരതത്തിന്റെ ഭാവി അതിന്റെ ക്ലാസ്സ് മുറികളിലാണ്” (The destiny of India is being shaped in our class rooms). അദ്ധ്യാപകർ ക്ലാസ്സ് മുറികളിലെ കുട്ടികളെ മാത്രമല്ല പുറത്തെ സമൂഹത്തെയും രൂപപ്പെടുത്തുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തണം. വിദ്യാഭ്യാസ ചിന്തകനായ ഡോ. എസ്. രാധാകൃഷ്ണൻ അദ്ധ്യാപകരെ ഓർമ്മിപ്പിക്കുന്നതുപോലെ, “നമ്മുടെ നാട്ടിൽ ധാരാളം വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടെങ്കിലും സംസ്കാരത്തിന്റെ നിലവാരം അത്ര ഉയർന്നതല്ല. ഒരു കലാലയത്തിൽ കയറിക്കൂടുക എന്നത് വലിയ പ്രയാസമുള്ള കാര്യമല്ല. എന്നാൽ വിദ്യാസമ്പന്നനാകുക (Educated)എന്നത് വളരെ ബുദ്ധിമുട്ടുപിടിച്ച കാര്യമായിത്തീർന്നിരിക്കുന്നു. നാം വായിക്കുവാൻ പഠിപ്പിക്കുന്നു, പക്ഷെ ചിന്തിക്കുവാൻ പരിശീലിപ്പിക്കുന്നില്ല. അറിവുള്ളവർ സംസാരിക്കുന്നില്ല, ഭീരുക്കളായി കഴിയുന്നു. നമ്മുടെ സംസ്കാരത്തിന്റെ ആധികാരികതയുടെയും പാരമ്പര്യത്തിന്റെയും സ്ഥാനത്ത് ആൾക്കൂട്ടത്തിന്റെ താത്പര്യങ്ങളും ചിന്താഗതിയും സ്ഥലം പിടിച്ചിരിക്കുന്നു. ഒരു അദ്ധ്യാപകനെ അസ്വസ്ഥനാക്കേണ്ടത് ഇന്ത്യൻ സംസ്കൃതിക്കേറ്റ മുറിവുകളാണെന്ന് നാം തിരിച്ചറിയണം. അദ്ധ്യാപകരാകണം ഒരു രാഷ്ട്രത്തിന്റെ മികച്ച മനസ്സ് (Best Mind) എന്ന് നാം മറക്കരുത്.

ജി. കെ. ചെസ്റ്റർട്ടൺ എഴുതിയതുപോലെ, “ഏറ്റവും നിലവാരം കുറഞ്ഞതും മനുഷ്യത്വരഹിതവുമായ അവസ്ഥ വേരുകളില്ലാത്ത ഹൃദയം ഉള്ളതും ദേശസ്നേഹമില്ലാത്ത പൗരന്മാരാൽ നിറഞ്ഞതുമാണ്”. നമ്മുടെ യുവതലമുറ സ്ഥിരതാമസക്കാരായ അന്യഗ്രഹക്കാർ (Resident alien) ആയി നമ്മുടെ സംസ്കാരത്തിൽ ജീവിക്കുന്നു എന്നതാണ് അദ്ധ്യാപകരുടെ ഏറ്റവും വലിയ വെല്ലുവിളി. ഭാവിയിലേയ്ക്ക് വ്യാപിക്കുന്ന ധീരമായ അന്വേഷണമാണ് അദ്ധ്യാപകനു വേണ്ടത്. ഒരു സംസ്കാരത്തെ തീക്ഷ്ണതയോടെ

പ്രകാശിപ്പിക്കുന്നവർ അദ്ധ്യാപകരാണ്. ബനാറസ് ഹിന്ദു സർവ്വകലാശാലയുടെ സ്ഥാപകനായ മദൻ മോഹൻ മാളവിയ സൂചിപ്പിക്കുന്നതുപോലെ, "വിദ്യാർത്ഥിയുടെ മനസ്സിനെ രൂപപ്പെടുത്തുന്നത് പ്രധാനമായും അദ്ധ്യാപകരാണ്. ദേശസ്നേഹവും അർപ്പണബോധവുമുള്ള അദ്ധ്യാപകൻ രാഷ്ട്രത്തെയും മതത്തെയും സമുദായത്തെയും ദേശീയതയിൽ കോർത്തിണക്കുന്നു". അദ്ധ്യാപനം ഏറ്റവും കുലീനമായ പ്രൊഫഷനാണ്. അത് സ്വഭാവത്തെയും, കഴിവിനെയും, ഒരു വ്യക്തിയുടെ ഭാവിയെയും വാർത്തെടുക്കുന്നു. "ആളുകൾ എന്നെ ഒരു നല്ല അദ്ധ്യാപകനായി ഓർത്തിരിക്കുന്നുവെങ്കിൽ അതായിരിക്കും എനിക്കു ലഭിക്കുന്ന ഏറ്റവും വലിയ ആദരവ്" എന്ന എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകൾ ഭാരതത്തിലെ ഒരോ അദ്ധ്യാപകന്റെയും സ്വപ്നമായി മാറണം. ക്ലാസ് മുറികളിൽ കുട്ടികൾക്കായി ജീവിതം മാറ്റി വയ്ക്കുന്ന ഓരോ അദ്ധ്യാപകനും ഭാരതത്തിന്റെ അഭിമാനമാണ്. ജീവിതത്തിൽ ഉയരത്തിലെത്താൻ കൈകൾ കൊടുക്കുന്ന ഗുരുക്കൻമാരെ നമുക്ക് മറക്കാതിരിക്കാം.

---

NB: ഈ ലേഖനം 2019 സെപ്തംബർ മാസത്തിലെ ദീപിക പത്രത്തിൽ പ്രസിദ്ധീകരിച്ചതാണ്.

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Thottumkal Thomas | October 9 |
| Thudiamplackal Kuruvila | 10 |
| Thiruthel Sebastian | 11 |
| Thuruthippallil Mathew | 12 |
| Thuruthiyil Abraham | 13 |
| Vadakara Joseph | 14 |
| Vadakkekara Michael | 15 |
| Vadakkekutt Joseph | 16 |
| Vadakkel Cyriac | 17 |
| Vadakkel Jacob | 18 |
| Vadakkel Thomas | 19 |
| Vadakkemangalath Joseph | 20 |
| Vadakkenellikattil Joseph | 21 |
| Vadakkethakidiyel Kuriakose | 22 |
| Vadakkethottiyil George | 23 |
| Valayampallil Mathew | 24 |
| Valiyamangalam Kurian | 25 |
| Valiaveettil Thomas | 26 |
| Valiyaveettil kalppura Sebastian | 27 |
| Vallompurayidathil Jose | 28 |
| Valummel Thomas | 29 |
| Vanchipurackal George | 30 |
| Vanchipurackal Joseph | 31 |
| Varakukalaparampil George | November 1 |
| Varickamackal Kurian | 2 |
| Varickamackal Augustine | 3 |
| Varickamackal Emmanuel | 4 |
| Vattamukalel Kuriakose | 5 |
| Vattappalam Devasiachan | 6 |
| Vattappalam Michael | 7 |
| Vattappillil Joseph | 8 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടം സന്ദർശിച്ച വിശിഷ്ട വ്യക്തികൾ**

മാർ ജോസഫ് കല്ലറങ്ങാട്ട്
മാർ ജോയി ആലപ്പാട്ട് (ചിക്കാഗോ രൂപത സഹായമെത്രാൻ)
മാർ ജോസഫ് ചരണംകുന്നേൽ (ജഗദൽപൂർ രൂപത മുൻ ബിഷപ്പ്)
മാർ ജെയിംസ് അത്തിക്കളം (സാഗർ രൂപത ബിഷപ്പ്)

**2. ശനിയാഴ്ചകളിലെ വി. കുർബാനകൾ**

ശനിയാഴ്ച വൈകുന്നേരം 5 മണിക്കുള്ള ആഘോഷമായ വി. കുർബാനയ്ക്കും ജപമാലമെഴുകുതിരി പ്രദക്ഷിണത്തിനും നേതൃത്വം നൽകിയവർ.

ഫാ. ജോസഫ് പുരയിടത്തിൽ
ഫാ. ജോർജ് അമ്പഴത്തുങ്കൽ
ഫാ. സ്കറിയ മലമാക്കൽ
ഫാ. കുര്യാക്കോസ് വട്ടമുകളേൽ

**3. ഡീക്കൻ ശുശ്രൂഷ**

റോമിൽ പഠനത്തിലായിരിക്കെ അവധിക്കു വന്ന സബ് ഡീക്കൻ ജോസഫ് മണർകാട്ട് ഒരു മാസക്കാലം തീർത്ഥാടന കേന്ദ്രത്തിൽ ശുശ്രൂഷ ചെയ്തു.

**4. രോഗീദിന പ്രാർത്ഥന**

രണ്ടാം വെള്ളിയാഴ്ചകളിൽ നടത്തിവരുന്ന രോഗീദിനത്തിൽ ഫാ. മൈക്കിൾ ഔസേപ്പറമ്പിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. സബ് ഡീക്കൻ ജോസഫ് മണർകാട്ട് ആരാധന നയിച്ചു.

**5. ബാച്ച് സമ്മേളനം**

വടവാതൂർ സെമിനാരിയിലെ 1978 ഫിലോസഫി ബാച്ചും 1981 തിയോളജി ബാച്ചും വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ബാച്ച് സമ്മേളനം നടത്തി ബലിയർപ്പിച്ചു. മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോയി ആലപ്പാട്ട് എന്നിവർ പങ്കെടുത്തു.

**6. രാത്രി ആരാധന**

പാലാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ രാത്രി ആരാധനയ്ക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം നൽകി. ഫാ. സാജു ഇലഞ്ഞിയിൽ വചനസന്ദേശം നൽകി.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. പാലാ രൂപത കലോത്സവം**

2019-20 വർഷത്തെ പാലാ രൂപത കലോത്സവം 2019 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 8.45 മുതൽ ചേർപ്പുങ്കൽ ഹോളിക്രോസ് എച്ച്.എസ്.എസിൽ വച്ച് നടത്തപ്പെടുന്നതാണ്.

**2. സി.റ്റി.പി. കോഴ്സ്**

വിശ്വാസപരിശീലകർക്കുവേണ്ടി നടത്തപ്പെടുന്ന സി.റ്റി.പി കോഴ്സിന്റെ സെപ്റ്റംബർ മാസത്തെ ക്ലാസുകൾ സെപ്റ്റംബർ 9,10,13,14,21 ദിവസങ്ങളിൽ നടന്നു. ഒക്ടോബർ മാസത്തിലെ ക്ലാസുകൾ:

ഒക്ടോബർ 2 : Moral Theology
ഒക്ടോബർ 7 : Sacraments I
ഒക്ടോബർ 8 : Sacraments II

**3. ഒന്നാം ടേം പരീക്ഷ**

2019-20 അദ്ധ്യയന വർഷത്തെ ഒന്നാം ടേം വിശ്വാസപരിശീലനപരീക്ഷ 2019 ഒക്ടോബർ 20 ഞായറാഴ്ച നടക്കും. I-VII വരെ ക്ലാസുകൾക്ക് രാവിലെ 11 മുതൽ 1 മണി വരെയും VIII-XII വരെയുള്ള ക്ലാസുകൾക്ക് ഉച്ചകഴിഞ്ഞ് 2 മുതൽ 4 മണി വരെയുമായിരിക്കും പരീക്ഷ. പരീക്ഷയുടെ ചോദ്യക്കടലാസുകൾ 19-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണി വരെ വിശ്വാസപരിശീലനകേന്ദ്രത്തിൽ വിതരണം ചെയ്യുന്നതായിരിക്കും.

**4. വിചിന്തന ക്യാമ്പ്**

പത്താം ക്ലാസ് കുട്ടികൾ നിർബന്ധമായും പങ്കെടുത്തിരിക്കേണ്ട വിചിന്തന ക്യാമ്പിന്റെ ഈ വർഷത്തെ അവസാനത്തെ ക്യാമ്പ് 2019 ഒക്ടോബർ 26 ശനിയാഴ്ച രാവിലെ 8.30 മുതൽ 4 മണി വരെ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടക്കുന്നതായിരിക്കും.

**5. സ്കൂൾ വിശ്വാസപരിശീലന വാർഷികം**

സ്കൂളുകളിൽ നടത്തപ്പെടുന്ന സന്മാർഗ-വിശ്വാസപരിശീലനത്തിന്റെ വാർഷികം സെപ്റ്റംബർ 7-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ ഭര

ണങ്ങാനം സേക്രഡ് ഹാർട്ട് സ്കൂളിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയും, സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സമ്മേളനത്തിനു സ്വാഗതം ആശംസിച്ചു.

**6. വൊക്കേഷൻ പ്രോമോട്ടേഴ്സ് സമ്മേളനം**

പാലാ രൂപതയ്ക്കുള്ളിലുള്ള എല്ലാ വൈദിക സന്യസ്ത സമൂഹങ്ങളിലെ വൊക്കേഷൻ പ്രോമോട്ടർമാരുടെ സമ്മേളനം 2019 സെപ്റ്റംബർ 21-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. കുട്ടികളുടെ പരിശീലനം.**

നെന്നല മദർ തെരേസാ ബോയ്സ് ഹോമിലെയും, മൈലാരം സെന്റ് ജോസഫ് ട്യൂഷൻ സെന്ററിലെയും കുട്ടികൾക്കുള്ള വേദപാഠ പരിശീലന ക്ലാസ്സുകൾ നടന്നു. ബഹു. ആന്റണി വാഴയിൽ അച്ചന്റെയും സി.സെലിൻ FDSHJ യുടെയും നേതൃത്വത്തിൽ ഓഡിയോ, വിഷ്വൽ സൗകര്യങ്ങളുടെ സഹായത്തോടെയാണ് ക്ലാസ്സുകൾ നടക്കുന്നത്. കുട്ടികൾക്ക് കത്തോലിക്കാ വിശ്വാസം പകർന്നു കൊടുക്കുന്നതിനുള്ള നമ്മുടെ മിഷന്റെ ഒരു എളിയ ശ്രമമാണിത്. എല്ലാ ഞായറാഴ്ചകളിലും ക്ലാസ്സുകൾ തുടരുവാനും തീരുമാനിച്ചു.

**2. പുതിയ വിദ്യാഭ്യാസ സഹായ പദ്ധതി.**

പാലാ രൂപതാ PSWS ന്റെ സഹായത്തോടെ അദിലാബാദ് പാലാ മിഷനിലെ കുട്ടികൾക്കായി പുതിയൊരു വിദ്യാഭ്യാസ സഹായ പദ്ധതി രൂപീകരിച്ചു. +2 മുതൽ ഉന്നത വിദ്യാഭ്യാസം നടത്തുന്ന 25 കുട്ടികൾക്കാണ് ഇതിൽ നിന്ന് സഹായം ലഭിക്കുക. പാലാ മിഷന്റെ വിവിധ ഗ്രാമങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 25 വിദ്യാർത്ഥികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. നിശ്ചിത സമയങ്ങളിൽ വിദ്യാർത്ഥികളുടെ ആവശ്യം അനുസരിച്ചാണ് ഇവർക്ക് സഹായങ്ങൾ പ്രദാനം ചെയ്യുന്നത്. ക്രമീകരണങ്ങൾ ചെയ്തു തന്ന് സഹായിക്കുന്ന ബഹു. മാത്യു പുല്ലുകാലായിൽ അച്ചന് പാലാ മിഷന്റെ നന്ദി അറിയിക്കുന്നു.

**3. ഹോം പാലാ മിഷൻ അദിലാബാദിലും.**

നിർദ്ധനർക്കും ഭവനരഹിതർക്കുമായി പാലാ രൂപത ആരംഭിച്ച ഹോം പാലാ മിഷന്റെ പ്രവർത്തനങ്ങൾ ആദിലാബാദ് മിഷനിലേക്കും വ്യാപിപ്പിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി പാലാ മിഷനിലെ നെന്നല ഗ്രാമത്തിൽ

ശ്രീ മദ്നയ്യായുടെയും ശ്രീ. ആർ ശങ്കറിന്റെയും കുടുംബങ്ങൾക്ക് Rs. 30000.00 വീതം മൊത്തം Rs. 60000.00 സഹായം നൽകി. അവരുടെ ഭവനങ്ങളുടെ അറ്റകുറ്റപണികൾ നടത്തി അവ വാസയോഗ്യമാക്കി.

**4. വയോജന ദിനവും രോഗീദിനവും ആചരിച്ചു**

അദിലാബാദ് രൂപതയുടെ അജപാലന നിർദ്ദേശങ്ങളിൽ ഒന്നായിരുന്നു രോഗികൾക്കും വൃദ്ധർക്കും വേണ്ടി ഒരു ഞായറാഴ്ച മാറ്റിവയ്ക്കുകയെന്നത്. അതനുസരിച്ച് പാലാ മിഷന്റെ കേന്ദ്രങ്ങളിലെല്ലാം വൃദ്ധർക്കും രോഗികൾക്കും വേണ്ടിയുള്ള ദിനം ആചരിച്ചു. വൃദ്ധരെയും രോഗികളെയും അതാതു സ്ഥലത്തെ ദേവാലയങ്ങളിൽ ഒരുമിച്ചുകൂട്ടി. അവർക്കു വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തി. അവർക്ക് മധുരപലഹാരങ്ങളും സമ്മാനങ്ങളും നൽകി അവരെ ആദരിക്കുകയും ചെയ്തു. എല്ലാവരും ദൈവകാരുണ്യം പങ്കുവച്ച് അനുഭവിച്ച സുന്ദരദിനമായിരുന്നു ആ ദിവസം. ഒരോ മിഷൻ കേന്ദ്രങ്ങളിലെയും വൈദികരുടെയും സമർപ്പിതരുടെയും നേതൃത്വത്തിലാണ് ആ ദിനത്തെ ക്രമീകരണങ്ങൾ നടന്നത്.

**5. വൈദികരുടെ വാർഷിക ധ്യാനം**

പാലായിൽ നടക്കുന്ന വാർഷിക ധ്യാനത്തിൽ പങ്കെടുത്തു. മിഷനിൽ സേവനം ചെയ്യുന്ന വൈദികർ വാർഷിക ധ്യാനത്തിൽ പങ്കെടുത്ത് ആത്മാവിലും ചൈതന്യത്തിലും നിറഞ്ഞ് കൂടുതൽ ഉണർവോടെ ഈശോയ്ക്കു വേണ്ടി ജോലി ചെയ്യാൻ അനുഗ്രഹം ലഭിക്കട്ടെ.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. വി.കുരിശിന്റെ പുകഴ്ചയുടെ തിരുന്നാൾ ആഘോഷിച്ചു**

സെപ്തംബർ 14 വി.കുരിശിന്റെ പുകഴ്ചയുടെ തിരുന്നാൾ Gujarat region നിലെ സീറോ മലബാർ ദേവാലയങ്ങളിൽ ആഘോഷിച്ചു. അന്നേ ദിവസം ദേവാലയങ്ങളിൽ ആഘോഷമായ പരി. കുർബാന അർപ്പണം നടത്തുകയും പരി. കുർബാനമധ്യേ സ്ലീവാചുംബനം നടത്തുകയും തിരുനാൾദിനസന്ദേശം നല്കുകയും ചെയ്തു.

**2. അച്ചൻമാരുടെ വാർഷിക ധ്യാനം നടത്തപ്പെട്ടു**

ഷംഷാബാദ് രൂപതയിലെ 2019-ലെ വാർഷിക ധ്യാനം സെപ്തംബർ 16 തിങ്കൾ 4 മണി മുതൽ സെപ്തംബർ 20 വെള്ളിയാഴ്ച 1 മണി വരെ ഹൈദ്രാബാദിലുള്ള ഹോളി സ്പിരിറ്റ് ഫാദേഴ്സിന്റെ പ്രൊവിൻഷ്യാൾ ഹൗസിൽ വച്ച് നടത്തപ്പെട്ടു. വാർഷിക ധ്യാനത്തിൽ ഷംഷാബാദ് രൂപതയിലെ വൈദികരും, രൂപതക്കുള്ളിൽ ശുശ്രൂഷ ചെയ്യുന്ന മറ്റ് 36 ബഹുമാനപ്പെട്ട വൈദികരും പങ്കെടുത്തു. ഷംഷാബാദ് രൂപതാ അദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ ധ്യാന ചിന്തകൾ പങ്കുവച്ചു.

**3. ഏട്ടുനോമ്പും പരിശുദ്ധ കന്യാമാതാവിന്റെ പിറവിത്തിരുന്നാളും ആഘോഷിച്ചു**

ഗുജറാത്ത് റീജിയനിലെ വിവിധ ദേവാലയങ്ങളിൽ പരിശുദ്ധ കന്യാമാതാവിന്റെ പിറവിത്തിരുന്നാളിനൊരുക്കമായി ഏട്ടുനോമ്പ് ആചരിക്കുകയും, ആഘോഷമായ തിരുനാൾ നടത്തുകയും ചെയ്തു. തൽത്തേജ് ഇടവകയിലും ബാപ്പുനഗർ വേളാംകണ്ണി മാതാ ദേവാലയത്തിലും ഇടവക ത്തിരുനാളായി മാതാവിന്റെ ജനനത്തിരുന്നാൾ 8 ദിവസത്തെ നോവേനയോടുകൂടി നടത്തപ്പെട്ടു. ബാപ്പുനഗർ ഇടവകയിൽ പ്രധാന തിരുന്നാൾ ദിനത്തിൽ അഹമ്മ ദാബാദ് രൂപതാ അദ്ധ്യക്ഷൻ Mar Athanasius Rethna Swamy Swamiadian തിരുന്നാൾ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**4. കോഗറാള വില്ലേജ് വിസിറ്റ് നടത്തി.**

രാജ്ക്കോട്ട് ഡസ്ട്രിക്റ്റിലെ കോഗറാള എന്ന സ്ഥലത്ത് സെന്റ് മർത്താസ് സിസ്റ്റേഴ്സ് നടത്തി വരുന്ന ഡിസ്പെൻസറിയും ഹോളും സന്ദർശിക്കുകയും. തുടർന്ന് മഠത്തിനടത്തുള്ള ചെറുഗ്രാമം സന്ദർശിക്കുകയും അവരുടെ കുലത്തോഴിലായ വസ്ത്രനെയ്ത്ത് നേരിൽ കണ്ടു മനസ്സിലാക്കുകയും ചെയ്തു. ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് നടത്തി വരുന്ന മിഷ്യൻ പ്രവർത്തനങ്ങളെ അനുമോദിക്കുകയും ചെയ്തു. ഗുജറാത്ത് വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന വിസിറ്റിൽ ഫാ. ജേക്കബ് വെള്ള മരുതുങ്കൽ, ഫാ. മാത്യു വെങ്ങാലൂർ, ഫാ. മൈക്കിൾ തോട്ടുങ്കൽ തുടങ്ങിയവരും പങ്കെടുത്തു.

**5. രാജ്ക്കോട്ട് രൂപതാ സന്ദർശിച്ചു**

ഗുജറാത്തിലെ ആദ്യകാല സീറോ മലബാർ രൂപതയായ രാജ്ക്കോട്ട് രൂപത ഗുജറാത്ത് വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. മാത്യു വെങ്ങാലൂർ, ഫാ. മൈക്കിൾ തോട്ടുങ്കൽ തുടങ്ങിയവർ ചേർന്ന് സന്ദർശിച്ചു. തുടർന്ന് രൂപതയിലെ വിവിധ കേന്ദ്രങ്ങളും, സ്കൂളുകളും, കോളേജുകളും, ഹോസ്പിറ്റലുകളും സന്ദർശിക്കുകയും മിഷൻ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു. രാജ്ക്കോട്ട് രൂപതാ മുൻ അദ്ധ്യക്ഷനും പാലാ രൂപതാ ചെമ്മലമറ്റം ഇടവകാം ഗവുമായ ബിഷപ്പ് എമിരിത്തൂസ് മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ സി.എം.ഐ. പിതാവുമൊത്ത് സംസാരിക്കുകയും ചെയ്തു.

**ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചൻ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**1. എക്സിക്യൂട്ടീവ്**

സംഘടനയുടെ എക്സിക്യൂട്ടീവ് യോഗം 2019 ആഗസ്റ്റ് 28-ാം തീയതി ബുധ നാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡയറക്ടർ ഫാ. സെബാ

സ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ടു അവതരിപ്പിച്ചു.

**2. ജീവദർശൻ കോഴ്സ്**

രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജീവദർശൻ കോഴ്സ് പൂർത്തിയായി. അവസാനത്തെ ക്ലാസ് സെപ്റ്റംബർ 9-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ നടന്നു. വിജയകരമായി കോഴ്സ് പൂർത്തിയാക്കിയവർക്ക് റവ. ഫാ. ജോസഫ് കുറ്റിയാങ്കൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, പ്രസിഡന്റ് ജസ്റ്റിൻ വയലിൽ, സെക്രട്ടറി മനു ചെറുകാട്ടിൽ തുടങ്ങിയവർ സംസാരിച്ചു.

**3. സീനിയേഴ്സ് ക്യാമ്പ്**

ശാഖാ ഭാരവാഹികളായ സീനിയർ വിഭാഗം മിഷൻലീഗ് അംഗങ്ങൾക്കായുള്ള നേതൃത്വപരിശീലന ക്യാമ്പ് 2019 സെപ്റ്റംബർ 9,10 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ നടന്നു. രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ക്യാമ്പ് സന്ദർശിച്ച് കുട്ടികളോടു സംസാരിച്ചു. ശ്രീ. ടോം ജോസ് കളപ്പുരയ്ക്കൽ, റവ. ഡോ. ജോസഫ് കടുപ്പിൽ, ശ്രീ. സെബിൻ ജോസ് പുളിയ്ക്കക്കുന്നേൽ, ശ്രീ. ബെന്നി മുത്തനാട്ട് എന്നിവർ ക്ലാസുകൾ നയിച്ചു. ആൽബിൻ തോമസ് തറപ്പിൽ, (രത്നഗിരി), ക്രിസ്റ്റി സെബാസ്റ്റ്യൻ പുല്ലാപ്പള്ളിയിൽ (കോതനല്ലൂർ) എന്നിവർ ബെസ്റ്റ് ക്യാമ്പേഴ്സായി തെരഞ്ഞെടുക്കപ്പെട്ടു. ക്യാമ്പിന് രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

**4. സംസ്ഥാന മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന മാനേജിംഗ് കമ്മിറ്റി 2019 സെപ്റ്റംബർ 14-ാം തീയതി ശനിയാഴ്ച ആർപ്പൂക്കര ചെറുപുഷ്പം ദേവാലയത്തിൽ വച്ച് നടന്നു. മാനേജിംഗ് കമ്മിറ്റിയിലും, റവ.ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണത്തിലും രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**5. അനുസ്മരണവും മാനേജിംഗ് കമ്മിറ്റിയും**

ചെറുപുഷ്പ മിഷൻലീഗ്, പാലാ രൂപത മാനേജിംഗ് കമ്മിറ്റിയും റവ.ഫാ. ജോസഫ് മാലിപ്പറമ്പിൽ, റവ.ഫാ. അബ്രാഹം ഈറ്റയ്ക്കക്കുന്നേൽ എന്നിവരുടെ അനുസ്മരണവും 2019 സെപ്റ്റംബർ 20-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ നടന്നു. വൈകുന്നേരം 6 മണിക്ക് വി. അൽഫോൻസാ ചാപ്പലിൽ വി. കുർബാനയും തുടർന്ന് മാതൃഭവനിൽ വി. കുർബാനയിലും മാനേജിംഗ് കമ്മിറ്റിയിലും രൂപതാ സമിതി അംഗങ്ങൾ, മേഖലാ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

**6. സംസ്ഥാന രചനാമത്സരം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനതല രചനാമത്സരങ്ങൾ 2019 സെപ്റ്റംബർ 21-ാം തീയതി ശനിയാഴ്ച രാവിലെ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. രൂപതാതല മത്സരങ്ങളിലെ വിജയികൾ സംസ്ഥാന രചനാമത്സരത്തിൽ പങ്കെടുത്തു.

**7. പ്രേഷിത മാസാചരണം**

2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്ന വിവിധ പ്രോഗ്രാമുകൾ ശാഖാ -മേഖലാ തലങ്ങളിൽ ഒക്ടോബർ മാസത്തിൽ ക്രമീകരിക്കേണ്ടതാണ്.

**8. കുഞ്ഞേട്ടൻ അനുസ്മരണം**

സംസ്ഥാന സമിതിയും രൂപതാസമിതിയും സംയുക്തമായി മിഷൻലീഗ് സ്ഥാപക നേതാവ് പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ (കുഞ്ഞേട്ടൻ) 10-ാം ചരമവാർഷികവും അനുസ്മരണവും 2019 ഒക്ടോബർ 8-ാം തീയതി ചൊവ്വാഴ്ച ചെമ്മലമറ്റം ശാഖയിൽ വച്ച് നടത്തും. രാവിലെ 9.30 ന് വി. കുർബാനയും കബറിടത്തിങ്കൽ ഒപ്പീസും തുടർന്ന് അനുസ്മരണസമ്മേളനവും ഉണ്ടായിരിക്കും. ശാഖകളിൽനിന്നും സാധിക്കുന്നിടത്തോളം മിഷൻലീഗ് അംഗങ്ങളെ പങ്കെടുപ്പിക്കേണ്ടതാണ്. പങ്കെടുക്കുന്ന എല്ലാവർക്കും ഉച്ചഭക്ഷണം നൽകുന്നതാണ്.

**9. മേഖലാ കലോത്സവങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് മേഖലാ കലോത്സവങ്ങൾ സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിലായി വിവിധ മേഖലാ കേന്ദ്രങ്ങളിൽ നടക്കും. അരുവിത്തുറ, പൂഞ്ഞാർ, തുടങ്ങനാട് മേഖലകളിൽ സെപ്റ്റംബർ 21-ന് കലോത്സവം നടന്നു. ഭരണങ്ങാനം, ചേർപ്പുങ്കൽ, ഇലഞ്ഞി, കടനാട്, കൂട്ടിക്കൽ, കോതനല്ലൂർ, കുറവിലങ്ങാട്, മുട്ടുചിറ, പ്രവിത്താനം, രാമപുരം, തീക്കോയി, മൂലമറ്റം മേഖലകളിൽ ഒക്ടോബർ 2-നും കടുത്തുരുത്തി മേഖലയിൽ ഒക്ടോബർ 7-നും കലോത്സവങ്ങൾ നടക്കും.

**10. രൂപതാ കലോത്സവം**

പാലാ രൂപത കലോത്സവം 2019 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച ചേർപ്പുങ്കൽ ഹോളിക്രോസ് ഹയർസെക്കണ്ടറി സ്കൂളിൽ വച്ച് നടക്കും.

**മേഖലാ വാർത്തകൾ**

**1. ചേർപ്പുങ്കൽ മേഖല**

മേഖലയിലെ ശാഖകളിലെ അൾത്താരബാലന്മാരുടെ സംഗമം 2019 സെപ്റ്റംബർ 7-ാം തീയതി ശനിയാഴ്ച ചേർപ്പുങ്കൽ ഹോളിക്രോസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടന്നു.

**2. കോതനല്ലൂർ മേഖല**

മേഖലാ സീനിയേഴ്സ് ക്യാമ്പ് 2019 സെപ്റ്റംബർ 9,10 തീയതികളിൽ കോതനല്ലൂർ ശാഖയിൽ വച്ച് നടന്നു.

**3. മുട്ടുചിറ മേഖല**

മുട്ടുചിറ മേഖലാ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ വിശ്വാസപരിശീലകരുടെ സംഗമം ആഗസ്റ്റ് 18-ാം തീയതി നടത്തി. മലപ്പുറം ശാഖയിൽ വച്ച് നടത്തിയ സംഗമത്തിൽ റവ. ഡോ. ജോസഫ് കടുപ്പിൽ സെമിനാർ നയിച്ചു. മേഖലാ

സമിതിയുടെ നേതൃത്വത്തിൽ 25 ഉം, അതിലധികവും വർഷം സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ ആദരിച്ചു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**1. അൽഫോൻസാ കളറിംഗ്**

അൽഫോൻസാ കളറിംഗ് രൂപതാതല മത്സരം സെപ്റ്റംബർ 19 വ്യാഴാഴ്ച 2 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. മത്സരത്തിൽ എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളിൽ നിന്നായി 200 ഓളം കുട്ടികൾ പങ്കെടുത്തു. 4 മണിക്ക് മത്സരം സമാപിച്ചു.

**2. സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ്**

സെപ്റ്റംബർ 21 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് യോഗം ചേർന്നു. ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ അദ്ധ്യക്ഷനായ യോഗത്തിൽ രൂപത കെ.സി.എസ്.എൽ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയും ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. യോഗത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും സന്നിഹിതരാവുകയും അവരുടെ വിലയേറിയ നിർദ്ദേശങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച മീറ്റിംഗ് 4. 30 ന് സമാപിച്ചു.

**3. ഫോട്ടോ ആൽബം മത്സരം**

'മഴ' എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾക്കായി സ്കൂൾ തലത്തിൽ ഫോട്ടോ ആൽബം മത്സരം നടത്തപ്പെട്ടു. യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങൾ തിരിച്ച് നടത്തിയ മത്സരത്തിൽ നിരവധി കുട്ടികൾ പങ്കെടുത്തു.

**4. വിഷിംഗ് കാർഡ് നിർമ്മാണ മത്സരം**

സെപ്റ്റംബർ 5-ന് ടീച്ചേഴ്സ് ഡേയോടനുബന്ധിച്ച് സ്കൂൾ തലത്തിൽ 'ടീച്ചേഴ്സ് വിഷിംഗ്' കാർഡ് മത്സരം നടത്തുകയുണ്ടായി. മത്സരത്തിൽ നിരവധി കുട്ടികൾ പങ്കെടുത്തു.

**5. ലേഖനമത്സരം**

'വിശുദ്ധിവിരിയുന്ന കൗമാരം' എന്ന വിഷയത്തെ ആസ്പദമാക്കി ടീച്ചേഴ്സിനായി ലേഖനമത്സരം സംഘടിപ്പിച്ചു. എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങൾ വേർതിരിവില്ലാതെയാണ് ലേഖനമത്സരം സംഘടിപ്പിച്ചത്.

**6. രൂപതാതല സാഹിത്യരചനാമത്സരം**

കെ.സി.എസ്.എൽ ന്റെ ഈ വർഷത്തെ രൂപതാതല സാഹിത്യരചനാമത്സരങ്ങൾ സെപ്റ്റംബർ 28 ന് രാവിലെ 10 മണിക്ക് പാലാ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. കഥ, കവിത, ഉപന്യാസം,

ചിത്രരചന, ബൈബിൾ നോളഡ്ജ് ക്വിസ്, കെ.സി.എസ്.എൽ ക്വിസ്, സ്കോളർഷിപ്പ് എന്നീ മത്സരങ്ങളാണ് നടത്തിയത്. നൂറിൽപരം സ്കൂളുകളിൽ നിന്നായി ആയിരത്തിൽപരം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ, പ്രസിഡന്റ് സാലി കെ.ജെ, ജനറൽ ഓർഗനൈസർ സോജൻ കെ. ജെ, ബ്രദർ നെവിൻ നങ്ങാപറമ്പിൽ, മറ്റ് എക്സിക്യൂട്ടീവംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി. ഉച്ചയോടുകൂടി രചനാമത്സരങ്ങൾ അവസാനിച്ചു. അന്നേദിവസം ഉച്ചകഴിഞ്ഞ് 1 മണിമുതൽ 4 മണിവരെ കൈയെഴുത്ത് മാസിക മത്സരം നടത്തുകയുണ്ടായി.

**ഫാ. ജോർജ് വരകുകാലാപറമ്പിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം.

**1. ഫുട്ബോൾ ടൂർണമെന്റ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 28 വ്യാഴാഴ്ച പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ വച്ചു നടത്തപ്പെട്ട ബിഷപ്പ് വയലിൽ മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റിൽ രാമപുരം മേഖല - രാമപുരം യൂണിറ്റ് ഒന്നാംസ്ഥാനവും മുട്ടുചിറ മേഖല-കാഞ്ഞിരത്താനം യൂണിറ്റ് രണ്ടാംസ്ഥാനവും നേടി. ബെസ്റ്റ് പ്ലെയറായി ജോയൽ ലൂക്കായും ബെസ്റ്റ് ഗോൾ കീപ്പറായി ക്രിസ്റ്റിയും ടോപ്പ് സ്കോററായി നിധിനും തിരഞ്ഞെടുക്കപ്പെട്ടു. കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ വെരി റവ. ഫാ. സ്റ്റീഫൻ ചാലക്കര സമ്മാനദാനം നിർവ്വഹിച്ചു. വികാരി ജനറാൾ വെരി റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

**2. നസ്രാണി മഹാസംഗമം**

സെപ്റ്റംബർ 1 ന് കുറവിലങ്ങാട് നടന്ന നസ്രാണി മഹാസംഗമത്തിൽ എസ്.എം.വൈ.എം. പാലാ രൂപതയെ പ്രതിനിധീകരിച്ച് നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

**3. രൂപത കോർ എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഒക്ടോബർ 2-ന് നടക്കാനിരിക്കുന്ന മുൻകാല നേതാക്കളുടെ സമ്മേളനം, യൂത്ത് ബാച്ച് വൈസ് ലിസ്റ്റ് രൂപീകരണം, യൂത്ത് കോൺക്ലേവുകൾ എന്നിവയെപ്പറ്റി ചർച്ച ചെയ്യാൻ സെപ്റ്റംബർ മാസം 10-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് എസ്.എം.വൈ.എം. രൂപതാ ഓഫീസിൽ വച്ച് കോർ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു.

**4. ഓണാഘോഷം**

സെപ്തംബർ 7 ശനിയാഴ്ച വാക്കാട് യൂണിറ്റിൽ നടന്ന കുറവിലങ്ങാട് മേഖലയുടെ ഓണാഘോഷ പരിപാടികളിൽ രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ ആശംസയർപ്പിച്ചു. മേഖല ഡയറക്ടർ റവ. ഫാ. ജോർജ് നെല്ലിക്കൽ, യൂണിറ്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കടപ്ലാക്കൽ എന്നിവർ നേതൃത്വം നൽകി.

**5. മുൻ പ്രസിഡന്റുമാരുടെ ആലോചനായോഗം**

സെപ്റ്റംബർ 10 ചൊവ്വാഴ്ച വൈകിട്ട് 7 മണിക്ക് CYM, KCYM, SMYM, യുവജനപ്രസ്ഥാനങ്ങളുടെ പൂർവ്വകാല പ്രസിഡന്റുമാരുടെ യോഗം രൂപതാ ഓഫീസിൽ കൂടി. ഒക്ടോബർ 2-ന് നടക്കാനിരിക്കുന്ന മുൻകാലനേതാക്കളുടെ സമ്മേളനത്തിന്റെ കാര്യപരിപാടികൾ ചർച്ച ചെയ്തു.

**6. ഡബിൾസ് ബാഡ്മിന്റൺ ടൂർണമെന്റ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 12 വ്യാഴാഴ്ച രാമപുരത്തു നടത്തപ്പെട്ട പാറേമ്മാക്കൽ മാർത്തോമാ ഗോവർണ്ണദോർ മെമ്മോറിയൽ ഡബിൾസ് ബാഡ്മിന്റൺ ടൂർണമെന്റ് Battledore 2k19 ൽ രാമപുരം മേഖലയിലെ രാമപുരം യൂണിറ്റ് ഒന്നാംസ്ഥാനവും കടനാട് മേഖലയിലെ ജിയോവാലി യൂണിറ്റ് രണ്ടാംസ്ഥാനവും കരസ്ഥമാക്കി. ബെസ്റ്റ് പ്ലെയറായി രാമപുരം യൂണിറ്റിലെ ബിനു ജോസഫ് തിരഞ്ഞെടുക്കപ്പെട്ടു. മേഖലാ ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് ഇടത്തിനാൽ നേതൃത്വം നൽകി.

**7. യുവജനങ്ങൾക്ക് ക്ലാസ്**

1. കടനാട് ഇടവകയിൽ ഇടവകമദ്ധ്യസ്ഥനായ മാർ ആഗസ്തിനോസ് മൽപ്പാന്റെ ഓർമ്മത്തിരുനാളിനോടനുബന്ധിച്ച് നടന്ന യുവജനദിനത്തോടനുബന്ധിച്ച് സെപ്തംബർ 9 തിങ്കളാഴ്ച എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ യുവജനങ്ങൾക്കായി വി. കുർബാന അർപ്പിക്കുകയും തുടർന്ന് ക്ലാസ് നയിക്കുകയും ചെയ്തു.

2. സെപ്തംബർ 15 ഞായറാഴ്ച മോനിപ്പള്ളി ഇടവകയിൽ എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ യൂണിറ്റ് മീറ്റിംഗിൽ സംബന്ധിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് ചീനോത്തുപറമ്പിൽ മീറ്റിംഗിന് നേതൃത്വം നൽകി.

**8. മാർ സ്ലീവാ മെഡിസിറ്റി പാലാ, ചേർപ്പുങ്കൽ വെഞ്ചരിപ്പും സന്ദർശനവും**

പാലാ രൂപതയിലെ ഏകദേശം ആയിരത്തിലധികം യുവതീയുവാക്കൾ സെപ്തംബർ 22-ാം തീയതി ഞായറാഴ്ച ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റി സന്ദർശിച്ച് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. സെപ്തംബർ 14-ാം തീയതി വെഞ്ചരിപ്പ് കർമ്മത്തിൽ രൂപതാ സമിതിയിലെ പ്രമുഖർ പങ്കെടുത്തു. നിരവധി യുവതീയുവാക്കൾ വിവിധ ദിനങ്ങളിലായി ആശുപത്രി കെട്ടിടം സന്ദർശിച്ചു.

**9. പാലാ നസ്രാണി യൂത്ത് ഫോറം**

സെപ്തംബർ 14 ശനിയാഴ്ച വൈകിട്ട് 5.30 ന് എസ്.എം.വൈ.എം. രൂപതാ ഓഫീസിൽ വച്ച് പാലാ നസ്രാണി യൂത്ത് ഫോറത്തിന്റെ മാസയോഗം നടത്തപ്പെട്ടു.

**10. EWS (സുറിയാനി സമുദായത്തിനും സാമ്പത്തിക സംവരണം)**

തിരുവനന്തപുരത്ത് Economically Weaker Sections നുവേണ്ടി ഗവൺമെന്റുമായി നടത്തിയ ചർച്ചയിൽ രൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ

പഠനറിപ്പോർട്ട് സമർപ്പിച്ചു. പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ തോട്ടത്തിൽ, കൗൺസിലർ ശ്രീ. ആന്റോ പാമ്പാടത്ത് എന്നിവർ ടീമിൽ ഉണ്ടായിരുന്നു.

## നടക്കാനിരിക്കുന്നവ

**1. പൂർവ്വകാല നേതാക്കളുടെ സമ്മേളനം**

ഒക്ടോബർ 2 ബുധനാഴ്ച വൈകിട്ട് 5.30 ന് കിഴതടിയൂർ പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് പാലാ രൂപതയുടെ യുവജന പ്രസ്ഥാനങ്ങളായ യുവശക്തി, സി.വൈ.എം., കെ.സി.വൈ.എം., എസ്.എം.വൈ.എം. സംഘടനകളുടെ പൂർവ്വകാല നേതാക്കളുടെയും വൈ.എ.റ്റി.പി. ആദ്യത്തെയും അവസാനത്തെയും രണ്ട് ബാച്ചുകളുടെയും സമ്മേളനം നടത്തപ്പെടുന്നു.

**2. രൂപതാതല കായിക മത്സരങ്ങൾ**

നിധീരിക്കൽ മാണിക്കത്തനാർ മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് ഒക്ടോബർ 8-ാം തീയതി ചൊവ്വാഴ്ച കുറവിലങ്ങാട് മേഖലയുടെയും യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ കുറവിലങ്ങാട് വച്ച് നടത്തപ്പെടുന്നു.

**3. എപ്പാർക്കിയൽ യൂത്ത് കോൺക്ലേവുകൾ**

സൺഡേ സ്കൂൾ ബാച്ച് അടിസ്ഥാനത്തിൽ 15 വയസ്സുമുതൽ 30 വയസ്സുവരെയുള്ള യുവതീയുവാക്കളുടെ കോൺടാക്റ്റ് ലിസ്റ്റ് ശേഖരിക്കുന്നു. ഒരു മാസത്തിനുള്ളിൽ രൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. പ്ലസ്വൺ, പ്ലസ്ടുകാർക്കായി നവംബർ മാസം 8,9 തീയതികളിൽ അരുവിത്തുറ വച്ചും പ്ലസ്ടു കഴിഞ്ഞ മൂന്ന് ബാച്ചുകൾക്കായി (18,19,20 വയസ്സുകൾ) ഈ മാസം 11,12 തീയതികളിൽ മുട്ടുചിറ വച്ചും തുടർന്നുള്ള അഞ്ച് ബാച്ചുകൾക്കായി (21 മുതൽ 25 വരെ വയസ്സുകൾ) ഈ മാസം 6,7 തീയതികളിൽ മുളക്കുളത്തുവച്ചും 30 വയസ്സുവരെയുള്ള ബാക്കി ബാച്ചുകാർക്കായി ഡിസംബർ 13,14 തീയതികളിൽ കോതനല്ലൂരിൽ വച്ചും യൂത്ത് കോൺക്ലേവുകൾ നടത്തപ്പെടുന്നു. വൈകിട്ട് 6 മണിക്ക് തുടങ്ങി പിറ്റേന്ന് വൈകിട്ട് 4.30 ന് അവസാനിക്കാവുന്നതുപോലെയാണ് പ്രോഗ്രാം ക്രമീകരിക്കുന്നത്. മൈനോരിറ്റി സ്കോളർഷിപ്പുകൾ, മൈനോരിറ്റി ഇഷ്യൂസ്, സൺഡേ സ്കൂൾ റിവിഷൻ, ബൈബിൾ, കൂദാശകൾ, സമുദായബോധം, സോഷ്യൽമീഡിയായുടെ ഉപയോഗം, യുവാക്കൾക്കിടയിലെ കുറ്റകൃത്യങ്ങൾ, ലൗജിഹാദ് പോലുള്ള ആനുകാലിക വിഷയങ്ങൾ ടോപ്പിക്കുകൾ ആയിരിക്കും. നിർദ്ദിഷ്ട പ്രോഗ്രാമുകളിലേയ്ക്ക് എല്ലാ ഇടവകകളിലെയും ഓരോ ബാച്ചിലും നിന്ന് യുവതീയുവാക്കളെ പറഞ്ഞുവിടുവാൻ ബഹുമാനപ്പെട്ട അച്ചന്മാരും ആനിമേറ്റേഴ്സും ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**4. Faith Formation Followup Programme**

രണ്ടാം ശനിയാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2.30 ന് സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ ജനറലേറ്റിലും മൂന്നാം ശനിയാഴ്ചകളിൽ കുമ്മണ്ണൂർ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോമിലും Tripple F Programme നടന്നുവരുന്നു.

മുപ്പതോളം യുവജനങ്ങൾ പങ്കെടുക്കുന്നു. സുറിയാനി, സഭാചരിത്രം, സമുദായ ബോധം, കൂദാശകൾ, ബൈബിൾ എന്നിവയാണ് വിഷയങ്ങൾ.

**പ്രത്യേകം ശ്രദ്ധിക്കുക**

15 വയസുമുതൽ 30 വയസുവരെയുള്ള യുവതീയുവാക്കളുടെ സൺഡേ സ്കൂൾ പാസ്സായ വർഷം വച്ചുള്ള ബാച്ച്വൈസ് ലിസ്റ്റ് ശേഖരിക്കുന്നു. നവംബർ ഒന്നിനു മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കാൻ ഓർമ്മിക്കുമല്ലോ. ബാച്ചടിസ്ഥാനത്തിൽ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നിശ്ചിതഫോർമേഷൻ പ്രോഗ്രാമുകൾ നടത്തുന്നു. നിയമാവലിക്കു അനുസൃതമായി നവംബർ മാസത്തിൽ യൂണിറ്റ് ഇലക്ഷനും രജിസ്ട്രേഷനും നടത്താൻ പ്രത്യേകം ശ്രദ്ധിക്കണം. ഡിസംബർ മാസത്തിലാണ് മേഖല ഇലക്ഷൻ നടക്കേണ്ടത്.

**ഫാ. സിറിൽ തയ്യിൽ (ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. വോളണ്ടിയേഴ്സ് ട്രെയിനിംഗ്**

ഓണാവധിക്കു നടന്ന 'വെരിത്താസ്' ജീവിതദർശന നവീകരണപ്രോഗ്രാമിനു വേണ്ടി 100 യുവതീയുവാക്കളെ തിരഞ്ഞെടുത്ത് ഓഗസ്റ്റ് 31, സെപ്റ്റംബർ 1 തീയതികളിൽ പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതിയിൽ വച്ച് സമഗ്രമായ പരിശീലനം നൽകി. ഫാ. കുര്യൻ മറ്റം ആമുഖപ്രസംഗം നടത്തി. ജോസ് മാത്യു, സജി അറക്കുളം, ബിലാസ് ജോസ് എന്നിവർ ഓറിയന്റേഷൻ ക്ലാസ്സുകൾ നൽകി. ജിജോ കണിയാംപടി, വിവേക് റോയി, മെറിൻ ചൊവ്വാറ്റുകുന്നേൽ എന്നിവർ പ്രോഗ്രാമിനു നേതൃത്വം കൊടുത്തു.

**2. നവീകരണസെമിനാർ – ശാന്തി ഹോസ്റ്റൽ പാലാ**

ശാന്തി ഹോസ്റ്റലിലെ വിദ്യാർത്ഥിനികൾക്കുവേണ്ടി സെപ്റ്റംബർ 2-ന് ഒരു നവീകരണ സെമിനാർ നടന്നു. ഫാ. കുര്യൻ മറ്റം, ലിസി ഫെർണാണ്ടസ്, ആശിസ് ജോസ്, ആനിറ്റ് ജോസ് എന്നിവർ ക്ലാസുകൾ നയിച്ചു. സി. ജെയ്സി എസ്.എച്ച്., സി. ആൻ മാത്യു എസ്.എച്ച്. എന്നിവർ നേതൃത്വം നൽകി.

**3. ഒറിയന്റേഷൻ പ്രോഗ്രാം– അഡറേഷൻ ഹോസ്റ്റൽ**

അരുണാപുരം അഡറേഷൻ ഹോസ്റ്റലിലെ വിദ്യാർത്ഥിനികൾക്കുവേണ്ടി ഒരു ഓറിയന്റേഷൻ പ്രോഗ്രാം സെപ്തംബർ 3-ന് നടന്നു. ഫാ. കുര്യൻ മറ്റം, ലിസി ഫെർണാണ്ടസ്, അനിറ്റ് ജോസ് എന്നിവർ ക്ലാസുകൾ നയിച്ചു. സി. ടെസ്സി, സി. എലിസബത്ത് എന്നിവർ നേതൃത്വം നൽകി.

**4. ജീവിതനവീകരണ സെമിനാർ – അൽഫോൻസാ ഹോസ്റ്റൽ**

അരുണാപുരം അൽഫോൻസാ ഹോസ്റ്റലിൽ വിദ്യാർത്ഥിനികൾക്കു വേണ്ടി ഒരു ജീവിതനവീകരണ സെമിനാർ സെപ്റ്റംബർ 4-ന് നടന്നു. ഫാ.

കുര്യൻ മറ്റം, ലിസി ഫെർണാണ്ടസ്, അനിറ്റ് ജോസ് എന്നിവർ പങ്കുവയ്ക്കലുകൾ നടത്തി. സി. ദീപ, സി. സിസി എന്നിവർ പ്രോഗ്രാമിനു നേതൃത്വം നൽകി.

**5. ജാഗരണപ്രാർത്ഥന**

ജീസസ് യൂത്ത് പ്രവർത്തകരുടെ രാത്രി ആരാധന സെപ്റ്റംബർ 7-ന് അരുണാപുരം സെന്റ് തോമസ് ദൈവാലയത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം, ആശിസ്സ് ജോസ് എന്നിവർ വചനസന്ദേശം നൽകി. ക്ലിജോ കണിയാംപടി, വിവേക് ജോൺ റോയി, റോയി ജോസഫ്, ആശിസ്സ് ജോസ്, രാജൻ പീറ്റർ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**6. ഓറിയന്റേഷൻ പ്രോഗ്രാം - എസ്.എച്ച്. ഹോസ്റ്റൽ**

അരുണാപുരം എസ്.എച്ച്. ഹോസ്റ്റലിലെ വിദ്യാർത്ഥിനികൾക്കുവേണ്ടി ഒരു ജീവിതദർശനം പ്രോഗ്രാം സെപ്തംബർ 5-ന് ഹോസ്റ്റലിൽ നടന്നു. ഫാ. കുര്യൻ മറ്റം, ലിസി ഫെർണാണ്ടസ്, അനിറ്റ് ജോസ് എന്നിവർ പങ്കുവയ്ക്കലുകൾ നടത്തി. സി. ഫെലീഷ്യ, സി. മേബിൾ എസ്.എച്ച്., സി. എൽസിൻ എസ്.എച്ച്., സി. ആഗ്നേറ്റ എസ്.എച്ച്. എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**7. വെരിത്താസ് -19**

മുഖ്യമായും കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി 'വെരിത്താസ് ' എന്ന പേരിൽ നടത്താറുള്ള ജീവിതദർശനനവീകരണ പ്രോഗ്രാം സെപ്തംബർ 7,8,9, 10 തീയതികളിൽ പാലാ സെന്റ് തോമസ് കോളേജിൽ നടന്നു. ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് പ്രോഗ്രാം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ റവ.ഡോ. ജയിംസ് മംഗലത്ത്, ഫാ. സിറിൽ തയ്യിൽ എന്നിവർ ആശംസകൾ നേർന്നു. തുടർന്നുള്ള സമയങ്ങളിൽ ഫാ. അലക്സ് കിഴക്കേക്കടവിൽ കപ്പൂച്ചിൽ, ഫാ. തോമസ് കാഞ്ഞിരക്കോണം കപ്പൂച്ചിൻ, ഫാ. സിജോ ചേന്നാടൻ സി.എം.ഐ., ഫാ. തോമസ് മണ്ണൂർ, ശശി ഇമ്മാനുവൽ, അനിതാ ജോജി, ഡോ. ആൻസി ജോർജ്, ജോർജുകുട്ടി ആഗസ്തി, കുര്യൻ മാളിയേക്കൽ, സജി അറക്കുളം, ജോർജ് ദേവസി, രവി തോമസ്, ജോർജ് ജോസഫ് എന്നിവർ ക്ലാസുകൾ നയിച്ചു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, ഫാ. ജോസഫ് പള്ളയ്ക്കൽ, ഫാ. തോമസ് കൊച്ചോടയ്ക്കൽ എന്നിവർ ബലിയർപ്പിച്ചു സന്ദേശം നൽകി. ചാൾസ് ടോമി, ക്ലിജോ കണിയാംപടി, സി. ജോൺസി എഫ്.സി.സി., വിവേക് ജോൺ റോയി, ആന്റോ ആന്റണി, മെറിൻ ചൊവ്വാറ്റുകുന്നേൽ, സുബിൻ ലൂക്കോസ്, ജോസ് മാത്യു, ബിലാസ് ജോസ്, സി. ആൻ മാത്യു എസ്.എച്ച്., സി.എൽസിൻ എസ്.എച്ച്. എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി. 400-ലധികം യുവതീയുവാക്കൾ പങ്കെടുത്തു.

**8. മംഗളവാർത്താധ്യാനം - കടുത്തുരുത്തി**

ജീസസ് യൂത്ത് - എയ്ഞ്ചൽസ് ആർമിയുടെ നേതൃത്വത്തിൽ കടുത്തുരുത്തി എസ്.വി.ഡി. ധ്യാനമന്ദിരത്തിൽ സെപ്റ്റംബർ 8,9,10,11 തീയതികളിൽ ഗർഭിണികൾക്കും അവരുടെ ജീവിതപങ്കാളികൾക്കും വേണ്ടിയുള്ള മംഗളവാർത്താധ്യാനം നടന്നു. ഫാ. മാത്യു പുതിയിടം, ഫാ. കുര്യൻ മറ്റം, ഫാ. തോമസ് കോഴിമല, ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. ടൈറ്റസ് എസ്.വി.ഡി., സി. ഡോ. ശാന്തി ,

ജോസ് മാത്യു എന്നിവർ ക്ലാസുകൾ നയിച്ചു. ഡോ. ജോസ് മാത്യു, ജോസ്കുട്ടി ജേക്കബ്, ജോസ് മാത്യു, സജി എന്നിവർ സംഘാടകരായി പ്രവർത്തിച്ചു.

**9. ജീസസ് യൂത്ത് കൂട്ടായ്മ**

ജീസസ് യൂത്തിന്റെ മാസം തോറുമുള്ള കൂട്ടായ്മ സെപ്റ്റംബർ 14-ന് പാലാ സെന്റ് തോമസ് ബി.എഡ്. കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം, മാത്യു എം. കുര്യാക്കോസ് എന്നിവർ ക്ലാസുകൾ നയിച്ചു. കൗൺസിലിംഗ്, ദിവ്യകാരുണ്യ ആരാധന, ചർച്ചകൾ എന്നിവയോടെ സമ്മേളനം സമാപിച്ചു.

**10. കാമ്പസ് ടീം മീറ്റ്**

പാലാ രൂപതയിലെ കോളേജുകളിലെ കോർഗ്രൂപ്പ് ലീഡേഴ്സിന്റെ സമ്മേളനം സെപ്തംബർ 21,22 തീയതികളിൽ കുടക്കച്ചിറ ധ്യാനമന്ദിരത്തിൽ നടന്നു. ഫാ. കുര്യൻമറ്റം, സുബിൻ ലൂക്കോസ്, തോമസ്കുട്ടി, എയ്മി സാവിയോ, ആന്റോ എന്നിവർ നേതൃത്വം നൽകി.

**11. കുടുംബസ്ഥരുടെ കൂട്ടായ്മ**

സീനിയർ ജീസസ് യൂത്ത് അംഗങ്ങളുടെയും അവരുടെ ജീവിതപങ്കാളികളുടെയും കുട്ടികളുടെയും കൂട്ടായ്മയും സെപ്റ്റംബർ 21-ന് അരുണാപുരം സെന്റ് തോമസ് ദൈവാലയത്തിൽ നടന്നു. ഫാ. കുര്യൻമറ്റം ആമുഖസന്ദേശം നൽകി. സജി ചെറുവള്ളാത്ത് മുഖ്യപ്രഭാഷണം നടത്തി. ദിവ്യകാരുണ്യ ആരാധനയോടെയും സ്നേഹവിരുന്നിനൊപ്പവും കൂട്ടായ്മ സമാപിച്ചു.

**12. കൃതജ്ഞതാപ്രകാശനം**

'വെരിത്താസ് 19' നെ അനുഗ്രഹിച്ച ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാനായി വോളണ്ടിയേഴ്സ് പാലാ സെന്റ് തോമസ് കോളേജിൽ സെപ്റ്റംബർ 28 ന് സമ്മേളിച്ചു. വിലയിരുത്തലുകളും ചർച്ചകളും നടന്നു. സമ്മേളനത്തിനു മുന്നോടിയായി അരുണാപുരം എസ്.എച്ച്. ഹോസ്റ്റലിൽ ഫാ. കുര്യൻ മറ്റം കൃതജ്ഞതാബലി അർപ്പിച്ചു.

**13. മെഡിസിറ്റി സന്ദർശനം**

രൂപതയുടെ മാർ സ്ലീവാ മെഡിസിറ്റി സന്ദർശനത്തിന് യുവജനങ്ങൾക്കു വേണ്ടി നിശ്ചയിച്ചിരുന്ന സെപ്റ്റംബർ 22-ന് ഉച്ചകഴിഞ്ഞ് ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ എന്നിവരുടെ നേതൃത്വത്തിൽ ജീസസ് യൂത്ത് പ്രവർത്തകർ മെഡിസിറ്റി സന്ദർശിച്ചു. സ്വാഗതസമ്മേളനത്തിൽ മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ, ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ എന്നിവർ പ്രസംഗിച്ചു. ജീസസ് യൂത്ത് അംഗങ്ങളുടെ ഗാനാലാപനവും ഡാൻസും സന്ദർശകരുടെ ശ്രദ്ധ ആകർഷിച്ചു.

**14. പ്രചോദനാത്മക കൂട്ടായ്മ - നേഴ്സിംഗ് കോളേജ് ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ നേഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾക്കു വേണ്ടി സെപ്റ്റംബർ 27-ന് സായാഹ്ന കൂട്ടായ്മ നടന്നു. ഫാ. കുര്യൻ മറ്റം, ഡോ. ആൻസി

ജോർജ് എന്നിവർ പ്രചോദനാത്മകക്ലാസുകൾ നയിച്ചു. ഫാ. തോമസ് വെടിക്കുന്നേൽ, സി. ബീന എസ്.എം.സി. എന്നിവർ നേതൃത്വം നൽകി.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബകൂട്ടായ്മ

1 3-9-2019 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കുടുംബകൂട്ടായ്മ റിസോഴ്സ് ടീമിലേയ്ക്കുള്ള പുതിയ ടീമിന്റെ പരിശീലനം നടന്നു. ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, പ്രൊഫ. ഫ്ളവർ ജോസ്, തോമസ് വടക്കേൽ തുടങ്ങിയവർ നേതൃത്വം നൽകി.

2 5-9-2019 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കുടുംബകൂട്ടായ്മ രൂപതാ കൗൺസിൽ സമ്മേളിച്ചു. ജപമാല പ്രാർത്ഥനയ്ക്കുശേഷം ഈ മാസം 20-ാം തീയതി ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ചു നടക്കുന്ന 23-ാമത് വാർഷികത്തെക്കുറിച്ച് വിശദമായി ചർച്ച നടത്തുകയും വാർഷികത്തിന്റെ വിജയകരമായ നടത്തിപ്പിനായി രൂപത ഫൊറോന കോർഡിനേറ്റേഴ്സ്, സെക്രട്ടറിമാർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

3. കുടുംബകൂട്ടായ്മ വാർഷികത്തോടനുബന്ധിച്ച് നല്ല രീതിയിൽ കുടുംബകൂട്ടായ്മ നടത്തുന്ന ഇടവകകൾ കണ്ടെത്തുന്നതിനായി ഡയറക്ടറച്ചൻ കോർഡിനേറ്റർ, സെക്രട്ടറി, ഫൊറോന കോ-ഓർഡിനേറ്റേഴ്സ് തുടങ്ങിയവർ ഉൾപ്പെട്ട ഒരു ടീം വിവിധ ദിവസങ്ങളിലായി ഇടവകകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും എവർറോളിംഗ് ട്രോഫി, പ്രശസ്തിപത്രം തുടങ്ങിയവ നല്കി ആദരിക്കേണ്ട ഇടവകകൾ കണ്ടെത്തുകയും ചെയ്തു.

4. 8-9-2019 ഞായറാഴ്ച ഡയറക്ടർ ബഹുമാനപ്പെട്ട വിൻസെന്റച്ചൻ മാന്നാർ ഇടവകയിൽ രാവിലെ 7ന് വിശുദ്ധ കുർബാന അർപ്പിക്കുകയും രണ്ടു കുർബാനമദ്ധ്യേയും കുടുംബകൂട്ടായ്മയുടെ കാലഘട്ടത്തിലെ ആവശ്യകതയേയും പ്രസക്തിയേയും കുറിച്ച് പ്രസംഗിച്ചു. കുടുംബകൂട്ടായ്മയുടെ യൂണിറ്റ് ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുത്ത അച്ചൻ ഭാരവാഹികളുടെ വിളിയും ദൗത്യവും എന്തെന്ന് വിശദീകരിച്ചു സംസാരിച്ചു.

5 8-9-2019 ഞായറാഴ്ച വൈകിട്ട് 4.30 മുതൽ കുടുംബകൂട്ടായ്മ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ മാന്നാർ ഇടവകയിലെ 14 കുടുംബകൂട്ടായ്മകളിലും ഒരേസമയം കുടുംബകൂട്ടായ്മകൾ എന്ത്?എന്തിന്? എന്തെല്ലാം ചെയ്യാം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

6. 10-9-2019 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 1 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് റിസോഴ്സ് ടീമിന്റെ തുടർപരിശീലനം നടത്തി. ഡയറ

ക്ടറച്ചൻ, കോ-ഓഡിനേറ്റർ, ലിറ്റിൽ ഫ്ളവർ, സിജു അഗസ്റ്റിൻ, സിന്ധു ഷാജി തുടങ്ങിയവർ നേതൃത്വം നൽകി.

7. 17-9-2019 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 1 മണി വരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് റിസോഴ്സ് ടീമിന്റെ പുതിയ അംഗങ്ങൾക്കായുള്ള തുടർപരിശീലനം റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ നേതൃത്വത്തിൽ നടന്നു. ലിറ്റിൽ ഫ്ളവർ, ഡൊമിനിക് വർഗീസ്, സിജു അഗസ്റ്റിൻ തുടങ്ങിയവർ പങ്കെടുത്തു.

8. 18-9-2019 ബുധനാഴ്ച ഉച്ചയ്ക്ക് 2 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുകൂടിയ രൂപത കൗൺസിലിന്റെ പ്രത്യേക യോഗത്തിൽ വാർഷികാഘോഷങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. സമ്മാനാർഹരായവരെ ഡയറക്ടർ ഫോൺ വിളിച്ച് അറിയിക്കുമെന്നും കുറ്റമറ്റവിധം വാർഷികസമ്മേളനം നടത്തപ്പെടുന്നുവെന്ന് എല്ലാവരും ഉറപ്പുവരുത്തണമെന്നും ഡയറക്ടറച്ചൻ നിർദ്ദേശിച്ചു.

9. 20-9-2019 വെള്ളിയാഴ്ച രാവിലെ 9 മണി മുതൽ ചേർപ്പുങ്കൽ മാർ സ്ലീവ മെഡിസിറ്റിയിൽ വച്ച് പാലാ രൂപത കുടുംബകൂട്ടായ്മയുടെ 23-ാമത് വാർഷികം നടന്നു. പ്രസ്തുത സമ്മേളനം പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. രൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് മുഖ്യപ്രഭാഷണം നടത്തി. മാർ സ്ലീവാ മെഡിസിറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ സമ്മേളനത്തിന് സ്വാഗതമരുളി. 2016-17, 2017-18, 2018-19 വർഷങ്ങളിലെ പ്രവർത്തനങ്ങളെ വിലയിരുത്തി A,B,C,D വിഭാഗങ്ങളിലായി യഥാക്രമം ചൂണ്ടച്ചേരി, മൂന്നിലവ്, കടപ്ലാമറ്റം, കുറവിലങ്ങാട് ആർച്ചു ഡീക്കൻ എപ്പിസ്കോപ്പൽ മർത്ത് മറിയം തീർത്ഥാടക ദേവാലയം എന്നിവർക്ക് ഏവർറോളിംഗ് ട്രോഫിയും രൂപതയിൽ കുടുംബകൂട്ടായ്മ ആരംഭിച്ച നാൾ മുതൽ തന്നെ നല്ല രീതിയിൽ കുടുംബകൂട്ടായ്മയും അനുബന്ധ ശുശ്രൂഷകളും നടക്കുന്ന ഉള്ളനാട് ഇടവകയ്ക്ക് പ്രത്യേക പുരസ്കാരവും അരുണാപുരം, മേവട, വലവൂർ, പ്ലാശനാൽ, കരിമ്പാനി, കുരുവിനാൽ, കാക്കൂർ, മുളക്കുളം, മുത്തോലപുരം, പിറവം, കടുത്തുരുത്തി, കീഴൂർ, പൂഴിക്കോൽ, വേദഗിരി, മണ്ണയ്ക്കനാട്, കുടയത്തൂർ, ജയ്ഗിരി, മലപ്പുറം, വാലാച്ചിറ, ഉദയഗിരി, പൂഞ്ഞാർ തുടങ്ങിയ ഇടവകകൾക്കുള്ള പ്രശസ്തി പത്രങ്ങളും അഭിവന്ദ്യ പിതാവ് വിതരണം ചെയ്തു. സമ്മാനാർഹരായ ഇടവകകളെ കുടുംബകൂട്ടായ്മയുടെ രൂപത ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ സദസ്സിനു പരിചയപ്പെടുത്തി. സമ്മേളനത്തിനുള്ള വി. ബൈബിളിന്റെ പ്രതിഷ്ഠ രൂപതയുടെ വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ജോസഫ് കുഴിഞ്ഞാലിൽ നിർവ്വഹിച്ചു. പ്രാർത്ഥനാഗാനം ചേർപ്പുങ്കൽ ടീമും സമൂഹഗാനം, സീറോമലബാർ സഭ ആന്തം എന്നിവ കുറവിലങ്ങാട് ടീമും നയിച്ചു. പ്രൗഢഗംഭീരമായ ഈ സമ്മേളനത്തിന് വേദി ഒരുക്കിയ മാർ സ്ലീവാ മെഡിസിറ്റിയിലെ അധികാരികൾക്കും സ്റ്റാഫിനും കുടുംബകൂട്ടായ്മ വാർഷിക സമ്മേളനത്തിലേയ്ക്കു കടന്നുവന്ന സകലർക്കും കോ-ഓർഡിനേറ്റർ ശ്രീ. തോമസ് വടക്കേൽ കൃതജ്ഞത

അർപ്പിച്ചു. തുടർന്ന് മാർ സ്ലീവ മെഡിസിറ്റിയെ പരിചയപ്പെടുത്തികൊണ്ട് ആശുപത്രി അധികൃതർ സംസാരിച്ചു. സ്നേഹവിരുന്നോടെ സമ്മേളനം അവസാനിച്ച് രൂപതയിലെ 170 ഇടവകകളിൽനിന്നായി ആയിരത്തിൽ പരം പേർ സമ്മേളനത്തിൽ പങ്കെടുത്തു. ഈ സമ്മേളനത്തിലേയ്ക്കും കടന്നുവന്ന സകലരും മെഡിസിറ്റിയുടെ എല്ലാഭാഗങ്ങളും സന്ദർശിച്ച് അഭിമാനത്തോടും സംതൃപ്തിയോടുംകൂടെ ഇവയൊക്കെയും ക്രമീകരിച്ച രൂപതാ നേതൃത്വത്തോടും സർവ്വോപരി ദൈവത്തോടുമുള്ള നന്ദി നിറഞ്ഞ മനസ്സോടെയാണ് മടങ്ങിയത്. സമ്മേളനത്തോടനുബന്ധിച്ചുള്ള എല്ലാ ക്രമീകരണങ്ങളും കുടുംബകൂട്ടായ്മയുടെ രൂപതാ ഫൊറോന ഭാരവാഹികളുടെ നേതൃത്വത്തിൽ ഭംഗിയായി ക്രമീകരിച്ചു.

10. 22-9-2019 ഞായറാഴ്ച രാവിലെ 7 മണിക്ക് കുടുംബകൂട്ടായ്മ രൂപത ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ കാക്കൂർ ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. കുടുംബകൂട്ടായ്മ ഭാരവാഹികളെകണ്ട ഡയറക്ടറച്ചൻ അവരുടെ വിളി, ദൗത്യം എന്നിവയെക്കുറിച്ച് അവരെ ബോദ്ധ്യപ്പെടുത്തി.
11. 22-9-2019 ഞായറാഴ്ച വൈകിട്ട് 4.30 മുതൽ കാക്കൂർ ഇടവകയിലെ 16 കുടുംബകൂട്ടായ്മകളിലും ഒരേസമയം രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മ എന്ത്? എന്തിന്? എങ്ങനെ? എന്തെല്ലാം ചെയ്യണം, കുടുംബകൂട്ടായ്മയുടെ സവിശേഷതകൾ എന്നീ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.
12. 24-9-2019 ചൊവ്വാഴ്ച 9.30 മുതൽ 1 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കുടുംബകൂട്ടായ്മയുടെ പുതിയ റിസോഴ്സ് ടീമിലേയ്ക്കുള്ളവരുടെ തുടർപരിശീലനം നടന്നു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, പ്രൊഫ. ഫ്ളവർ ജോസ്, ജോണി സിറിയക് വേലംകുന്നേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# എ.കെ.സി.സി.

**1. അടുക്കളത്തോട്ട മത്സരം**

കുടുംബകൃഷിയും ജൈവകൃഷിയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപതയിലെ ഇടവകകളുടെ പങ്കാളിത്തത്തോടെ അടുക്കളത്തോട്ട മത്സരം നടത്തും.

ഇടവക തലത്തിൽ നവംബർ 25 മുതൽ 30 വരെയും ഫൊറോന തലത്തിൽ ഡിസംബർ 1 മുതൽ 3 വരെയും രൂപതാ തലത്തിൽ ഡിസംബർ 5 മുതൽ 7 വരെയുമാണ് മൂല്യനിർണ്ണയം. ഇടവകതലത്തിൽനിന്ന് ഒന്നും രണ്ടും സ്ഥാനങ്ങളും ഫൊറോനാതലത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്നവർക്കും രൂപതാതലത്തിൽ മത്സരിക്കാം.

രൂപതാ തലത്തിൽ 1-ാം സമ്മാനം 50000 രൂപയും 2-ാം സമ്മാനം 35000 രൂപയും 3-ാം സമ്മാനം 25000 രൂപയും വിജയികൾക്ക് നൽകും. തുടർന്ന് ആദ്യ

10 സ്ഥാനത്ത് എത്തുന്നവർക്ക് 10000 രൂപ വീതം പ്രോത്സാഹനസമ്മാനം നൽകും. വിവിധ തലങ്ങളിലായി 3 ലക്ഷം രൂപ സമ്മാനമായി ലഭിക്കും.

മത്സരത്തിന്റെ ഭാഗമായി 5000 കുടുംബങ്ങളിൽ സൗജന്യമായി പച്ചക്കറി വിത്തുകൾ വിതരണം ചെയ്യും.

**2. അടുക്കളത്തോട്ടം – രൂപതാ ഉദ്ഘാടനം**

അടുക്കളത്തോട്ട മത്സരത്തിന്റെയും സൗജന്യ വിത്തുവിതരണത്തിന്റെയും രൂപതാതല ഉദ്ഘാടനം മുട്ടുചിറ പള്ളി പാരിഷ് ഹാളിൽ നടന്നു. ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖപ്രസംഗവും മുട്ടുചിറ ഫൊറോന വികാരി റവ. ഫാ. ജോസഫ് എടത്തുംപറമ്പിൽ മുഖ്യപ്രഭാഷണവും നടത്തി. എം.എം. ജേക്കബ്, സാജു അലക്സ്, ഇമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, റ്റോമി കണ്ണീറ്റുമ്യാലിൽ, തോമസ് അരിക്കുഴിപ്പിൽ, ആൻസമ്മ സാബു, എം.എം. മാത്യു എന്നിവർ സംസാരിച്ചു.

ശ്രീ. ജോ ജോസ് (അസി. പ്രിൻസിപ്പൽ, അഗ്രികൾച്ചറൽ ഓഫീസർ കോട്ടയം) അടുക്കളത്തോട്ട നിർമ്മാണത്തെക്കുറിച്ച് ക്ലാസ് നയിച്ചു. വിവിധ ഇടവകകളിൽ നിന്നായി 500 പ്രതിനിധികൾ പങ്കെടുത്തു. സൗജന്യ വിത്തുവിതരണത്തിന്റെ രൂപതാതല ഉദ്ഘാടനം ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു.

**3. അടുക്കളത്തോട്ടമത്സരം – മാനദണ്ഡങ്ങൾ**

മാർക്ക് വിഭജനരീതി – ജനം/എണ്ണം – 25%, പുഷ്ടിമ / കരുത്ത് – 20%, ഫലദായകത്വം – 30%, പരിപാലനരീതി – 20%, നൂതന കൃഷിരീതി – 10%

മത്സരത്തിൽ കുറഞ്ഞത് 7 ഇനങ്ങളും പരമാവധി 25 ഇനങ്ങളും പരിഗണിക്കും. രൂപതാതലത്തിൽ വിതരണം ചെയ്തതു അല്ലാത്തതുമായ വിത്തുകൾ ഉപയോഗിക്കാം.

**4. മെഡിസിറ്റി സന്ദർശനം**

ചേർപ്പുങ്കലിൽ പൂർത്തിയായ മാർ സ്ലീവ മെഡിസിറ്റിയിൽ നടന്ന ഓപ്പൺ ഹൗസിന്റെ ഭാഗമായി കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകർ സെപ്തംബർ മാസം 16-ാം തീയതി തിങ്കളാഴ്ച സന്ദർശനം നടത്തി. മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ പ്രവർത്തകർക്ക് ഊഷ്മളമായ സ്വീകരണം നൽകി. മെഡിസിറ്റി ടീം പ്രവർത്തകർക്കായി ക്ലാസ് നയിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാജു അലക്സ്, ഇമ്മാനുവൽ നിധീരി, ബേബിച്ചൻ അഴിയാത്ത്, ജോസ് വട്ടുകുളം, ആൻസമ്മ സാബു തുടങ്ങിയവർ നേതൃത്വം നൽകി.

**5. ആഗോള സമ്മേളനം ദുബായിൽ**

കത്തോലിക്കാ കോൺഗ്രസ് പ്രഥമ ആഗോളസമ്മേളനം സെപ്തംബർ 30 ഒക്ടോബർ 1 തീയതികളിൽ ദുബായി മെയ്ദാൻ ഹോട്ടലിൽ നടക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനം

മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യും. ഗ്ലോബൽ പ്രസിഡന്റ് ബിജു പറനിലം അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ സഭയിലെ ആർച്ച് ബിഷപ്പുമാർ ഉൾപ്പെടെ 10 ബിഷപ്പുമാർ പങ്കെടുക്കും. രൂപത യിൽനിന്ന് പ്രതിനിധികൾ പങ്കെടുക്കും.

**6. അസാധാരണ മിഷൻ മാസാചരണം**

ബെനഡിക്ട് പതിനഞ്ചാമൻ മാർപാപ്പയുടെ Maximum Illud എന്ന ചാക്രിക ലേഖനത്തിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി പരിശുദ്ധപി താവ് ആഹ്വാനം ചെയ്തിരിക്കുന്ന അസാധാരണമിഷൻ മാസാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 28-ാം തീയതി ശനിയാഴ്ച പാലാരിവട്ടം പി.ഒ.സി. യിൽ അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് നിർവ്വഹിച്ചു. രൂപ തയിൽനിന്ന് പ്രതിനിധികൾ പങ്കെടുത്തു.

**7. അന്ത്യാളത്ത് കർഷകസംഗമം**

രൂപത അടുക്കളത്തോട്ട മത്സരത്തിന്റെ ഭാഗമായി അന്ത്യാളത്ത് കർഷക സെമിനാറും സൗജന്യപച്ചക്കറി വിത്ത് വിതരണവും നടന്നു. ഡയറക്ടർ ഫാ. ജെയിംസ് വെണ്ണായപ്പള്ളിൽ ഉദ്ഘാടനം നിർവ്വഹിച്ചു. റിട്ട. കൃഷി ഓഫീസിൽ ജോമോൻ ജോസഫ് ക്ലാസ് നയിച്ചു.

**ഇമ്മാനുവൽ നിധീരി** (ജന. സെക്രട്ടറി)

# ഫാമിലി അപ്പോസ്തലേറ്റ്

**A. കുടുംബസംഗമം - ഫാമിലി ഫോർ ജീസസ്**

ഒക്ടോബർ 25,26 (വെള്ളി,ശനി) തിയതികളിൽ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് കുടുംബങ്ങൾക്കായി 'ഫാമിലി ഫോർ ജീസസ് ' എന്ന കുടുംബസംഗമം നടത്തപ്പെടുന്നതാണ്. അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്ന സംഗമം വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.

**B. Counselling Course**

**1. ഒക്ടോബർ മാസം കോഴ്സ് തീയതികൾ**

ഒക്ടോബർ മാസം **ഡിപ്ലോമ കോഴ്സ് 5,6** തീയതികളിലും **സർട്ടിഫിക്കറ്റ് കോഴ്സ് 11,25** തീയതികളിലും നടത്തപ്പെടുന്നതാണ്.

**2. കുടുംബത്തെക്കുറിച്ചുള്ള സഭാപ്രബോധന ക്ലാസ്സുകൾ**

സെന്റ് ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി സ്റ്റഡീസിന്റെ ആഭി മുഖ്യത്തിൽ കുടുംബങ്ങളെ സംബന്ധിച്ച് അൽമായർക്കായി സഭാപ്രബോധന ങ്ങളെ ആധാരമാക്കിയുള്ള ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു. 13 വിഷയങ്ങളാണ് ക്ലാസ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒക്ടോബർ മാസം ആരംഭിക്കുന്ന കോഴ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഫാമിലി അപ്പോസ്തലേറ്റ് ഓഫീ സുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് 04822 210049, 8547150049.

**C. വിവാഹ ഒരുക്ക കോഴ്സ്**

**1. സർട്ടിഫിക്കറ്റ്**

**സെപ്റ്റംബർ 2–4, 23–25** തീയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 292 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ഒക്ടോബർ 7–9, 21–23** തീയതിയിലേക്കു നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു. **നവംബർ 4–6, 18–20** തീയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

സെപ്റ്റംബർ മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 520 മാതാപിതാക്കൻമാർ സംബന്ധിച്ചു.

**4. മാർസ്ലീവാ ഹോസ്പിറ്റൽ സന്ദർശനം**

ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള എല്ലാ സംഘടന അംഗങ്ങളും സെപ്റ്റംബർ 17–ാം തീയതി ചേർപ്പുങ്കൽ മാർ സ്ലീവാ ഹോസ്പിറ്റൽ സന്ദർശിച്ചു.

**D. മാതൃ–പിതൃവേദി സംയുക്തപരിപാടികൾ**

**1. കുഞ്ഞച്ചൻ തീർത്ഥാടനം– രാമപുരം**

ഒക്ടോബർ 9 ചൊവ്വാഴ്ച മാതൃ–പിതൃവേദിയുടെ ആഭിമുഖ്യത്തിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കലേയ്ക്ക് തീർത്ഥാടനം നടത്തപ്പെടുന്നതാണ്. രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുകയും തുടർന്ന് പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്യും. സ്നേഹവിരുന്നോടുകൂടി തീർത്ഥാടനം അവസാനിക്കും.

**E. പിതൃവേദി**

**1. പുതിയ യൂണിറ്റ് – ഇലഞ്ഞി**

ഇലഞ്ഞി ഇടവകയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു. പരിപാടിയിൽ ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ പങ്കെടുക്കുകയും വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

**2. സെമിനാർ – പാലാ**

ഒക്ടോബർ 13–ാം തീയതി ഞായറാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കിവരുന്ന സ്കോൾഷിപ്പുകളെക്കുറിച്ച് കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ അംഗം ശ്രീ. ജോർജ് കുര്യൻ ക്ലാസ്സ് നയിക്കുന്നതാണ്.

**D. മാതൃവേദി**

**1. മേഖല സമ്മേളനം – മുണ്ടാങ്കൽ, ചേർപ്പുങ്കൽ**

പാലാ മേഖലയുടെ കീഴിലുള്ള എല്ലാ യൂണിറ്റിലെയും മാതൃവേദി അംഗങ്ങൾ മുണ്ടാങ്കൽ പള്ളിയിൽ ഒരുമിച്ചു കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ചേർപ്പുങ്കൽ യൂണിറ്റിൽ മാതൃവേദി അംഗങ്ങൾ ഒരുമിച്ചുകൂടി യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തി.

**2. മേഖലാമത്സരങ്ങൾ - പാലാ കത്തീഡ്രൽ**

സെപ്റ്റംബർ 5 ന് പാലാ മേഖലയുടെ കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തപ്പെട്ട മേഖല മത്സരങ്ങൾ ഡയറക്ടർ റവ. ഡോ. ഷീൻ പാലയക്കത്തട ത്തിൽ ഉദ്ഘാടനം ചെയ്തു.

**3. പരിശുദ്ധ കന്യകയുടെ ജനനതിരുനാൾ**

പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനു ഒരുക്കമായുള്ള എട്ടുനോമ്പ് മാതൃവേദി അമ്മമാർ വളരെ താത്പര്യപൂർവ്വം ആചരിച്ചു.

**4. നസ്രാണിമഹാസംഗമം - കുറവിലങ്ങാട്**

സെപ്റ്റംബർ 1 ന് കുറവിലങ്ങാടു വച്ചു നടത്തിയ നസ്രാണിമഹാസം ഗമത്തിൽ പാലാ രൂപതയിലെ മാതൃവേദി അംഗങ്ങൾ സജീവമായി പങ്കെടുത്തു.

**5. ആശാകിരൺ കാരുണ്യപദ്ധതി - മീനച്ചിൽ, ചേർപ്പുങ്കൽ, വേദഗിരി**

മീനച്ചിൽ യൂണിറ്റിലെ മാതൃവേദി 65000 രൂപ സ്വരൂപിച്ച് നവജീവൻ, മരിയസദനം, കുന്നന്താനം, വിളക്കുമരുത് തുടങ്ങിയ കെയർ ഹോംസുകൾക്കായി വിതരണം ചെയ്തു. ആശ്രയമറ്റ രോഗികളായ, വൃദ്ധരായ സഹോദരങ്ങളെ സന്ദർശിച്ച് അവർക്ക് ആശ്വാസവും ധൈര്യവും പ്രദാനം ചെയ്തു.

ചേർപ്പുങ്കൽ യൂണിറ്റ് 21000 രൂപ ഒരു പാവപ്പെട്ട കുടുംബത്തിന് സഹായം നല്കി.

വേദഗിരി യൂണിറ്റിലെ അംഗങ്ങൾ 4000 രൂപ ഒരു ആതുരാലയത്തിന് സംഭാ വന ചെയ്തു.

**6. മത്സരങ്ങൾ- പാലാ**

മുൻകൂട്ടി അറിയിച്ചിട്ടുള്ളതുപോലെ വാർഷികത്തിനു മുന്നോടിയായി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ മത്സരങ്ങൾ നടത്തപ്പെടുന്നതാണ്.

1. ഭക്തിഗാനരചനാമത്സരം - സെപ്റ്റംബർ 20 വെള്ളി 10 am
2. കായികമത്സരങ്ങൾ - സെപ്റ്റംബർ 20 വെള്ളി 11 am
3. ബൈബിൾ ക്വിസ് - സെപ്റ്റംബർ 27 വെള്ളി 10 am
4. പ്രസംഗമത്സരം - ഒക്ടോബർ 4 വെള്ളി 10 am
5. ബൈബിൾ മനനം - ഒക്ടോബർ 4 വെള്ളി 11.30 am
6. മാതൃവേദി ആന്തം - ഒക്ടോബർ 18 വെള്ളി 10 am
7. ലളിതഗാനം - ഒക്ടോബർ 18 വെള്ളി 12 noon

കൂടാതെ അഖില കേരള ഫാമിലി ബൈബിൾ ക്വിസ് മത്സരം ഉണ്ടായി രിക്കും. ഫൊറോനതലം 3-11-2019, രൂപതാതലം 04-01-2020.

## E. ഹോംമിഷൻ

**1. അമ്പാറനിരപ്പേൽ**

അമ്പാറനിരപ്പേൽ ഇടവകയിൽ സെപ്റ്റംബർ 30 ന് ഹോംമിഷൻ ആരം ഭിക്കുന്നതിന്റെ ഒരുക്കമായി സെപ്റ്റംബർ 29-ാം തീയതി ഞായറാഴ്ച ഡയറ ക്ടർ റവ. ഡോ. അബ്രാഹം പാലയ്ക്കാത്തടത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

## F. പ്രോലൈഫ്

### 1. എക്സിക്യൂട്ടീവ് മീറ്റിങ്

സെപ്റ്റംബർ 22–ാം തീയതി 3 മുതൽ 5 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രോലൈഫ് എക്സിക്യൂട്ടീവ് യോഗം ഡയറക്ടർ റവ.ഡോ. അബ്രാഹം പാലയ്ക്കത്തടത്തിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

## G. സീറോ മലബാർ പാലാ മാട്രിമണി

### 1. ഡേറ്റ സ്വീകരണം

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

### 2. മാഗസിൻ

സീറോ മലബാർ മാട്രിമണിയുടെ ഒക്ടോബർ മാസത്തെ മാഗസിന്റെ വർക്കുകൾ ചെയ്തുവരുന്നു.

## H. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

### 1. ക്ലാസ്സുകൾ

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഒക്ടോബർ 8–ാം തീയതി ഒരു പാചകക്ലാസ്സ് നടത്തപ്പെടുന്നതാണ്.** കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ – **9496571321**

## I. മംഗല്യനിധി

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **ഇളംതോട്ടം, വെള്ളികുളം, നീറന്താനം, ഐങ്കൊമ്പ്, കുറവിലങ്ങാട്(2), പിറവം, നരിയങ്ങാനം, കീഴൂർ** ഇടവകകളിൽ നിർദ്ധനരായ കത്തോലിക്കപെൺകുട്ടികൾക്ക് വിവാഹസഹായമായി **60,000** രൂപാ നൽകി.

**ഫാ. അബ്രാഹം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. 6-ാമത് സംസ്ഥാന കാർഷികമേള**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും വിവിധ ധനകാര്യം വികസന ഏജൻസികളുടെയും സഹകരണത്തോടെ 2019 നവംബർ 27 മുതൽ ഡിസംബർ 2 വരെയുള്ള തീയതികളിൽ പാലാ പ്രൈവറ്റ് ബസ് സ്റ്റാന്റിനു സമീപമുള്ള പൊരുന്നോലിൽ -കിഴക്കേക്കര, പുഴക്കര മൈതാനത്തുവച്ച് നടക്കും. കാർഷികമേളയിൽ നൂറുകണക്കിനു പ്രദർശന വിപണന സ്റ്റാളുകൾ ഉണ്ടായിരിക്കുന്നതാണ്. കാർഷിക വിളപ്രദർശനമത്സരം, കാർഷിക സെമിനാറുകൾ സിമ്പോസിയങ്ങൾ, കാർഷിക മത്സരങ്ങൾ, കലാസന്ധ്യ, പരിശീലന പരിപാടികൾ, ഫുഡ് ഫെസ്റ്റ്, സാംസ്കാരിക സമ്മേളനങ്ങൾ, ഡോഗ് ഷോ തുടങ്ങിയ വിവിധ പരിപാടികൾ കാർഷിക മേളയോടനുബന്ധിച്ച് നടക്കും.

**2. സോൺ മത്സരങ്ങൾ**

കാർഷിക മേളയുടെ ഭാഗമായി സോൺ തലത്തിൽ നാല് ഇനങ്ങളിലായി മത്സരങ്ങൾ നടക്കുന്നു.

1. വിളപ്രദർശന സ്റ്റാൾ അലങ്കരിക്കൽ (7 ഫൊറോന)
2. ഹരിതസ്റ്റാൾ (ഗ്രോബാഗ്, കൂട് തുടങ്ങിയവയിൽ പച്ചക്കറികൃഷി ചെയ്യുന്ന സ്റ്റാൾ (4 ഫൊറോന)
3. ഫ്ളവർ ഷോ (3 ഫൊറോന)
4. കരകൗശല സ്റ്റാൾ (3 ഫൊറോന)

**3. അടുക്കളത്തോട്ടം & മന്നാ അവാർഡ്**

കാർഷിക മേളയുടെ ഭാഗമായി സോൺതലത്തിൽ അടുക്കളത്തോട്ട മത്സരം സംഘടിപ്പിക്കുന്നു. ഇടവക തലത്തിൽ അടുക്കളത്തോട്ട മത്സരം നടത്തി നവംബർ 15-നകം ഫൊറോന തലത്തിൽ ലിസ്റ്റ് നൽകേണ്ടതാണ്. സോൺ വിലയിരുത്തൽ നവംബർ 20-നകം പൂർത്തിയാക്കേണ്ടതാണ്. ഇടവകയിലെ വൈദികരുടെ നേതൃത്വത്തിൽ നടത്തുന്ന പച്ചക്കറികൃഷിത്തോട്ടങ്ങൾക്ക് മന്നാ അവാർഡ് നൽകി കാർഷികമേളയിൽ ആദരിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പി.എസ്.ഡബ്ല്യു.എസ്. ഓഫീസിൽ പേര് നൽകേണ്ടതാണ്.

**4. കാർഷികമേള ആലോചനായോഗം**

കാർഷികമേളയുടെ ആലോചനായോഗം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായുടെ അദ്ധ്യക്ഷതയിൽ നടന്നു. സോൺ ഡയറക്ടർമാർ, കൺവീനർമാർ, ജോ. കൺവീനർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

**5. ചേർപ്പുങ്കൽ മെഡിസിറ്റി യാത്ര**

അത്യാധുനിക സൗകര്യങ്ങളോടെ പ്രവർത്തന സജ്ജമായിരിക്കുന്ന ചേർപ്പുങ്കൽ മെഡിസിറ്റിയിലേക്ക് പി.എസ്.ഡബ്ല്യൂ.എസ്. കുടുംബാംഗങ്ങളുടെ നേതൃത്വത്തിൽ യാത്ര സംഘടിപ്പിച്ചു. 1500ലധികം ആളുകൾ പങ്കെടുത്തു.

**6. മുട്ടക്കോഴി വിതരണം**

ബി.വി. 380 എന്ന ഇനത്തിൽപെട്ട 55-60 ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ ഒക്ടോബർ 13,14,15 തീയതികളിൽ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ്, മുട്ടുചിറ, സീയോൻ ഭവൻ എന്നിവിടങ്ങളിൽ വച്ച് വിതരണം ചെയ്യും.

**7. കാർഷിക സെമിനാർ**

മല്ലികശ്ശേരി, മൂഴൂർ, ചേർപ്പുങ്കൽ, വാകക്കാട് എന്നീ സ്ഥലങ്ങളിൽ വച്ച് കാർഷിക സെമിനാർ നടന്നു.

**8. എസ്.എച്ച്. ഗ്രൂപ്പ് വാർഷികം**

വാകക്കാട്, വേദഗിരി, മാവടി, പാലാക്കാട്, മീനച്ചിൽ എന്നീ സ്വാശ്രയ സംഘങ്ങളുടെ വാർഷികങ്ങൾ നടന്നു.

**9. മെഡിക്കൽ ക്യാമ്പുകൾ**

കുറവിലങ്ങാട്, പറത്താനം എന്നീ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് നടന്നു.

**10. മൂഴൂർ മിത്രം ഫുഡ് പ്രോഡക്ട്**

മൂഴൂർ സ്വാശ്രയസംഘത്തിന്റെയും ഫാർമേഴ്സ് ക്ലബിന്റെയും സംരംഭമായ മൂഴൂർ മിത്രം ഫുഡ് പ്രൊഡക്ടിന്റെ ഉദ്ഘാടനം മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചു.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

---

# ഡി.സി.എം.എസ്.

---

**1. നീതി ഞായർ ദിനാചരണവും ഐക്യദാർഢ്യസമ്മേളനവും**

പാലാ രൂപത ദളിത് കത്തോലിക്കാ മഹാജനസഭ അഖില കേരള കത്തോലിക്കാ കോൺഗ്രസ് എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ വിവിധ ക്രൈസ്തവ സംഘനടകളുടെ സഹകരണത്തോടെ നീതി ഞായർ ദിനാചരണവും ഐക്യദാർഢ്യസമ്മേളനവും 2019 ആഗസ്റ്റ് 29 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനദേവാലയയോഗ ഹാളിൽ വച്ച് നടത്തപ്പെട്ടു.

എ.കെ.സി.സി. പാലാ രൂപതാ പ്രസിഡന്റ് ശ്രീ. രാജീവ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം കെ.സി.ബി.സി എസ്.സി/എസ്.റ്റി/ബി.

സി. കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം നിർവ്വഹിച്ചു. വികാരി ജനറാൾ റവ.മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അനുഗ്രഹപ്രഭാഷണം നടത്തി. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖപ്രസംഗവും ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണവും ശ്രീ. പി.ഒ. പീറ്റർ പാറയിൽ വിഷയാവതരണവും നടത്തി. ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറത്ത് സ്വാഗതം ആശംസിച്ച യോഗത്തിന് എ.കെ.സി.സി. ഗ്ലോബൽ വൈസ് പ്രസിഡന്റ് ശ്രീ. സാജു അലക്സ്, പാലാ രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സിജു സെബാസ്റ്റ്യൻ പിതൃവേദി രൂപതാ പ്രസിഡന്റ് ശ്രീ. ജോസ് കീലത്ത്, മാതൃവേദി രൂപത സെക്രട്ടറി ശ്രീമതി മേരിക്കുട്ടി അഗസ്റ്റിൻ, ഡി.സി.എം.എസ്. രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി സെലിൻ ജോസഫ് എസ്.എം.വൈ.എം. രൂപതാ കമ്മറ്റിയംഗം ദേവസ്യാച്ചൻ പുളിക്കൽ, ഡി.സി.എം.എസ്. രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല, വിൻസെന്റ് ഡി പോൾ പ്രതിനിധി ശ്രീ. ബേബിച്ചൻ അഴിയാത്ത് സി.എം.എൽ. പ്രതിനിധി ശ്രീ. സൈജു കോലത്ത്, ശ്രീ. ജോസ് വട്ടുകുളം, ശ്രീമതി ആൻസമ്മ സാബു, ശ്രീ. ജോബിൻ പുതിയിടത്തുചാലിൽ, ശ്രീ. എമ്മാനുവേൽ നിധീരി, ശ്രീ. ജോയി കണിപറമ്പിൽ എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു.

**2. സിവിൽ സർവ്വീസ് പരിശീലന ക്ലാസ്സ്**

പാലാ രൂപതാ ഡി.സി.എം.എസ്. വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന സിവിൽ സർവ്വീസ് പരിശീലന ക്ലാസിന്റെ രണ്ടാമത് ബാച്ച് 2019 സെപ്റ്റംബർ 7-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് കെ.സി.ബി.സി. SC/ST/BC കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. ഡി.സി.എം.എസ്. രൂപതാ ഡയറക്ടർ റവ.ഫാ. ജോസ് വടക്കേക്കുറ്റ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു, രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല, രൂപതാ ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ പ്രോഗ്രാം കൺവീനേഴ്സ് ശ്രീ. ജോയി മാത്യു, ശ്രീമതി ബിന്ദു സാലസ് തുടങ്ങിയവർ പ്രസംഗിച്ചു. കരിയർ മൈന്റ്സ് ഡയറക്ടർ ശ്രീ. ജോർജ് കരുണയ്ക്കൽ & ടീം ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു.

**3. +1,+2, ഡിഗ്രി, പി.ജി. വിദ്യാർത്ഥികളുടെ ജീവിതദർശനക്യാമ്പ്**

+1,+2, ഡിഗ്രി, പി.ജി. വിദ്യാർത്ഥികളുടെ ജീവിതദർശനക്യാമ്പ് 2019 സെപ്റ്റംബർ 12,13,14 തീയതികളിലായി മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. KCBC SC/ST/BC കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പ്രസ്തുത ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി സെലിൻ ജോസഫ്, രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല, ശ്രീമതി ബിജി അഗസ്റ്റിൻ, ശ്രീ. ബേബി പാറയ്ക്കൽ, ശ്രീ. സന്ദീപ് കോക്കപ്പുറത്തുകുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു.

ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ ശ്രദ്ധേയരായ പാലാ സെന്റ് തോമസ് കോളേജ്, പാലാ അൽഫോൻസാ കോളേജുകളിലെ പ്രഗല്ഭരായ പ്രൊഫസർമാർ, ജീസസ് യൂത്ത് പാലാ രൂപതാ ടീം, ബഹുമാനപ്പെട്ട വൈദികർ എന്നിവരുടെ നേതൃത്വത്തിൽ വ്യക്തിത്വവികസനം, കൗമാരവിദ്യാഭ്യാസം, വിശ്വാസയുവത്വം, മൂല്യബോധനം, വൈകാരിക പക്വത, ഉന്നതവിദ്യാഭ്യാസം, സ്വയാവബോധം തുടങ്ങിയ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ് നടത്തപ്പെട്ടു. നൂറോളം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പങ്കെടുത്തു.

**4. സംസ്ഥാന ജസ്റ്റിസ് സൺഡേ സമാപനസമ്മേളനം**

2019 ആഗസ്റ്റ് 27-ാം തീയതി നെയ്യാറ്റിൻകരയിൽ വച്ച് ഡി.സി.എം.എസ്. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ജസ്റ്റിസ് സൺഡേ സമാപനസമ്മേളനത്തിൽ പാലാ രൂപത ഡി.സി.എം.എസ്. ഡയറക്ടർ റവ.ഫാ. ജോസ് വടക്കേക്കുറ്റിന്റെ നേതൃത്വത്തിൽ 7 പേർ പങ്കെടുത്തു.

**5. തീർത്ഥാടനപദയാത്ര – രാമപുരത്തേയ്ക്ക്**

ഒക്ടോബർ 16 വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കലേയ്ക്ക് തീർത്ഥാടനപദയാത്ര നടത്തപ്പെടുന്നു. ഡി.സി.എം.എസ്. പാലാ രൂപതയുടെ നേതൃത്വത്തിൽ ചക്കാമ്പുഴയിൽ നടത്തപ്പെടുന്ന പദയാത്ര കുഞ്ഞച്ചന്റെ കബറിടത്തിങ്കൽ എത്തി 2 മണിക്ക് ഡി.സി.എം.എസ്. സമർപ്പിതസംഗമവും സമൂഹബലിയും നടത്തപ്പെടുന്നു.

**6. രൂപതാ നേതൃത്വപഠന ക്യാമ്പ് – ഒക്ടോബർ 19,20 തീയതികളിൽ**

ഡി.സി.എം.എസ്. പാലാ രൂപത കൗൺസിൽ അംഗങ്ങൾക്കായി സംസ്ഥാന സമിതിയുടെ സഹകരണത്തോടെ 2019 ഒക്ടോബർ 19, 20 തീയതികളിൽ ക്യാമ്പ് മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തുന്നതാണ്. ഒക്ടോബർ 19 വൈകിട്ട് 5 മണിക്ക് ആരംഭിക്കുന്ന ക്യാമ്പ് 20 ഞായറാഴ്ച വൈകിട്ട് 4 മണിക്ക് സമാപിക്കുന്നതാണ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഒക്ടോബർ 10 നകം ഡി.സി.എം.എസ്. രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**7. TSDTP- Talent and Skill Development Training Programme for High School Students**

KCBC SC/ST/BC കമ്മീഷൻ, ഡി.സി.എം.എസ്. സംസ്ഥാന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ദളിത് കത്തോലിക്കാ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി Talent and skill development training programme 2020 ജനുവരി 1 മുതൽ ആരംഭിക്കുന്നതാണ്. ഇതിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 2019 നവംബർ 30-നകം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഡി.സി.എം.എസ്. പാലാ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. വിശുദ്ധ മദർ തെരേസാ അനുസ്മരണസമ്മേളനം- മരങ്ങാട്ടുപിള്ളി**

പാലാ ജനമൈത്രി പോലീസിന്റെയും സന്മനസ് കൂട്ടായ്മയുടെയും ആഭിമുഖ്യത്തിൽ മരങ്ങാട്ടുപിള്ളി ലേബർ ഇൻഡ്യാ ഗ്രീൻ ഗാർഡൻ ആശ്രമത്തിൽ വിശുദ്ധ മദർ തെരേസാ അനുസ്മരണം നടത്തി. മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആൻസമ്മ സാബു സമ്മേളനം ഉദ്ഘാടനം ചെയ്തു. പാലാ ജനമൈത്രി പോലീസ്, സി. ആർ. ഒ. ബിനോയി തോമസ് മുഖ്യപ്രഭാഷണം നടത്തി. ജോർജ് സന്മനസ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ലേബർ ഇൻഡ്യ ഗ്രീൻ ഗാർഡൻ ആശ്രമം പ്രസിഡന്റ് ജോർജ് കുളങ്ങര, പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.കെ. അലക്സ്, സുജ ജോർജ്, ലാലി ജോർജ്, റെൻസോയി ജോസ്, ഡെയ്സി തോമസ് എന്നിവർ പ്രസംഗിച്ചു.

**2. വിശുദ്ധ മദർ തെരേസാ അനുസ്മരണസമ്മേളനം - മരിയസദനത്തിൽ**

കോട്ടയം ജില്ലാ സാമൂഹികനീതി വകുപ്പ് സംഘടിപ്പിച്ച മദർ തെരേസാ അനുസ്മരണസമ്മേളനം ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാൻ ഫാ. റോയി വടക്കേൽ ഉദ്ഘാടനം ചെയ്തു. സാമൂഹിക നീതി ഓഫീസർ എം.എം. മോഹൻദാസ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. റവ.ഡോ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ അനുസ്മരണപ്രസംഗം നടത്തി. ജോർജ് കുളങ്ങര, സാമൂഹിക നീതി വകുപ്പ് സീനിയർ സൂപ്രണ്ട് എൻ.പി. പ്രമോദ്കുമാർ, സന്തോഷ് മരിയസദനം, എം.പി. ജോസ്, എസ്.പി. നമ്പൂതിരി, ബിനോയി തോമസ്, സിജിത അനിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**3. ഓണാഘോഷം - ആവണി 2019**

കെയർഹോംസ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ഓണാഘോഷം ആവണി 2019 മരങ്ങാട്ടുപിള്ളി ലേബർ ഇൻഡ്യ പബ്ലിക് സ്കൂളിൽ വച്ച് നടത്തി. വൈസ് പ്രസിഡന്റ് സിബി ചെരുവിൽപുരയിടം അധ്യക്ഷത വഹിച്ച യോഗത്തിൽ ജോർജ് കുളങ്ങര ഓണാഘോഷം ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം ആമുഖപ്രഭാഷണം നടത്തി. ഇതോടനുബന്ധിച്ച് ഓണമത്സരങ്ങൾ, ഓണസദ്യ, പായസവിതരണം എന്നിവ സംഘടിപ്പിച്ചു. വിവിധ ഓണമത്സരങ്ങളിലും സമ്മാനകൂപ്പൺ നറുക്കെടുപ്പിലും വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

**4. നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്തു**

പാലാ രൂപതയിലെ വിവിധ ജീവകാരുണ്യ സ്ഥാപനങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ, സ്റ്റേഷനറി സാധനങ്ങൾ ഉൾപ്പെടെ നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്തു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. തൊഴിലാളി ക്ഷേമനിധി സെമിനാർ -മണിയംകുന്ന്**

ഇടവകയിൽ കേരള ലേബർമൂവ്മെന്റിന്റെ സഹകരണത്തോടെ തൊഴിലാളി ക്ഷേമനിധി സെമിനാർ നടത്തി. വികാരി ഫാ. സിറിയക് കൊച്ചുകൈപ്പെട്ടിയിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു. സെമിനാറിൽ 42 പേർ പങ്കെടുത്തു.

**2. തൊഴിലാളി ക്ഷേമനിധി സെമിനാർ – കൈപ്പള്ളി**

കെ. എൽ. എം. ന്റെ നേതൃത്വത്തിൽ സർക്കാർ ക്ഷേമപദ്ധതികൾ ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് സെമിനാർ നടത്തി. ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു. വികാരി ഫാ. സ്കറിയ മലമാക്കൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

**3. തൊഴിലാളി ക്ഷേമനിധി സെമിനാർ – പറത്താനം**

പറത്താനം ഇടവകയിൽ തൊഴിലാളി ക്ഷേമനിധി, പെൻഷൻ, വിവിധ ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് ഒരു സെമിനാർ നടത്തി. വികാരി ഫാ. ജോസഫ് അറയ്ക്കൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു.

**4. തൊഴിലാളി ക്ഷേമനിധി സെമിനാർ – വേലനിലം**

വേലനിലം ഇടവകയിൽ കെ.എൽ.എം. ന്റെ സഹകരണത്തോടെ തൊഴിലാളി ക്ഷേമനിധി സെമിനാർ നടത്തി. വികാരി ഫാ. പോൾ പാറയ്ക്കൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു.

**5. തൊഴിലാളി ക്ഷേമനിധി സെമിനാർ – ഇടമറ്റം**

കെ.എൽ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ഇടമറ്റം പാരിഷ് ഹാളിൽ വച്ച് തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന വിവിധ ആനുകൂല്യങ്ങളെക്കുറിച്ച് ഫാ. സ്കറിയ വേകത്താനം ക്ലാസ്സെടുത്തു. വികാരി ഫാ. ജോർജ് മൂലേച്ചാലിൽ മീറ്റിംഗ് അധ്യക്ഷത വഹിച്ചു. 40 ഓളം പേർ സെമിനാറിൽ സംബന്ധിച്ചു.

**6. തൊഴിലാളിക്ഷേമനിധി സെമിനാർ – മാവടി പള്ളി**

മാവടി ഇടവകയിൽ കെ.എൽ.എം.ന്റെ നേതൃത്വത്തിൽ തൊഴിലാളി ക്ഷേമനിധി സെമിനാർ സംഘടിപ്പിച്ചു. വികാരി ഫാ. ജോസഫ് മേച്ചേരിൽ ആമുഖപ്രഭാഷണം നടത്തി. ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു.

**7. തൊഴിലാളി ക്ഷേമനിധി സെമിനാർ – അമ്പാറനിരപ്പേൽ**

അമ്പാറനിരപ്പേൽ ഇടവകയിൽ ഗവൺമെന്റിന്റെ വിവിധ പദ്ധതികൾ, ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് ഏകദിനസെമിനാർ നടത്തി. ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു. വികാരി ഫാ. ജോസഫ് മുണ്ടയ്ക്കൽ ആമുഖപ്രഭാഷണം നടത്തി. സെമിനാറിൽ 60 ഓളം പേർ പങ്കെടുത്തു.

**8. ഡയറക്ടേഴ്സ് മീറ്റ് എറണാകുളം പി.ഒ.സി.യിൽ**

കേരള ലേബർ മൂവ്മെന്റ് സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ എറണാകുളം പി.ഒ.സി.യിൽ വച്ച് രൂപതാ ഡയറക്ടേഴ്സ് മീറ്റ് നടത്തി. പ്രസിഡന്റ് ഷാജു ആന്റണി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. പ്രസാദ് കണ്ടത്തിപറമ്പിൽ ആമുഖപ്രഭാഷണവും ജോയി ഗോതുരുത്ത് മുഖ്യപ്രഭാഷണവും നടത്തി. വിവിധ രൂപതകളിലെ 20 ഓളം പ്രതിനിധികൾ പങ്കെടുത്തു പാലാ രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. സ്കറിയ വേകത്താനം മീറ്റിംഗിൽ സംബന്ധിച്ചു.

**ഇടവകയിൽ അറിയിക്കേണ്ടവ**

**1. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

ചാർട്ടേർഡ് അക്കൗണ്ട്സ്/കോസ്റ്റ് ആൻഡ് വർക്ക് അക്കൗണ്ട്സ് (കോസ്റ്റ് ആൻഡ് മാനേജ്മെന്റ് അക്കൗണ്ട്സ് / കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ക്രൈസ്തവസമൂഹത്തിലെ വിദ്യാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. 60% മാർക്കു നേടുന്ന ബി.കോം അല്ലെങ്കിൽ മറ്റു ബിരുദധാരികളിൽ നിന്നും മെറിറ്റിന്റെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. 15000 രൂപയാണ് സ്കോളർഷിപ്പ് തുക. www.minoritywelfare.kerala.gov.in. ൽ ഓൺലൈനായി അപേക്ഷിക്കാം. ഫോൺ 0471 2302090. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 21.

**2. പ്ലസ്ടു പഠനത്തിന് സി.ബി.എസ്.ഇയുടെ ഒറ്റപെൺകുട്ടി സ്കോളർഷിപ്പ്**

സി.ബി.എസ്.ഇ. സ്കൂളിൽ പതിനൊന്നാം ക്ലാസിൽ പഠിക്കുന്ന കുടുംബത്തിലെ ഒറ്റപെൺകുട്ടിക്ക് മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കാം. 2019-ൽ സി.ബി.എസ്.ഇ. സ്കൂളിൽനിന്നും പത്താംക്ലാസ് പരീക്ഷ 60 ശതമാനം മാർക്കോടെ ജയിച്ച സി.ബി.എസ്.ഇ. സ്കൂളിൽ പതിനൊന്നിൽ പഠിക്കുന്നവരെയാണ് പരിഗണിക്കുക. ഇവർ കുടുംബത്തിലെ ഏകകുട്ടി ആയിരിക്കണം. രണ്ടു വർഷത്തേക്ക് മാസം 500 രൂപ നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കും. അപേക്ഷ ഓൺലൈനായി ഒക്ടോബർ 18 നകം http:\\cbse.nic.in/newsite/student.html ൽ സ്കോളർഷിപ്പ് ലിങ്ക് വഴി നൽകും.

**3. സ്നേഹപൂർവ്വം പദ്ധതി**

കേരള സാമൂഹിക സുരക്ഷാ മിഷൻ നടപ്പാക്കുന്ന സ്നേഹപൂർവ്വം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അച്ഛനോ അമ്മയോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞതും നിർധനരുമായവരുമായ കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദ/പ്രഫഷണൽ ബിരുദവിദ്യാർത്ഥികൾക്കുള്ള പ്രതിമാസസഹായപദ്ധതിയാണ് സ്നേഹപൂർവ്വം. വിശദവിവരങ്ങൾ www.socialsecuritymission.gov.in. ലും 18001201001 ടോൾ ഫ്രീ. നമ്പറിലും ലഭിക്കും.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# അഡാർട്ട്

**1. ബോധവൽക്കരണ ക്ലാസുകൾ**

ഉഴവൂർ (സെപ്തംബർ 8) കടുത്തുരുത്തി എസ്.വി.ഡി. (സെപ്തംബർ 9) കാഞ്ഞിരമറ്റം (സെപ്തംബർ 13), കുഞ്ഞച്ചൻ ഭവൻ, രാമപുരം (സെപ്തംബർ 24), ഡേവീസ് നഗർ പെരുമലകുന്ന് (സെപ്തംബർ 25).

**2. അഡാർട്ട് – 35–ാം വാർഷികം**

1984 ഓഗസ്റ്റ് 15–ന് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച് ഇപ്പോൾ കേന്ദ്രഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ആദ്യത്തെ ലഹരിവിമോചനചികിത്സാകേന്ദ്രമായ അഡാർട്ടിന്റേയും ലഹരിവിമുക്തരുടെ കൂട്ടായ്മയായ എ.എ. യുടെയും അൽ–അനോൺ, അൽ–അറ്റീൻ (ജീവിത പങ്കാളിയുടേയും, കുട്ടികളുടേയും) എന്നിവയുടെയും 35–ാം വാർഷികം സെപ്തംബർ 7–ാം തീയതി അഡാർട്ടിൽ വച്ച് നടത്തി. പാലാ രൂപതാമെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് അദ്ധ്യക്ഷത വഹിച്ചയോഗം തോമസ് ചാഴിക്കാടൻ എം.പി. ഉദ്ഘാടനം ചെയ്തു. പാലാ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ബിജി ജോജോ വാർഡ് കൗൺസിലർ ശ്രീമതി സിബിൽ തോമസ്, സന്തോഷ് മരിയാസദൻ, ബിനോയി ഊട്ടുപുഴ, ആർ.ആർ. റ്റി.സി. സൗത്ത്, സെക്കന്റ് കോ-ഓർഡിനേറ്റർ ശ്രീ. റ്റി.എം. മാത്യു, കൗൺസിലർ ഡിജോ ദാസ്, പാപ്പച്ചൻ മുത്തോലി, അംബികൻ അമനകര, രാജിവ് ശാന്തി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് സ്വാഗതവും കൗൺസിലർ ഷാജി കച്ചിമറ്റം കൃതജ്ഞതയും ആശംസിച്ചു. എ.എ. അൽ–അനോൺ, അൽ–അറ്റീൻ അംഗങ്ങൾ വിവിധകലാപരിപാടികൾ അവതരിപ്പിച്ചു.

**3. ആത്മവിശുദ്ധീകരണധ്യാനം**

സെപ്തംബർ 4,5,6 തീയതികളിൽ ലഹരിമുക്തരായവർക്കുവേണ്ടി അഡാർട്ടിൽ വച്ച് ആത്മവിശുദ്ധീകരണധ്യാനം നടത്തി. ഫാ. മൈക്കിൾ വി.സി., തങ്കച്ചൻ തുണ്ടിയിൽ, ഫാ. മാത്യു പുതിയിടത്ത്, എൽ.എം. സെബാസ്റ്റ്യൻ എന്നിവർ വചനസന്ദേശം നൽകി.

**4. ഗാന്ധിജി വിചാരസത്രം**

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ 150–ാം ജന്മദിനം പ്രമാണിച്ച് അഡാർട്ടും കോട്ടയം ജില്ലാ ഗാന്ധിജി യുവമണ്ഡലവും ചേർന്നു സെപ്തംബർ 21–ാം തീയതി നടത്തിയ ഗാന്ധിജി വിചാരസത്രം പ്രോഗ്രാമിൽ തീക്കോയി സെന്റ് മേരീസ് എച്ച്.എസ്.എസിലെ 45 കുട്ടികൾ പങ്കെടുത്തു.

**5. ജയിൽ മിനിസ്ട്രി**

സെപ്തംബർ 14–ാം തീയതി പാലാ സബ് ജയിലിൽ ഫാ. മാത്യു പുതിയിടത്ത് പ്രാർത്ഥനാശുശ്രൂഷ നടത്തി. ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ സന്ദേശം നൽകി. ഇലഞ്ഞി ഫൊറോനായിലെ യുവജനങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

സെപ്തംബർ 21-ാം തീയതി ഇടുക്കി ജില്ലാ സബ്ജയിലിൽ (മുട്ടം), ഫാ. മാത്യു പുതിയിടത്ത് പ്രാർത്ഥനാശുശ്രൂഷ നടത്തി. ഫാ. ജോസഫ് ചീനോത്തുപറമ്പിൽ സന്ദേശം നൽകി. മോനിപ്പള്ളി സെന്റ് തോമസ് ഇടവകയിലെ സി.എം.എൽ. അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**6. സാരഥി**

സാരഥി സംസ്ഥാന കാര്യാലയത്തിൽ നിന്ന് 2 റീജയൻസി ബ്രദേഴ്സ് സാരഥി പാലാ യൂണിറ്റിലെ വിവിധ ശാഖകൾ സന്ദർശിക്കുകയും യൂണിറ്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും വിവിധ സ്ഥലങ്ങളിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ സഹായിക്കുകയും ചെയ്തു. മാസമീറ്റിംഗുകൾ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ്** - 2019

ലോഗോസ് ക്വിസ് മത്സരം 2019 സെപ്തംബർ 29-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3 മണി വരെയാണ്.

ചോദ്യപേപ്പർ വിതരണം 2019 സെപ്തംബർ 28-ന് ഉത്തരക്കടലാസ് സെപ്തംബർ 30-ന് 5 മണിക്ക് മുമ്പായി ഹാൾ ടിക്കറ്റ് അടിസ്ഥാനത്തിൽ അടുക്കി ഓഫീസിൽ തിരിച്ചേല്പിക്കണം. മത്സരത്തിന്റെ ഹാൾടിക്കറ്റ് പ്രിന്റ് എടുക്കുവാൻ റെഡിയാണ് ഒക്ടോബർ 19-ാം തീയതി ഫലം പ്രഖ്യാപിക്കുന്നതാണ്.

**2. ലോഗോസ് ഫാമിലിക്വിസ്**

ലോഗോസ് ഫാമിലി ഫൊറോനതലമത്സരം 2019 നവംബർ 17-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ നടക്കുന്നതാണ്.

**3. പരീക്ഷാകേന്ദ്രങ്ങളും അവ ഉൾപ്പെടുന്ന ഫൊറോനകളും**

അരുവിത്തുറ - അരുവിത്തുറ, പൂഞ്ഞാർ, തീക്കോയി, കൂട്ടിക്കൽ

കുറവിലങ്ങാട് - കടുത്തുരുത്തി, കോതനല്ലൂർ, കുറവിലങ്ങാട്, മുട്ടുചിറ

പാലാ - ഭരണങ്ങാനം, ചേർപ്പുങ്കൽ, പാലാ, പ്രവിത്താനം

രാമപുരം - ഇലഞ്ഞി, കടനാട്, രാമപുരം

തുടങ്ങനാട് - മൂലമറ്റം, തുടങ്ങനാട്

ഫൊറോനാതലത്തിൽ മത്സരിക്കുന്നവരുടെ പേരും എണ്ണവും 2019 നവംബർ 1-ാം തീയതിക്കു മുമ്പായി രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

മത്സരത്തിനുവരുമ്പോൾ നിർദ്ദിഷ്ടഫോം (ഫോം വെബ്സെറ്റിൽ ലഭ്യമാണ്) മുഴുവൻ പൂരിപ്പിച്ച് വികാരിയച്ചന്റെ ഒപ്പോടെ കൊണ്ടു വന്ന് ഏല്പിക്കേണ്ടതാണ്.

ഫോം പൂരിപ്പിച്ച് തരാത്തവരെയും ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്തവരെയും മത്സരത്തിൽ പങ്കെടുപ്പിക്കുകയില്ല.

**4. ബൈബിൾ കോഴ്സ്**

അത്മായർക്കായി സംഘടിപ്പിച്ചിരിക്കുന്ന ഏകവർഷ/ദ്വിവർഷ ബൈബിൾ ക്ലാസുകൾ സെപ്തംബർ 14-ാം തീയതി യഥാക്രമം ഫാ. സെബാസ്റ്റ്യൻ അടപ്പാശ്ശേരിയിൽ, ഫാ. ജോസഫ് മണിയങ്ങാട്ട് എന്നിവർ നയിച്ചു. അടുത്ത ക്ലാസുകൾ ഒക്ടോബർ 8,12 തീയതികളിൽ ഏകവർഷക്കാർക്കും 12-ാം തീയതി ദ്വിവർഷക്കാർക്കും ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനി** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 6,13,20,27 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. റവ.ഫാ. ഫ്രാൻസീസ് തെയിലക്കാട്ടിൽ, ഫാ. നോബിൾ മാട്ടേലിൽ സി.എം.ഐ., ഫാ. ഫ്രാൻസിസ് മരുതുങ്കൽ OFM Cap., ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്രദർ സുബിൻ രാമപുരം, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. ഉപവാസപ്രാർത്ഥന ഷാലോമിൽ**

ഈ മാസം 2,3,4,5,9,11,12,16,17,18,23,24,25,26,30 തീയതികളിൽ ഷാലോമിൽ വച്ച് രാവിലെ 10 മണി മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. സഭയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ബ്രദർ ജോസഫ് കുന്നപ്പള്ളി, മോനിക്കുട്ടി മാങ്കാലായിൽ, മേരി പാറയിൽ, ചാക്കോ ചെട്ടിമാട്ടേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. സെൽപ്രാർത്ഥന ഷാലോമിൽ**

ഈ മാസം 2,9,16,23,30 തീയതികളിൽ പാലാ ഷാലോമിൽ വച്ച് വൈകുന്നേരം 4 മണി മുതൽ 5.30 വരെ സെൽ പ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്കിന്റെയും കുടുംബകൂട്ടായ്മയുടെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം, പി.പി. തോമസ് റ്റോമി മരുതോലിൽ, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥ പ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ, ഈ മാസം 17-ാം തീയതി ചൊവ്വാഴ്ച ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ അദ്ധ്യക്ഷതയിൽകൂടി കഴിഞ്ഞമാസം പ്രവർത്തിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയും അടുത്തമാസം ചെയ്യേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും

ചെയ്തു. വരാൻപോകുന്ന 37-ാമത് കൺവെൻഷനുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു. ബ്രദർ അഗസ്റ്റിൻ ചെരിപ്പുറം വചനം പ്രഘോഷിച്ചു. തങ്കച്ചൻ ശ്രാമ്പിക്കൽ, ജോർജ് ഓടയിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. വചനദീപ്തിധ്യാനം**

പാലാക്കാട് ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ സെപ്റ്റംബർ 5 വ്യാഴാഴ്ചയും മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ സെപ്റ്റംബർ 6-ാം തീയതി വെള്ളിയാഴ്ചയും വചനദീപ്തി തുടർധ്യാനം നടത്തപ്പെട്ടു. പാലാക്കാട് ദൈവാലയത്തിൽ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലും മീനച്ചിൽ ദൈവാലയത്തിൽ റവ.ഫാ. ബിജോ കൊച്ചുതറയിൽ വി.സി. കാഞ്ഞിരപ്പിള്ളിയും വചന ശുശ്രൂഷയും ആരാധനയും നയിച്ചു.

**2. ഇടവക തലത്തിൽ വചനശുശ്രൂഷയും ആരാധനയും**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിൽ ഇടവകവികാരിമാർ ആവശ്യപ്പെടുന്നതനുസരിച്ച് വചനശുശ്രൂഷയും ആരാധനയും കരിസ്മാറ്റിക് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. സെപ്റ്റംബർ 13-ാം തീയതി വെള്ളിയാഴ്ച അന്ത്യാളം ഇടവകയിലും 14-ാം തീയതി ശനിയാഴ്ച ഇടപ്പാടി ഇടവകയിലും ബ്രദർ സജി പാലായും, ജിയോവാലി സെന്റ് ജോർജ് ദൈവാലയത്തിൽ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലും 14-ാം തീയതി ശനിയാഴ്ച രാമപുരം സബ് സോണിന്റെ നേതൃത്വത്തിൽ ബ്രദർ ബെന്നി രാമപുരം മുതിർന്ന ആൾക്കാർക്കും കുട്ടികൾക്ക് സി. മാത്യു കുര്യാക്കോസ്, സി. ബ്രിജീറ്റ വചനശുശ്രൂഷയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകി.

**3. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും തുടർന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമവും മിനിസ്ട്രികളുടെ കൂട്ടായ്മയും സെപ്തംബർ 7-ാം തീയതി ശനിയാഴ്ച 9.30 മുതൽ 2.30 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ബ്രദർ റ്റോമി ഇലവുങ്കൽ കോതമംഗലം വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ കരിസ്മാറ്റിക് നവീകരണ പ്രവർത്തനത്തിന് നേതൃത്വം നൽകി. സോണൽ സേവന സമിതിയും തുടങ്ങനാട് സബ് സോൺ സേവനസമിതി അംഗങ്ങളും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**4. സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം സെപ്തംബർ 2-ാം തീയതി തിങ്കളാഴ്ച രാവിലെ 9.30 മുതൽ 1 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**5. വരദാന മദ്ധ്യസ്ഥപ്രാർത്ഥന - ഫൊറോന തലത്തിൽ**

വരദാന മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഫൊറോനാതല ശുശ്രൂഷകൾ സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ കൂട്ടിക്കൽ, പ്രവിത്താനം, ഇലഞ്ഞി, മുട്ടുചിറ, കടുത്തുരുത്തി, രാമപുരം, ഭരണങ്ങാനം, തീക്കോയി, കൂട്ടിക്കൽ, അരുവിത്തറ എന്നീ ഫൊറോനാകൾ കേന്ദ്രീകരിച്ചു നടത്തപ്പെട്ടു.

**6. ഹിന്ദി കൂട്ടായ്മ**

സോണൽ സേവന സമിതിയുടെ നേതൃത്വത്തിൽ നമ്മുടെയിടയിൽ അധിവസിക്കുന്ന അന്യഭാഷാ സംസാരിക്കുന്നവർ യേശുവിനെ കൂടുതൽ അറിയുവാനും മനസ്സിലാക്കുവാനുമായി ജൂലൈ 2019 ൽ ആരംഭം കുറിച്ച വചനശുശ്രൂഷയും സൗഖ്യ പ്രാർത്ഥനയും സെപ്റ്റംബർ മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും പാലാ സെന്റ് തോമസ് എച്ച്.എസ്. ആഡിറ്റോറിയത്തിൽ വച്ച് രാവിലെ 9 മുതൽ 2 മണി വരെ നടത്തപ്പെട്ടു. സെപ്തംബർ മാസത്തിലെ ആദ്യ ഞായറാഴ്ച റവ.ഫാ. നോബിൾ മാടിലിൽ, ബ്രദർ ജോർജ് കൂറ്റനാൽ, ബ്രദർ തോമസ് മുള്ളമട, ബ്രദർ ഫ്രാൻസിസ് ത്രിച്ചൂർ, ഡീക്കൻ ജേമറ്റ് ജഗദൽപ്പൂർ മിഷൻ എന്നിവർ തുടർ ഞായറാഴ്ചകളിൽ വചനശുശ്രൂഷ നയിച്ചു.

റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ.ഫാ. കുര്യൻ മറ്റം എന്നിവർ ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സണ്ണി പള്ളിവാതുക്കൽ, ജോർജുകുട്ടി ഞാവള്ളിൽ, മാത്യുകൂട്ടി താന്നിക്കൽ, ബ്രദർ ജോർജ് കൂറ്റനാൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. നമ്മുടെ ഇടവകകളിൽ അധിവസിക്കുന്ന അന്യഭാഷ സംസാരിക്കുന്നവരെ ഈ സദ്വാർത്ത അറിയിക്കുമല്ലോ.

**7. ജീസസ് ഏയ്ഞ്ചൽസ് ഹോളി അപ്പ് ഫോർമേഷൻ**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിലെ കുട്ടികളെ ക്രൈസ്തവ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുന്നതിനായി ഇടവകകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കായി ഏകദിനവചനശുശ്രൂഷകൾ നടത്തിവരുന്നു. അന്ത്യാളം ഇടവകയിൽ ലിൻസി കുരിശുമൂട്ടിൽ വചനശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**8. പ്രവാചക മദ്ധ്യസ്ഥപ്രാർത്ഥന അഭിഷേകധ്യാനം**

രൂപതാ കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ 2019 സെപ്റ്റംബർ 18 മുതൽ 21 വരെ കുടക്കച്ചിറ ഡിവൈൻ മേഴ്സി ധ്യാനകേന്ദ്രത്തിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന വളർച്ചാധ്യാനം നടത്തപ്പെട്ടു. കാത്തലിക് കരിസ്മാറ്റിക് നവീകരണം അന്തർദ്ദേശീയ സേവനസമിതി അംഗം ബ്രദർ സിറിൽ ജോൺ & ടീം ധ്യാനശുശ്രൂഷകൾ നയിച്ചു. 200 ഓളം അംഗങ്ങൾ ധ്യാനത്തിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു.

**9. രാത്രി ആരാധന**

രൂപതാ സേവനസമിതിയുടെ നേതൃത്വത്തിൽ മാസവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന സെപ്റ്റംബർ 28-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടുകൂടി അവസാനിച്ചു. റവ.ഫാ. സാജു ഇലഞ്ഞിയിൽ (സെഹിയോൻ ധ്യാന കേന്ദ്രം അട്ടപ്പാടി) വചനശുശ്രൂഷയും ആരാധനയും നയിച്ചു. റവ.ഫാ. ജോസ് വള്ളോംപുരയിടം, റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

ഓഗസ്റ്റ് മുപ്പത്തൊന്നാം തീയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിയ്ക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. സെപ്റ്റംബർ ഒൻപതാം തിയതി മുതൽ പതിനഞ്ചാം തീയതി വരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിൽ ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM Cap, ഫാ. ജസ്റ്റിൻ മേപ്പുറത്ത് HGN, ഫാ. ജോസഫ് തെരുവിൽ, ഫാ. മാത്യു മുണ്ടുനടയ്ക്കൽ, ഫാ. റിന്റു മണ്ണൂർ OFM Cap, ഫാ. ചെറിയാൻ മൂലയിൽ, ഫാ. മാത്യു തുരുത്തിപ്പള്ളി, ഫാ. മാത്യു കുരിശുംമൂട്ടിൽ, ഫാ. ആന്റണി വാഴയിൽ, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ, ബിനി കലൂർ, മനോജ് വാഗമൺ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനുഭവധ്യാനങ്ങൾ ഒക്ടോബർ പതിമൂന്ന് മുതൽ പത്തൊൻപത് വരെയും, നവംബർ പത്ത് മുതൽ പതിനാറ് വരെയും. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**രൂപത വാർഷികവും തിരുനാളും**

ഫ്രാൻസിസ്കൻ അല്മായ സഭ രൂപത വാർഷികവും വി. ഫ്രാൻസീസ് പിതാവിന്റെ തിരുനാളും 2019 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ വച്ച് നടത്തുന്നു. സമ്മേ

ളനത്തിൽ രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യു അദ്ധ്യക്ഷത വഹിക്കുന്നതും ബ്രദർ ഇ.കെ. ജോസഫ് എഴുത്തുപുരയ്ക്കൽ പയ്യന്നൂർ (ഡോക്ടർ ഇൻ എസ്. എഫ്. ഒ.) മുഖ്യപ്രഭാഷണം നടത്തുന്നതുമാണ്. രൂപത സ്പിരിച്വൽ അസിസ്റ്റന്റ് റവ.ഫാ. ആന്റണി വെച്ചൂർ OFM Cap, പ്രൊവിൻഷ്യൽ സെക്രട്ടറി ബ്രദർ ജോസെബാസ്റ്റ്യൻ മണിക്കൊമ്പേൽ, സി. റോസമ്മ ജോസ് വല്ലനാട്ട്, ബ്രദർ ടോമി മാത്യു കളപ്പുരയ്ക്കൽ, ബ്രദർ റോഷിൻ തോമസ് തോപ്പിൽ എന്നിവർ പ്രസംഗിക്കുന്നതുമാണ്.

**ശതോത്തര സുവർണ്ണ ജൂബിലി ക്വിസ് മത്സരം**

ഫ്രാൻസിസ്കൻ അൽമായ സഭ ശതോത്തര സുവർണ്ണജൂബിലിയോടനുബന്ധിച്ച് ബൈബിൾ ക്വിസ് മത്സരം 2019 ഒക്ടോബർ 2-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ വച്ചു നടത്തുന്നു.

**എക്സിക്യൂട്ടീവ് യോഗം**

ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപത സമിതി എക്സിക്യൂട്ടീവ് യോഗം 2019 ഒക്ടോബർ 3-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ നടത്തപ്പെടുന്നു. പ്രസ്തുത യോഗത്തിൽ രൂപത, റീജിയൻ ഭാരവാഹികൾ, യൂണിറ്റ് പ്രസിഡന്റുമാർ എന്നിവർ പങ്കെടുക്കുന്നു. വിവാഹധനസഹായനിധി, ജീവകാരുണ്യസഹായനിധി എന്നിവയുടെ കമ്മറ്റികളും എക്സിക്യൂട്ടീവ് യോഗത്തോടനുബന്ധിച്ച് നടത്തപ്പെടുന്നു.

**മാഹി തീർത്ഥാടനം**

ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ 2019 ഒക്ടോബർ 14-ാം തീയതി വൈകിട്ട് ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽനിന്നും പുറപ്പെട്ട 15-ന് വൈകിട്ട് തിരികെ എത്തുന്ന വിധത്തിൽ മാഹി തീർത്ഥാടനം സംഘടിപ്പിച്ചിരിക്കുന്നു. പോകാൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ 5-ാം തീയതി മുമ്പായി റവ.ഫാ. ആന്റണി വെച്ചൂർ OFM Cap (Mob: 9847634942), ജെയ്സൺ (Mob: 99447892375), സോജൻ മാത്യു (9446120937) എന്നിവരുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫാ. ആന്റണി വെച്ചൂർ** OFM Cap (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. എക്സിക്യൂട്ടീവ് യോഗം**

ഡിഎഫ്സി പാലാ രൂപത എക്സക്യൂട്ടീവ് യോഗം കൂടി. വൈസ് പ്രസിഡന്റ് ജോർജ് വടക്കേൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് വിവിധ പ്രവർത്തനപദ്ധതികളെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു.

**2. സംസ്ഥാന എക്സിക്യൂട്ടീവ് യോഗം കോട്ടയത്ത്**

ഡിഎഫ്സി സംസ്ഥാന എക്സിക്യൂട്ടീവ് യോഗം കോട്ടയം ദീപിക ഓഫീസിൽ വച്ച് നടത്തി. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മീറ്റിംഗിൽ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന പ്രസിഡന്റ് ടോമി തുരുത്തിക്കര മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ചീഫ് എഡിറ്റർ റവ.ഫാ. ബേബി മണ്ണംപ്ലാക്കൽ, ഫാ. റോയി കണ്ണഞ്ചിറ, ഫാ. ജിനോ പുന്നമറ്റത്തിൽ, ഫാ. റെജി മനയ്ക്കലേട്ട് തുടങ്ങിയവർ പ്രസംഗിച്ചു. പാലാ രൂപത ഡയറക്ടർ ഫാ. സ്കറിയ വേകത്താനം ഉൾപ്പെടെ പ്രതിനിധികൾ പങ്കെടുത്തു.

**3. ഡയറക്ടേഴ്സ് മീറ്റ് കോട്ടയത്ത്**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ രൂപതാ ഡയറക്ടേഴ്സ് മീറ്റ് കോട്ടയം ദീപിക ഓഫീസിൽ വച്ച് നടത്തി. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. റെജി മനക്കലേട്ട്, ഫാ. റോയി കണ്ണഞ്ചിറ, ഫാ. ജിനോ പുനമറ്റത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു. ഫാ. സ്കറിയ വേകത്താനം യോഗത്തിൽ സംബന്ധിച്ചു.

**4. ദീപിക നമ്മുടെ ഭാഷാപദ്ധതി – അളനാട് ഗവ. യു.പി. സ്കൂൾ**

അളനാട് ഗവൺമെന്റ് യു.പി.സ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാത്തുകുട്ടി മാത്യു നിർവ്വഹിച്ചു. പ്രൊഫ. കെ.പി. ജോസഫ് മെമ്പർ വിനോദ് വേരനാലി, ഹെഡ്മാസ്റ്റർ കെ.സി. ജോൺസൺ തുടങ്ങിയവർ പ്രസംഗിച്ചു.

**5. ദീപിക നമ്മുടെ ഭാഷാപദ്ധതി –മറ്റത്തിപ്പാറ ഹോളിക്രോസ് യു.പി.സ്കൂൾ**

മറ്റത്തിപ്പാറ ഹോളിക്രോസ് യു.പി.സ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം കടനാട് സഹകരണബാങ്ക് പ്രസിഡന്റ് സാബു പൂവത്തിങ്കൽ, ഹെഡ്മാസ്റ്റർ ബെന്നി അഗസ്റ്റിന് പത്രത്തിന്റെ കോപ്പി നൽകി നിർവ്വഹിച്ചു. സ്കൂൾ മാനേജർ ഫാ. മാർട്ടിൻ പന്തിരുവേലിൽ, ജെയ്സൺ പുത്തൻകണ്ടം, ആന്റണി ഞാവള്ളിൽ, ബേബി കട്ടയ്ക്കൽ, ബീന സജീവ്, സാലി ജോസഫ്, ജോൺ പുതിയാമത്തിൽ, ബിനു വള്ളോംപുരയിടം എന്നിവർ പ്രസംഗിച്ചു.

**6. ദീപിക നമ്മുടെ ഭാഷാ പദ്ധതി – മോനിപ്പള്ളി ഗവ. എൽ.പി.സ്കൂൾ**

മോനിപ്പള്ളി ഗവൺമെന്റ് എൽ.പി. സ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം പ്രൊഫ. കെ.പി. ജോസഫ്, ഹെഡ്മിസ്ട്രസ് സൂസി വർഗീസിന് പത്രത്തിന്റെ കോപ്പി നൽകി ഉദ്ഘാടനം ചെയ്തു. സി. ജെ. എഫ്. എസ്., വി. കെ. ശ്രുതിമോൾ, സിന്ധുമോൾ രാജപ്പൻ, പി.ടി. സുമതി, വി.ഡി. വിജയമ്മ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**7. ദീപിക നമ്മുടെ ഭാഷാപദ്ധതി – കുര്യനാട് സെന്റ് ആൻസ് ഹയർ സെക്കണ്ടറി സ്കൂൾ**

കുര്യാനാട് സെന്റ് ആൻസ് ഹയർ സെക്കണ്ടറി സ്കൂളിലെ നമ്മുടെ ഭാഷാ പദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ പ്രിൻസിപ്പൽ ഫാ. സാജൻ ജോസഫ്

തെക്കേമറ്റപ്പള്ളിൽ സി.എം.ഐ. വിദ്യാർത്ഥി പ്രതിനിധിക്കു പത്രത്തിന്റെ കോപ്പി നൽകി ഉദ്ഘാടനം ചെയ്തു. അധ്യാപകരായ മിനി തോമസ്, ഷാജി കുര്യാക്കോസ്, സുനിൽ ജോസ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**8. ദീപിക നമ്മുടെ ഭാഷാ പദ്ധതി – കളത്തൂർ സ്കൂൾ**

കളത്തൂർ സെന്റ് മേരീസ് യു.പി.സ്കൂളിൽ ദീപിക നമ്മുടെ ഭാഷാ പദ്ധതി കാണക്കാരി സഹകരണ ബാങ്ക് പ്രസിഡന്റ് സാന്റി മറ്റത്തിലും സ്കൂൾ മാനേജർ ഫാ. മാത്യു കടുകുന്നേലും ചേർന്ന് ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപിക ഏലിക്കുട്ടി ഔസേപ്പ്, സി. ആൻസി, ബാങ്ക് സെക്രട്ടറി ഷീല, അധ്യാപകരായ മേഴ്സി, ടിറ്റി., ജോയ്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**9. ദീപിക നമ്മുടെ ഭാഷാപദ്ധതി – ഉദയഗിരി സ്കൂൾ**

ഉദയഗിരി ലിറ്റിൽ ഫ്ളവർ വിദ്യാനികേതൻ സ്കൂളിൽ ദീപിക നമ്മുടെ ഭാഷാ പദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ ലീഡർമാരായ ബെൻ ബെന്നിക്കും എയ്ഞ്ചൽ റോജിക്കും പത്രത്തിന്റെ കോപ്പി നൽകി പ്രിൻസിപ്പൽ സി. മെറിൻ എബ്രാഹം നിർവ്വഹിച്ചു. സി. റെയ്ച്ചൽ ജോസഫ്, ജോബിമോൻ ജോസഫ്, ഷൈബി ജേക്കബ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**10. ദീപിക നമ്മുടെ ഭാഷാപദ്ധതി – ഇലയ്ക്കാട് എസ്.കെ.വി. ഗവ. യു.പി.**

സ്കൂൾ ഇലയ്ക്കാട് എസ്.കെ.വി.ഗവ. യു.പി.സ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം ഹെഡ്മിസ്ട്രസ് വി.എസ്. ചന്ദ്രമ്മയ്ക്കും സ്കൂൾ ലീഡർ സന്ദീപ് സജീവിനും പത്രത്തിന്റെ കോപ്പി നൽകി പ്രൊഫ. കെ.പി. ജോസഫ് നിർവ്വഹിച്ചു. അധ്യാപകരായ കെ.ദീപ, പി.സി. അനിൽകുമാർ, ദിലീപ് സോമൻ, മാജി സി. രാജു, എസ്. മഞ്ജുഷ, ജോസിറ്റ പീറ്റർ, വി.എസ്. അജിത, എം.എൽ. അമ്പിളി തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**11. ദീപിക നമ്മുടെ ഭാഷാപദ്ധതി – മോനിപ്പള്ളി എൻ.എസ്.എസ്. ഗവ. എൽ.പി. സ്കൂൾ**

മോനിപ്പള്ളി എൻ.എസ്.എസ്. ഗവ. എൽ.പി. സ്കൂൾ ദീപിക നമ്മുടെ ഭാഷാ പദ്ധതിയുടെ ഉദ്ഘാടനം ഹെഡ്മിസ്ട്രസ് സി.കെ. അംബികായ്ക്കു പത്രത്തിന്റെ കോപ്പി നൽകി പ്രൊഫ. കെ.പി. ജോസഫ് നിർവ്വഹിച്ചു. അധ്യാപകരായ സുനിത തങ്കപ്പൻ, സിനിമോൾ മാത്യു, പി.സി. ബിജി, പൊന്നപ്പൻ തുടങ്ങിയവർ പ്രസംഗിച്ചു.

**12. മാധ്യമ സെമിനാർ – ചേറ്റുതോട്**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ചേറ്റുതോട് ഇടവകയിൽ മാധ്യമ സെമിനാറിൽ അധ്യക്ഷത വഹിച്ചു. ഡോ. സണ്ണി വി. സക്കറിയ, ഫാ. സ്കറിയ വേകത്താനം, ചാക്കോച്ചൻ കളപ്പുര തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് പുതിയ പുരുഷ-വനിതാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**13. ഡ്രീംലൈൻ പ്രോജക്ട് – ചേറ്റുതോട്**

ഇടവകയിൽ ഡ്രിംലൈൻ പ്രോജക്ടിനോടനുബന്ധിച്ച് പത്രപ്രചാരണം

നടത്തി. ഫാ. ജിനോ പുനമറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി. 21 പുതിയ പത്രങ്ങൾ ലഭിച്ചു.

**14. വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സംയുക്തസമ്മേളനം**

പാലാ രൂപതയുടെ 70-ാം വാർഷികത്തോടനുബന്ധിച്ച് വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സംയുക്തസമ്മേളനം പാലാ അരമനയിൽ വച്ച് നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ. സിറിയക് തോമസ് മുഖ്യപ്രഭാഷണം നടത്തി. മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജോസഫ് ശ്രാമ്പിക്കൽ എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ ഡിഎഫ്സി പ്രതിനിധികൾ പങ്കെടുത്തു.

**15. പാസ്റ്ററൽ പ്രസ്ബിറ്ററൽ കൗൺസിൽ**

പാലാ രൂപതയുടെ 70-ാം വാർഷികത്തോടനുബന്ധിച്ച് പാസ്റ്ററൽ-പ്രസ്ബിറ്ററൽ കൗൺസിലിന്റെ സംയുക്തസമ്മേളനം പാലാ കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് നടത്തി. ചങ്ങനാശ്ശേരി അതിരൂപതാമെത്രാൻ മാർ ജോസഫ് പെരുന്തോട്ടം സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ. സിറിയക് തോമസ് മുഖ്യപ്രഭാഷണം നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് ശ്രാമ്പിക്കൽ, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു. യോഗത്തിൽ ഡിഎഫ്സി പ്രതിനിധികൾ പങ്കെടുത്തു.

**16. അനുശോചനം**

പിഴക് ഇടവകാംഗവും ഡിഎഫ്സി കമ്മറ്റി അംഗവുമായ മണിമല ജോസിയുടെ നിര്യാണത്തിൽ ഡിഎഫ്സി പാലാ രൂപത നേതൃത്വം അനുശോചിച്ചു. ഡിഎഫ്സി പാലാ രൂപത സെക്രട്ടറി ടോമി തുരുത്തിക്കരയുടെ ബന്ധുവായ പാലാ കത്തീഡ്രൽ ഇടവകാംഗമായ കേളപ്പനാൽ കെ.സി. ജോസഫിന്റെ നിര്യാണത്തിൽ അനുശോചിക്കുകയും പരേതന്റെ ഭവനത്തിൽ ഒപ്പീസ് പ്രാർത്ഥന നടത്തുകയും ചെയ്തു.

**ഫാ. സ്കറിയ വേകത്താനം** (കോർഡിനേറ്റർ)

# ഇൻഫാം

**റീസർവ്വേയിൽ കർഷകരുടെ പുരയിടങ്ങൾ റവന്യൂ രേഖയിൽ തോട്ടം എന്നു രേഖപ്പെടുത്തിയ പിശക് മൂലമുള്ള പ്രശ്നവും കാർഷികമേഖലയിലെ മറ്റു വിവിധ പ്രശ്നങ്ങളുമുന്നയിച്ച് കർഷകവേദിയും ഇൻഫാമും സ്ഥാനാർത്ഥി സംഗമം നടത്തി.**

ഇൻഫാമിന്റെയും കർഷകവേദിയുടെയും വിവിധ കർഷകസംഘടനകളുടെയും നേതൃത്വത്തിൽ പാലാ ളാലം സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ പാലാ ഉപതിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികളും കർഷകരുമായി മുഖാമുഖം പരി

പാടി സംഘടിപ്പിച്ചു. മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിൽ 12 വില്ലേജുകളിൽ റീസർവ്വേയിലെ പിശക് മൂലം പുരയിടം തോട്ടമായി മാറിയതുമൂലം കർഷകർ അനുഭവിക്കുന്ന ദുരിതം അവസാനിപ്പിക്കാൻ നടപടിയെടുക്കുമെന്ന് മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥികൾ ഉറപ്പു നൽകി. മുന്നണി സ്ഥാനാർത്ഥികളായ അഡ്വ. ജോസ് ടോം, മാണി സി. കാപ്പൻ, എൻ. ഹരി, സ്വതന്ത്രസ്ഥാനാർത്ഥികളായ ഇഗ്നേഷ്യസ് ഇല്ലിമൂട്ടിൽ, മജു പുത്തൻകണ്ടം എന്നിവർ പങ്കെടുത്തു. ഭൂപ്രശ്നത്തിൽ ദുരിതമനുഭവിക്കുന്ന കർഷകർക്ക് എല്ലാവിധ പുന്തുണയും ഉണ്ടാകുമെന്നും വിജയിച്ചാൽ പ്രശ്നം പരിഹരിക്കാൻ നേതൃത്വം നൽകുമെന്നും മുന്നണി സ്ഥാനാർത്ഥികൾ ഉറപ്പു നൽകി. പുരയിടം - തോട്ടം വിഷയത്തിനുപുറമെ, കാർഷികമേഖലയിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ചും കാർഷിക മേഖലയിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ചും സ്ഥാനാർത്ഥികൾ സംസാരിച്ചു.

ഇൻഫാം സംസ്ഥാന ജോയിന്റ് ഡയറക്ടർ റവ. ഫാ. തോമസ് മറ്റമുണ്ടയിൽ പരിപാടി ഉദ്ഘാടനം ചെയ്തു. ഇൻഫാം പാലാ കാർഷിക ജില്ലാ പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഇൻഫാം സംസ്ഥാന സെക്രട്ടറി ജനറൽ ഷെവ. വി.സി. സെബാസ്റ്റ്യൻ മോഡറേറ്ററായിരുന്നു. തോട്ടം മേഖലയിലെ പ്രതിസന്ധിയും കർഷകരും എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ റബർ ബോർഡ് മുൻ ചെയർമാൻ പി.സി. സിറിയക് വിഷയാവതരണം നടത്തി. കർഷകമിത്ര ചെയർമാൻ ഡിജോ കാപ്പൻ, എബ്രഹാം മാത്യു പന്തിരുവേലിൽ, ഇൻഫാം നേതാക്കളായ ബേബി സ്കറിയ പന്തപ്പള്ളിൽ, ജെയിംസ് ചൊവ്വാറ്റുകുന്നേൽ, ബിജോ മഴുവഞ്ചേരിൽ, തോമസ് ഈറ്റത്തോട്ട് എന്നിവർ പ്രസംഗിച്ചു. പുരയിടം -തോട്ടം വിഷയത്തിൽ ഉൾപ്പെട്ടുപോയ കർഷകരുടെ നിലവിലെ പ്രശ്നങ്ങളെപ്പറ്റി കർഷകവേദിയുടെ നേതാവ് ടോമിച്ചൻ സ്കറിയ ഐക്കരയും പ്രതിസന്ധിയുടെ പരിഹാരമാർഗ്ഗങ്ങളെയും തുടർമാർഗ്ഗങ്ങളെയും കുറിച്ച് കർഷകസംഗമം ജനറൽ കൺവീനർ ജോജി വാളിപ്ലാക്കലും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

പാലാ നിയോജകമണ്ഡലത്തിൽ മാത്രം 17000ത്തിനുമുകളിൽ ആളുകളെ ഈ വിഷയം ബാധിക്കുന്നുണ്ട്. മൂന്ന് സെന്റ് സ്ഥലം മാത്രമുള്ളവരും തോട്ടം ഉടമയാണെന്ന് രേഖപ്പെടുത്തിയിരിക്കുകയാണ്. ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ഭൂരഹിതരായവർക്ക് വീട് വയ്ക്കാൻപോലും സാധിക്കാത്ത സാഹചര്യമാണ് ഉള്ളത്. സ്ഥലം ഈടു വയ്ക്കാനോ വിൽക്കാനോ സാധിക്കുന്നില്ല. വില്ലേജ് ഓഫീസർമാർ മുൻപ് ഈ സ്ഥലങ്ങൾക്ക് പുരയിടം എന്നായിരുന്നു രേഖപ്പെടുത്തിയിരുന്നത്. 1980 ലെ റീസർവ്വേയിലാണ് തെറ്റായ രേഖപ്പെടുത്തലുകൾ നടന്നത്. എല്ലുമുറിയെ പണി ചെയ്തിട്ടും രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പെടാപ്പാടുപെടുന്ന കർഷകന്റെ മേൽ കൂനിൻമേൽ കുരു എന്ന വിധത്തിൽ വന്നുഭവിച്ച ഒരു ദുരന്തമാണ് തന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ ഇനം അടിസ്ഥാന നികുതി രജിസ്റ്ററിൽ (ബിടിആറിൽ) തോട്ടം എന്നു തെറ്റായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. വായ്പയ്ക്കായി ബാങ്കുകളെ സമീപിക്കുമ്പോഴാണ് തന്റെ കൈവശമുള്ള വസ്തു പണയപ്പെടുത്താൻ സാധ്യതയില്ലാത്തതാണെന്നു പലരും തിരിച്ചറിയുന്നത്. പുരയിടമായിരുന്ന വസ്തു തോട്ടമായി മാറ്റപ്പെട്ടിരിക്കുന്നു. സ്വന്തം വസ്തുവിൽ വീടു നിർമ്മിക്കാനോ കൈമാറ്റം നടത്താനോ കഴിയുന്നില്ല.

റീസർവ്വേ നടപടികളിലെ അപാകതകളും സർക്കാർ സംവിധാനങ്ങ ളിലെ കെടുകാര്യസ്ഥതയുമാണ് പുരയിടം-തോട്ടമാക്കൽ പ്രശ്നത്തിൽ കർഷ കർക്കു വിനയായതെന്ന് ഇൻഫാം സംസ്ഥാനജോയിന്റ് ഡയറക്ടർ റവ. ഫാ. തോമസ് മറ്റുമുണ്ടയിൽ പറഞ്ഞു. സർവ്വേ വകുപ്പിന് പറ്റിയ തെറ്റ് തിരുത്താൻ ഒരു സർക്കാരും തയ്യാറായിട്ടില്ലെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സർക്കാരിന് ഒരു ഉത്തരവിലൂടെ തിരുത്താവുന്ന പ്രശ്നമേ ഉള്ളൂ. അതിനുള്ള ആർജവം സർക്കാർ കാണിക്കണം. പ്രതിസന്ധിയിലായ കർഷകരുടെ സ്വത്തിൻമേലുള്ള അവരുടെ അവകാശങ്ങൾ കവരരുത്. ഇൻഫാം ലീഗൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ ഹൈക്കോടതിയിൽ പൊതു താൽപര്യഹർജി ഫയൽ ചെയ്യാൻ തീരുമാനിച്ചു.

**മാണി സി. കാപ്പൻ** (എൽ. ഡി.എഫ്. സ്ഥാനാർത്ഥി) – പുരയിടം തോട്ട മായ വിഷയം അടിയന്തരമായി പരിഹരിക്കണമെന്നാവശ്യപ്പെട്ടാകും തിരഞ്ഞെ ടുക്കപ്പെട്ടാൽ നിയമസഭയിലെ തന്റെ ആദ്യ സബ്മിഷൻ എന്ന് അദ്ദേഹം വാക്കു നൽകി. കഴിഞ്ഞ ദിവസം കളക്ടർ ഇറക്കിയ ഉത്തരവിൽ കർഷകർ പുതിയ ബോണ്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ഒഴിവാക്കണമെന്നാവശ്യ പ്പെടും. മുഖ്യമന്ത്രിയും മന്ത്രിമാരും പാലായിലുണ്ട്. ഈ വിഷയം സംസാരിച്ചിട്ടു ണ്ട്. കർഷകർക്ക് ഇക്കാര്യത്തിൽ ചെയ്യേണ്ട കാര്യങ്ങൾ മുഖ്യമന്ത്രിയെ ധരിപ്പി ച്ചിട്ടുണ്ട്. മുഖ്യമന്ത്രി ഈ വിഷയം പരിഹരിക്കുമെന്ന് ഉറപ്പു നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കേരള നിയമസഭ ഒന്നടങ്കം ബിൽ ഭേദഗതി ചെയ്യണം. ഇല്ലെ ങ്കിൽ സുപ്രീംകോടതിയിൽ കേസ് പോയാൽ നിലനിൽക്കില്ല. കർഷകർക്കു തങ്ങ ളുടെ ഉത്പന്നങ്ങൾ സൂക്ഷിക്കാൻ കോൾഡ് സ്റ്റോറേജുകൾ നിർമ്മിക്കണം. മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാനും അതു വിൽക്കാനുമുള്ള സംവിധാനമു ണ്ടാകണം.

**അഡ്വ. ജോസ് ടോം** (യു.ഡി.എഫ്. സ്ഥാനാർത്ഥി) – സർവേ ഡിപ്പാർട്ടു മെന്റിനു പറ്റിയ തെറ്റുകൾ ബിടിആറിലും കടന്നുകൂടി. ഇതാണ് പുരയിടം തോട്ട മായി മാറാൻ കാരണം. തങ്ങൾക്കു പറ്റിയ തെറ്റ് സർവ്വേ ഡിപ്പാർട്ടുമെന്റ് തിരു ത്തിയില്ല. റവന്യൂ മന്ത്രിയുടെ ശ്രദ്ധയിൽ പലതവണ വിഷയം അവതരിപ്പിച്ചെ ങ്കിലും നടപടിയുണ്ടായില്ല. ഒറ്റ ഓർഡിനൻസുകൊണ്ട് മാറ്റാവുന്ന പ്രശ്നമേ യുള്ളൂ. മന്ത്രിമാരും പാലായിൽ പ്രചാരണത്തിനുണ്ട്. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം മാറിയാൽ സർക്കാരിനു തീരുമാനിക്കാവുന്ന കാര്യമേയുള്ളൂ. പ്രശ്നം പരി ഹരിക്കുന്നതുവരെ ഒപ്പമുണ്ടാകും. ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടാൽ ഈ വിഷയത്തിൽ നിയമസഭയിൽ സ്വകാര്യ ബിൽ അവതരിപ്പിക്കും. അപ്പോൾ ആരൊക്കെയാണ് ബില്ലിനെ പിന്തുണയ്ക്കുന്നതെന്നും ആരാണ് എതിർക്കുന്ന തെന്നും ജനങ്ങൾക്കു മനസ്സിലാകും. വെറും അഞ്ച് മിനിറ്റുകൊണ്ട് പരിഹരിക്കാ വുന്ന വിഷയമാണ് വലിച്ചുനീട്ടുന്നത്. കർഷകർ ബഹുവിള കൃഷി രീതിയിലേക്കു മാറണം. വിഷരഹിത ഉത്പന്നങ്ങൾക്കു മുൻകൈയെടുക്കണം. കർഷകർ സംഘ ടിച്ചാൽ കാർഷിക പ്രശ്നങ്ങൾക്കു പരിഹാരം കാണാം. റബർ കൃഷി തോട്ടവിള യാക്കണം. റബർ വിലസ്ഥിരതാ ഫണ്ട് പദ്ധതി തുടരണം.

**എൻ. ഹരി** (എൻ.ഡി.എ. സ്ഥാനാർത്ഥി) – സംസ്ഥാനത്ത് 12 വില്ലേജു കളിൽമാത്രം ഈ പ്രശ്നം എങ്ങനെ ഉണ്ടായി എന്നത് പരിശോധിക്കണം. ഉദ്യോ ഗസ്ഥന് കൈപ്പിഴപറ്റിയതാണെങ്കിൽ ഇത് പരിഹരിക്കാൻ ഭരണസംവിധാനത്തിനു ബാധ്യതയുണ്ട്. ജനപ്രതിനിധികൾ ഒന്നടങ്കം ആത്മാർത്ഥമായി ശ്രമിച്ചാൽ ഈ പ്രശ്നം പരിഹരിക്കപ്പെടാവുന്നതേയുള്ളൂ. പാലായിൽ മുഖ്യമന്ത്രിയും മന്ത്രിമാരും എല്ലാവരുമുണ്ട്. തിരഞ്ഞെടുപ്പ് കഴിയുമ്പോൾ പാലായിൽനിന്നു തന്നെ ഈ പ്രശ്ന ത്തിൽ പരിഹാരമുണ്ടാകണം. ഈ പ്രശ്നം പരിഹരിക്കുന്നതുവരെ ജനപ്രതിനി ധിയായി തിരഞ്ഞെടുത്താലും ഇല്ലെങ്കിലും കർഷകർക്കൊപ്പമുണ്ടാകും. ആസി യാൻ കരാറിൽ ഒപ്പിട്ടതാണു റബർ വിലയിടിവിനു കാരണം. റബർ ഉത്പന്ന ങ്ങൾ നിർമ്മിക്കാൻ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങണം.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

# Received Heavenly Reward



# ആദരാഞ്ജലികൾ



## സി. റോസ്മിൻ പൊന്നാമറ്റം എസ്.എച്ച്.

പാലാ രൂപത രാമപുരം ഇടവകയിൽ കുലീനതയും പൈതൃകവും പേറുന്ന പൊന്നാമറ്റം കുടുംബത്തിൽ പരേതരായ പി.ജെ. തോമസിന്റെയും മോനിക്കയുടെയും രണ്ടാമത്തെ സന്താനമായി 1937 മാർച്ച് 25-ാം തീയതി സി. റോസ്മിൻ ഭൂജാതയായി. മാമ്മോദീസായിൽ റോസ എന്ന നാമം സ്വീകരിച്ചു. സഹോദരന്മാരുടെ ഏക സഹോദരിയായ റോസ 1985 ൽ രാമപുരം തിരുഹൃദയമഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്യാസപരിശീലനത്തിനുശേഷം 1960 ൽ ആദ്യവ്രതവും 1963 ൽ നിത്യവ്രതവാഗ്ദാനവും നടത്തിയ സി. റോസ്മിൻ നല്ല കാര്യപ്രാപ്തിയും ബുദ്ധിസാമർത്ഥ്യവും ആത്മീയതയും ഉള്ള ഒരു സമർപ്പിതയായിരുന്നു. അമേരിക്കയിൽ നിന്നും സൈക്കോളജിയിൽ ഉപരിപഠനവും റോമിൽനിന്നും തിയോളജിപഠനവും പൂർത്തിയാക്കി.

തിരുഹൃദയസന്യാസിനീ സമൂഹം പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടതിനുശേഷം പാലാ എസ്.എച്ച്. പ്രോവിൻസിന്റെ ആദ്യത്തെ പ്രൊവിൻഷ്യൽ സുപ്പീരിയറായും പിന്നീട് ജനറൽ കൗൺസിലറായും നിയമിക്കപ്പെട്ടു. നോവിസ് മിസ്ട്രസ്, ജൂണിയർ സിസ്റ്റേഴ്സിന്റെ മിസ്ട്രസ്, മദർ സുപ്പീരിയർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു. മൂലമറ്റം, കുരുവിനാൽ, അടിവാരം, ചേറ്റുതോട്, നരിയങ്ങാനം, മാനത്തൂർ എന്നീ മഠങ്ങളായിരുന്നു അമ്മയുടെ ശുശ്രൂഷാവേദികൾ. ആഴമായ ആധ്യാത്മിക, സമചിത്തത, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കഴിവ്, ശാന്തത, പക്വമായ സമീപനം ഇവ സി. റോസ്മിനിൽ വിളങ്ങി പ്രശോഭിച്ചിരുന്നതുകൊണ്ട് ആയിരുന്നിടത്തൊക്കെ ഒരനുഗ്രഹമായിത്തീരാൻ സാധിച്ചു.

You are just a candle of God burn out with a smile and don't complain ഇതായിരുന്നു സി. റോസ്മിന്റെ ആപ്തവാക്യം വി. കൊച്ചുത്രേസ്യാ പുണ്യവതിയെപ്പോലെ ചെറിയകാര്യങ്ങൾ ഏറെ വിശ്വസ്തതയോടെ നിർവ്വഹിച്ച് ഈശോയെ സ്നേഹിച്ച ഒരു വിശുദ്ധജീവിതമായിരുന്നു അമ്മയുടേത്.

പാർക്കിൻസൺസിന്റെ ആരംഭം കണ്ടു തുടങ്ങിയതിനാൽ 2013 ൽ സൗകര്യാർത്ഥം രാമപുരം മഠത്തിലേയ്ക്ക് സ്ഥലം മാറ്റപ്പെട്ടു. അസ്ഥികൾക്ക് ബലക്ഷയവും അതിന്റെ അസ്വസ്ഥതകളും അമ്മയെ അലട്ടിയപ്പോഴും പരാതിയും പരിഭവുമില്ലാതെ അവയെല്ലാം സ്വീകരിച്ച് സദാപ്രസന്നവദനം കാത്തുസൂക്ഷിക്കാൻ സാധിച്ചു. രോഗശയ്യയിലായ സി. റോസ്മിനെ കൂടുതൽ പരിചരണാർത്ഥം ചക്കാമ്പുഴ എസ്.എച്ച്. ഭവനിലേക്ക് മാറ്റി. തന്റെ പേരിനു കാരണഭൂതയായ വി. റോസ പുണ്യവതിയുടെ തിരുനാൾദിനമായ ഓഗസ്റ്റ് 24-ാം തീയതി രാവിലെ 3 മണിക്ക് റോസ്മിനമ്മ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

പാലാ രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവും ബൽത്തങ്ങാടി രൂപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴി പിതാവും നിരവധി വൈദികരും  എത്തി റോസ്മിനമ്മയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. മൃതസംസ്കാരശുശ്രൂഷകൾ 25-ാം തീയതി രാവിലെ 10.30 ന് സമൂഹബലിയോടെ ആരംഭിച്ചു. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം മൃതദേഹം രാമപുരം സെന്റ് അഗസ്റ്റ്യൻസ് ഫൊറോനപള്ളി സെമിത്തേരിയിൽ പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്കരിച്ചു. പ്രിയപ്പെട്ട റോസ്മിനമ്മയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിക്കുന്നു.



## സി. ഗ്രേസി പൈനാടത്ത് ഡി.എസ്.റ്റി.

സി. ഗ്രേസി പൈനാടത്ത് എറണാകുളം-അങ്കമാലി അതിരൂപതയിലെ കിടങ്ങൂർ ഇടവകയിൽ പൈനാടത്ത് എസ്തപ്പാൻ-ഏലിക്കുട്ടി ദമ്പതികളുടെ 8 മക്കളിൽ 2-ാമത്തെ മകളായി 1966 ജൂൺ 10-ന് ജനിച്ചു. മാമ്മോദീസായിലൂടെ ലീമായിലെ വി. റോസിന്റെ നാമം  ലഭിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1984 ജൂൺ 8-ന് ഡി.എസ്.റ്റി. സന്യാസിനീ സമൂഹത്തിൽ അർത്ഥിനിയായി ചേർന്നു. പരിശീലന ഘട്ടങ്ങൾ പൂർത്തിയാക്കി 1987 മെയ് 21 ന് ആദ്യവ്രതവാഗ്ദാനവും 1993 മെയ് 22-ന് നിത്യവ്രതവാഗ്ദാനവും നടത്തി.

ഡി.എസ്.റ്റി.യുടെ ശുശ്രൂഷ നിർവ്വഹിച്ച ഭവനങ്ങളായ ഒലിപ്പാറ, പാലമ്പ്ര, വളാഞ്ചേരി,  ജർമ്മനി എന്നിവിടങ്ങളിൽ സി. ഗ്രേസിയുടെ പ്രവർത്തനമണ്ഡലം പ്രധാനമായും ജർമ്മനിയായിരുന്നു. നീണ്ട 20 വർഷക്കാലം ആതുരശുശ്രൂഷാരംഗത്ത് സ്നേഹസാന്നിധ്യമായി അവിടെ ക്രിസ്തുവിന് സാക്ഷ്യം വഹിച്ചു. ആശുപത്രികളിലും ആതുരാലയങ്ങളിലും മാനസികാരോഗ്യകേന്ദ്രങ്ങളിലും തികഞ്ഞ അർപ്പണബോധത്തോടെയാണ് സിസ്റ്റർ സേവനം ചെയ്തത്. 53-ാമത്തെ വയസ്സിൽ പരിപൂർണ്ണ ഒരുക്കത്തോടെ, അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 2019 ഓഗസ്റ്റ 6-ാം തീയതി ഉച്ചകഴിഞ്ഞ് 3.10 ന് സി. ഗ്രേസി തന്റെ ആത്മമാവിനെ ദൈവസന്നിധിയിൽ സമർപ്പിച്ച് സ്വർഗ്ഗീയ വസതിയിൽ ഇടം കണ്ടെത്തി. 2019 ആഗസ്റ്റ് 8-ാം തീയതി രാവിലെ 9 മണിക്ക് സമൂഹബലിയോടെ മഠം ചാപ്പലിൽ

സംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. പാലാ രൂപതാ വികാരി ജനറാൾ പെരിയ. ബഹു. ജോസഫ് കുഴിഞ്ഞാലിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം പാലാ ളാലം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. തന്റെ ജീവിതദൗത്യം പൂർത്തിയാക്കി നിത്യതയുടെ തീരമണിഞ്ഞ സി. ഗ്രേസിയെ ദിവ്യനാഥൻ നിത്യകിരീടം അണിയിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. അക്വലീന അറമത്ത് എഫ്.സി.സി.

പാലാ രൂപതയിൽ തീക്കോയി ഇടവകയിൽ അറമത്ത്, ഫ്രാൻസിസ് - മറിയം ദമ്പതികളുടെ 11 മക്കളിൽ 9-ാമത്തെ സന്താനമായി 01-02-1934 ൽ ബഹു. അക്വലീനാമ്മ ജനിച്ചു. 06-02-1934 ൽ മറിയം എന്ന പേരോടുകൂടി ജ്ഞാനസ്നാനം സ്വീകരിച്ചു. മറിയക്കുട്ടി എന്ന ഓമനപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. 1951 മാർച്ചിൽ പൂഞ്ഞാർ എസ്.എം.വി. എച്ച്.എസിൽനിന്നും എസ്.എസ്.എൽ.സി. പാസ്സായി. തുടർന്ന് ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽനിന്നും പി.ഡി.സി. യും ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽനിന്നും ബി.എസ്.സി.യും പാസായി.

പൂരാതനവും കുലീനവും ദൈവവിളിയാൽ സമ്പന്നവുമായ കുടുംബാന്തരീക്ഷത്തിൽനിന്നും ഇരട്ട സഹോദരിമാരായ മറിയക്കുട്ടിയും റോസക്കുട്ടിയും നാഥന്റെ വിളി സ്വീകരിച്ചുകൊണ്ട് 5-7-1956 ൽ ചെമ്മലമറ്റം ക്ലാരമഠത്തിൽ അർത്ഥിനിമാരായി ചേർന്നു. 9-4-1957 ൽ നോവിഷ്യേറ്റിൽ പ്രവേശിച്ചു. 10-4-1958 ൽ ആദ്യവ്രതം ചെയ്ത് സി. അക്വലീന എന്ന പേരു സ്വീകരിച്ചു. 1960 ൽ പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളേജിൽനിന്നും ബി.എഡ്. പാസായി. 29-5-1961 ൽ നിത്യവ്രതം ചെയ്ത് നാഥനായി സമ്പൂർണ്ണ സമർപ്പണം ചെയ്തു.

5-5-1960 മുതൽ 20-5-1989 വരെ ഏതാണ്ട് 29 വർഷക്കാലം സെന്റ് മേരീസ് എച്ച്.എസ്. തീക്കോയിൽ അധ്യാപികയായി സേവനം ചെയ്തു. ഏതാണ്ട് 35 വർഷക്കാലം വേദപാഠം അധ്യാപികയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഭൗതിക ജ്ഞാനം പകർന്ന കൊടുക്കുന്നതോടൊപ്പം ദൈവികജ്ഞാനത്തിലും സന്മാർഗ ബോധത്തിലും വളർത്തുവാൻ ബഹു. അക്വലീനാമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ബഹു. അക്വലീനാമ്മയുടെ ശിഷ്യഗണത്തിൽപ്പെട്ട അനേകം വൈദികരും സിസ്റ്റേഴ്സും ലോകത്തിന്റെ നാനാഭാഗങ്ങളിൽ പ്രേക്ഷിതവേല ചെയ്യുന്നു.

കുറിഞ്ഞി, പൂഞ്ഞാർ സൗത്ത് എന്നീ മഠങ്ങളിൽ സുപ്പീരിയറായും, തീക്കോയി, കൂട്ടിക്കൽ എന്നീ മഠങ്ങളിൽ അസി. സൂപ്പീരിയർ, സോഷ്യൽ വർക്കർ, മെസ്സ് മാനേജർ എന്നീ നിലകളിലും തന്നെ ഏല്പിച്ച ജോലികൾ വളരെ സന്തോഷത്തോടെ അക്വലീനാമ്മ നിർവഹിച്ചിരുന്നു.

ശിശുസഹജമായ നിഷ്കളങ്കത, അധികാര വിധേയത്വം, പ്രാർത്ഥനാചൈതന്യം, സന്തോഷപ്രകൃതി, കാരുണ്യം എന്നിവയെല്ലാം ബഹു. അക്വലീനാമ്മയിൽ വിളങ്ങിയിരുന്ന സവിശേഷഗുണങ്ങളായിരുന്നു. തന്റെ സന്യാസജീവി

തത്തിൽ ഭൂരിഭാഗവും തീക്കോയി മഠത്തിലാണ് ചെലവഴിച്ചിരുന്നത്. ബഹു. അക്വലീനാമ്മയുടെ Motto Love and Serve the People of God എന്നതായിരുന്നു.

2015-ൽ ബഹു. അക്വലീനാമ്മയ്ക്ക് സ്ട്രോക്ക് വരികയും കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സ നടത്തുകയും ചെയ്തു. എന്നാൽ കാര്യമായ സൗഖ്യം ലഭിച്ചില്ല. തുടർന്ന് കൂടുതൽ പരിചരണത്തിനായി കോൾബെ ഡിസ്പെൻസറിയിലേയ്ക്ക് മാറി. ഏതാണ്ട് 4 വർഷക്കാലം തീർത്തും ശയ്യാവലംബയായി രോഗത്തിന്റെ വേദന യാതൊരു പരാതിയും കൂടാതെ സഹിച്ചുവരവെ 19-9-2019 ൽ അമ്മയ്ക്ക് പെട്ടെന്ന് രോഗത്തിന്റെ അസ്വസ്ഥതകൾ വർദ്ധിച്ചുവരികയും 21-9-2019 ൽ രോഗീലേപനം സ്വീകരിക്കുകയും ചെയ്തു. 22-9-2019 ൽ രോഗം വർദ്ധിക്കുകയും വൈകുന്നേരം 4-ന് ബഹു. പ്രൊവിൻഷ്യലമ്മയും കൗൺസിലേഴ്സും ഭവനാംഗങ്ങളായ സിസ്റ്റേഴ്സും പ്രാർത്ഥനാ നിരതരായി നോക്കിനിൽക്കെ ബഹു. അക്വലീനാമ്മയുടെ ആത്മാവ് ദൈവസന്നിധിയിലേക്ക് പറന്നുയർന്നു.

പിറ്റേദിവസം ഉച്ചയ്ക്ക് 1.30 ന് ബഹു. ജോമി വരകുകാലാപറമ്പിലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് മൃതശരീരം പള്ളിയിലേക്ക് സംവഹിക്കപ്പെട്ടു. പള്ളിയിലെ കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ റവ.ഫാ. ജോസഫ് മലേപ്പറമ്പിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് ധാരാളം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുജനങ്ങളുടെയും നാട്ടുകാരുടെയും സാന്നിധ്യത്തിൽ ബഹു. അക്വലീനാമ്മയുടെ മൃതദേഹം തീക്കോയി പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ദീർഘകാലം രോഗശയ്യയിലായിരുന്നെങ്കിലും പരാതികളും പരിഭവങ്ങളുമില്ലാതെ ഒരു ജീവിതം നയിച്ച ബഹു. അക്വലീനാമ്മയെ ദിവ്യനാഥൻ സ്വർഗീയ കിരീടമണിയിക്കട്ടെയെന്നന് നമ്മുക്ക് പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## SEPTEMBER 2019

| | | |
|---|---|---|
| 1 | 08.45 am | കുറവിലങ്ങാട് വച്ച് നടന്ന ഇന്റർനാഷണൽ മരിയൻ സിംബോസിയത്തിൽ സംബന്ധിച്ചു. |
| | 2.30 pm | കുറവിലങ്ങാട് വച്ച് നടന്ന നസ്രാണി മഹാസംഗമത്തിൽ അധ്യക്ഷത വഹിച്ചു. |
| 2 | 03.15 pm | അരമനയിൽ വച്ച് നടന്ന 20 വർഷത്തിനു മുകളിൽ ദൈവാലയശുശ്രൂഷികളായി സേവനം ചെയ്തവരുടെ മീറ്റിംഗിൽ നേതൃത്വം വഹിച്ചു. |
| 3 | 10-11.30 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.15 pm | അരമനയിൽ വച്ചു നടന്ന Woodind മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | ചേർപ്പുങ്കൽ ആശുപത്രിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 5 | 03.00 pm | അരമനയിൽ വച്ചു നടന്ന NCF മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.30 pm | മുട്ടുചിറ ഇടവകയിൽ ഹോം പാലാ പ്രോജക്ടിനോടനുബന്ധിച്ച് പണികഴിപ്പിച്ച രണ്ടു വീടുകളുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| | 07.30 pm | ഭരണങ്ങാനം തീർത്ഥാടന ദൈവാലയത്തിൽ അച്ചന്മാരെ സന്ദർശിച്ചു. |
| 06 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.30 am | പൂവരണി ഇടവകയിൽ ബഹു. ജേക്കബ് പണ്ടാരപ്പറമ്പിലച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 01.45 pm | മൂഴൂർ ഇടവകയിൽ കർഷകദളം മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 02.30 pm | ചേർപ്പുങ്കൽ ആശുപത്രിയിൽ PDMET മീറ്റിംഗിൽ സംബന്ധിച്ചു. |
| 07 | 10.00 am | പാലാ അഡാർട്ടിന്റെ 36-ാം വാർഷികദിന ആഘോഷമീറ്റിംഗിൽ പങ്കെടുത്തു. |
| | 11.30 am | പൂവരണി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 04.00 pm | പൂഞ്ഞാർ ഇടവകയിൽ സുറിയാനി കുർബാന അർപ്പിച്ചു. |
| | 07.00 pm | സെന്റ് തോമസ് കോളേജിൽ വച്ച് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ധ്യാനം വേരിത്താസ് 2K19 ഉദ്ഘാടനം ചെയ്തു. |
| 8 | 09.30 am | കുറവിലങ്ങാട് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. |
| | 03.00 pm | രാമപുരം ഇടവകയിൽ ഒരു ഭവനം ആശീർവദിച്ചു. |
| 8-12 | | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന അച്ചന്മാരുടെ ധ്യാനത്തിൽ സംബന്ധിച്ചു. |
| 9 | 02.30 pm | മുത്തോലപുരം ഇടവകയിൽ ബഹു. ജോർജ് കിഴക്കെ അരഞ്ഞാണിയിലച്ചന്റെ ചാച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 10 | 11.30 am | മൂന്നാംതോട് നസ്രത്ത് കോൺവെന്റിൽ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 11 | 03.00 pm | തുടങ്ങനാട് ഇടവകയിൽ ഒരു മാമ്മോദീസ നടത്തി. |
| 12 | 12.00 noon | കാളികാവ് ഇടവകയിൽ മനസമ്മതം നടത്തി. |
| 13 | 10-11 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 noon | മൂലമറ്റം ഇടവകയിൽ കൺവൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 14 | 03.00 pm | ചേർപ്പുങ്കൽ മാർ സ്ലീവ മെഡിസിറ്റിയുടെ വെഞ്ചരിപ്പ് കർമ്മത്തിന് അഭിവന്ദ്യ കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവിനോടൊപ്പം നേതൃത്വം നൽകി. |
| | 07.00 pm | അൽഫോൻസാ കോളേജിൽ വച്ചു നടന്ന പാലാ കമ്മ്യൂണിക്കേഷന്റെ നാടകം ഉദ്ഘാടനം ചെയ്തു. |
| 15 | 07.30 am | ചേന്നാട് ഇടവകയിൽ ഗ്രോട്ടോ വെഞ്ചിരിച്ച് സന്ദേശം നൽകി. |

| | | |
|---|---|---|
| | 03.00 pm | മുട്ടുചിറ ഇടവകയിൽ വച്ച് എ.കെ.സി.സി. യുടെ നേതൃത്വത്തിൽ നടന്ന അടുക്കളത്തോട്ടമത്സരം ഉദ്ഘാടനം ചെയ്തു. |
| 15-19 | | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന അച്ചന്മാരുടെ വാർഷികധ്യാനത്തിൽ സംബന്ധിച്ചു. |
| 20 | 04.30 pm | കിഴതടിയൂർ ഇടവകയിൽ പാലാ ഹോം പ്രോജക്ടിന്റെ നേതൃത്വത്തിൽ പണികഴിപ്പിച്ച ഭവനം വെഞ്ചിരിച്ചു. |
| 21 | 10.00 am | ചേർപ്പുങ്കൽ ഹോസ്പിറ്റലിൽ വച്ച് നടന്ന അധ്യാപകരുടെ സംഗമം ഉദ്ഘാടനം ചെയ്തു. |
| | 02.45 pm | ചെമ്മലമറ്റം ഇടവകയിൽ ബഹു. ജോസ് തറപ്പേലച്ചന്റെ അപ്പച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.30 pm | ചേർപ്പുങ്കൽ ആശുപത്രിയോട് ചേർന്നുള്ള ബഹു. അച്ചന്മാരുടെ വൈദികമന്ദിരം ആശീർവദിച്ചു. |
| 22 | 10.00 am | ചേർപ്പുങ്കൽ ആശുപത്രിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 11.15 am | ഭരണങ്ങാനം ഇടവകയിൽ സിമിത്തേരി ആശീർവദിക്കുകയും വൈദികമന്ദിരത്തിന് ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. |
| | 02.00 pm | സിബിഗിരി ഇടവകയിൽ ബഹു. പള്ളിവാതുക്കലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 24-30 | | റോമിൽ വച്ചു നടന്ന Ad limina യിൽ സംബന്ധിച്ചു. |

# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## SEPTEMBER 2019

| | | |
|---|---|---|
| 1 | 10.30 am | പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വി. കുർബാന അർപ്പിച്ച് മീറ്റിംഗിൽ പങ്കെടുത്തു. |
| | 02.30 pm | കുറവിലങ്ങാട് നസ്രാണി മഹാസംഗമത്തിൽ പങ്കെടുത്തു. |
| 2 | 11.00 am | കുട്ടിക്കാനത്ത് മീറ്റിംഗിൽ പങ്കെടുത്തു. |
| | 02.30 pm | അരമനയിൽ 20 വർഷത്തിനു മുകളിൽ ദൈവാലയ ശുശ്രൂഷിളായി സേവനം ചെയ്തവരുടെ മീറ്റിംഗിൽ പങ്കെടുത്തു. |
| 3 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | സെന്റ് തോമസ് കോളേജിൽ മീറ്റിംഗിൽ സംബന്ധിക്കുകയും ഡോ. കെ.കെ. ജോസിന്റെ പുസ്തകപ്രകാശനം നടത്തുകയും ചെയ്തു. |
| | 06.00 pm | വാരിയാനിക്കാട് ഇടവകയിൽ മോളിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 07.00 pm | മാർ അപ്രേം സെമിനാരിയിൽ സായാഹ്നപ്രാർത്ഥനയിൽ സംബന്ധിച്ചു. |
| 4 | 06.15 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മ്യാരേജ് കോഴ്സിന് വി. കുർബാനയർപ്പിച്ചു. |
| | 03.00 pm | മാന്നാർ ഇടവകയിൽ പാലാ ഹോം പ്രോജക്ടിനോടനുബന്ധിച്ച് ഒരു ഭവനം വെഞ്ചരിച്ചു. |
| 5 | 11.00 am | ബി.എഡ്. കോളേജിൽ ടീച്ചേഴ്സ് ഡേ മീറ്റിംഗിൽ പങ്കെടുത്തു. |
| | 03.00 pm | അരമനയിൽ NCF മീറ്റിംഗിൽ പങ്കെടുത്തു. |
| 6 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| | 12.15 pm | പൂവരണി ഇടവകയിൽ ജേക്കബ് പണ്ടാരപ്പറമ്പില ച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. |
| | 02.00 pm | ചേർപ്പുങ്കൽ PDMET മീറ്റിംഗിൽ പങ്കെടുത്തു. |
| 7 | 10.00 am | പാലാ സെന്റ് തോമസ് സ്കൂളിൽ ഡി.സി.എം.എസ്. സ്കൂൾ കുട്ടികളുടെ മീറ്റിംഗിൽ പങ്കെടുത്തു. |
| | 12.00 noon | കടപ്ലാമറ്റം പള്ളിയിൽ കുട്ടൻതറപ്പേലച്ചന്റെ ശ്രാദ്ധം വെഞ്ചിരിപ്പ് നടത്തി. |
| | 02.30 pm | ഭരണങ്ങാനത്ത് നടന്ന വിശ്വാസപരിശീലനത്തിന്റെ മീറ്റിംഗിൽ പങ്കെടുത്തു. |
| | 05.00 pm | കുറവിലങ്ങാട് പള്ളിയിൽ എട്ടുനോമ്പ് തിരുനാളിനോ ടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 07.30 pm | ഇളംതോട്ടം ഇടവകയിൽ ജോസഫ് ചാക്കോ മൈലാ ടൂരിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 8 | 09.00 am | പുളിങ്കുന്ന് പള്ളിയിൽ എട്ടുനോമ്പ് തിരുനാളിനോട നുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 05.00 pm | പാലാ കത്തീഡ്രൽപള്ളിയിൽ വി. കുർബാനയർപ്പിച്ചു. |
| | 08.30 pm | വൈദികരുടെ ഒന്നാം ബാച്ച് വാർഷികധ്യാനത്തിൽ ധ്യാനചിന്തകൾ പങ്കുവച്ചു. |
| 9 | 12.30 pm | ചീങ്കല്ലേൽ ഇടവകയിൽ മനസമ്മതം ആശീർവദിച്ചു. |
| | 02.30 pm | മുത്തോലപുരം ഇടവകയിൽ ജോർജ് കിഴക്കേ അര ഞ്ഞാണിയിലച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂ ഷയിൽ കാർമ്മികത്വം വഹിച്ചു. |
| | 06.30 pm | ഭരണങ്ങാനം മാതൃഭവനിൽ മിഷൻലീഗ് സീനിയേ ഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. |
| 12 | | ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ ധ്യാനചിന്തകൾ പങ്കുവച്ചു. |
| 13 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.15 pm | ഡി.സി.എം.എസ്. മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.30 pm | അരമനയിൽ വച്ച് നടന്ന വി. കുർബാനയെഴുന്നെള്ളിച്ച് കൊടുക്കുവാൻ അസാധാരണ ശുശ്രൂഷകരായി നിയു |

| | | |
|---|---|---|
| | | ക്തരാവുന്ന ബഹു. സിസ്റ്റേഴ്സിന്റെ മീറ്റിംഗിൽ മുഖ്യ സന്ദേശം നൽകി. |
| | 06.00 pm | അരുവിത്തുറ വല്ല്യച്ചൻ മലയിൽ വി. കുർബാന യർപ്പിച്ച് സന്ദേശം നൽകി. |
| 14 | 11.00 am | കോന്നി, പൈനാപ്പള്ളി സെന്റ് ജൂഡ് ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 03.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയുടെ വെഞ്ചിരിപ്പ് കർമ്മത്തിൽ സംബന്ധിച്ചു. |
| 15 | | അടുക്കം ഇടവകയിൽ ഇടയനുടത്തസന്ദർശനം നട ത്തി. |
| | 08.30 pm | വൈദികരുടെ രണ്ടാം ബാച്ച് വാർഷികധ്യാനത്തിൽ ധ്യാനചിന്തകൾ പങ്കുവച്ചു. |
| 16 | 12.15 pm | മംഗളാരം ഇടവകയിൽ ഭവനം വെഞ്ചരിച്ചു. |
| 19 | 10.00 am | പാമ്പാടിയിൽ ഫാ. അനീഷ് എച്ച്.ജി.എൻ. ന്റെ മൃത സംസ്കാരശുശ്രൂഷയിൽ വി. കുർബാനയർപ്പിച്ചു കാർമ്മികത്വം വഹിച്ചു. |
| 21 | 06.15 am | വേഴാങ്ങാനം LSC സിസ്റ്റേഴ്സിന്റെ മഠത്തിൽ വി. കുർബാനയർപ്പിച്ചു. |
| | 02.00 pm | ചെമ്മലമറ്റം ഇടവകയിൽ തറപ്പേൽ ജോസച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.00 pm | ഭരണങ്ങാനം മാതൃഭവനിൽ വൊക്കേഷൻ പ്രോമോ ട്ടേഴ്സിന്റെ മീറ്റിംഗിൽ സംബന്ധിച്ചു സന്ദേശം നൽകി. |
| | 05.00 pm | കാഞ്ഞിരപ്പള്ളി ബിഷപ്പ് ഹൗസിൽ അറയ്ക്കൽ പിതാ വിനെ സന്ദർശിച്ച് ഫീസ്റ്റ് ആശംസകൾ നേർന്നു |
| | 06.45 pm | മുത്തോലപുരം ഇടവകയിൽ ഓനച്ചൻ വട്ടക്കു ന്നേലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 22 | 08.00 am | വാരിയാനിക്കാട് ഇടവകയിൽ സിമിത്തേരി ചാപ്പലിന്റെ ശിലാസ്ഥാനം നടത്തി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |

| | | |
|---|---|---|
| | 03.30 pm | തുടങ്ങനാട് ഇടവകയിൽ വിച്ചാട്ട് ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 04.00 pm | മുട്ടം ജേക്കബ് പള്ളിവാതുക്കൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 25 | 06.15 am | മാര്യേജ് കോഴ്സിൽ വി. കുർബാനയർപ്പിച്ചു. |
| | 10.00 am | മുത്തോലപുരത്ത് ജോസഫ് വാട്ടപ്പള്ളിയച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 26 | 04.00 pm | മാൻവെട്ടം ഇടവകയിൽ ബഹു. സക്കറിയാസ് തോട്ടുവേലിലച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. |
| | 06.30 pm | പെരിങ്ങുളം ഇടവകയിലെ ഒരു വീട്ടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 28 | 09.00 am | ഭരണങ്ങാനം ഇടവകയിൽ മാമ്മോദീസായിൽ പങ്കെടുത്തു. |
| | 10.30 am | ഇടപ്പാടി ഇടവകയിൽ മണ്ണാറകത്ത് ദേവസ്യായുടെ ഭവനത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 06.30 pm | മരങ്ങാട്ടുപിള്ളി ഇടവക കട്ടിക്കാനായിൽ ആഗസ്തിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |



# Bishop's Engagements

## Mar Joseph Kallarangatt

### OCTOBER 2019

| | | | |
|---|---|---|---|
| 1-24 | | | Ad limina Visit |
| 26 | Sat | 02.30 pm | Pastoral Institute : Meeting |
| 27 | Sun | 10.30 am | Koothattukulam : Holy Qurbana |
| 28 | Mon | 10.00 am | Kizhathadiyoor : Holy Qurbana |
| 29 | Tue | | Mission Mahasangamam |
| 30-31 | | | Engaged |



## Auxiliary Bishop's Engagements

# Mar Jacob Muricken

## OCTOBER 2019

| | | | |
|---|---|---|---|
| 1-10 | | | Ad-Limina Visit - Rome |
| 11 | Fri | 10-12 noon | Visiting Time |
| 12 | Sat | 10.00 am | Kayoor : Marriage |
| | | 11.30 am | Pravithanam : Marriage |
| | | 02.30 pm | DST Bharananganam : Qurbana |
| 13 | Sun | 04.00 pm | Kadanad : Qurbana |
| 14 | Mon | 09.00 pm | Regents' Retreat |
| 15 | Tue | | Regents' Retreat |
| | | 04.00 pm | Raza : Ramapuram |
| 16 | Wed | 06.00 pm | St. Thomas College : Meeting |
| 17 | Thu | 11.00 am | Karoor CMC Convent : Qurbana |
| 18 | Fri | 11.00 am | POC : SC/ST Commission Meeting |
| 19 | Sat | 11.00 am | Elanji Marriage |
| | | 06.00 pm | DCMS : Leadership Camp |
| 20 | Sun | | Engaged |
| 21 | Mon | 11.00 am | Kottayam : Blessing |
| 22 | Tue | 10.00 am | Kizhathadiyoor : Qurbana |
| 23 | Wed | 06.15 am | Marriage Course Qurbana |
| | | 03.00 pm | Bishop's House : Meeting |
| 24 | Thu | 10.00 am | EKM : Meeting |
| 25 | Fri | 10-12 noon | Visitors' Day |

| | | | |
|---|---|---|---|
| | | 04.00 pm | Bishop's House : Meeting |
| 26 | | 06.15 am | Pastoral Inst.couples Meet : Qurbana |
| | | 11.00 am | Thellakam : Meeting |
| 27 | | 10.30 am | Mannanam CMI Ashram : Meeting |
| | | 02.30 pm | DCMS : Meeting |
| | | 04.30 pm | Chirakkadavu : Thirunnal Qurbana |
| 28 | | | Engaged |
| 30 | | 11.00 am | Kottayam : Meeting |
| | | 03.00 pm | Bishop's House : KCBC SC/ST/OBC Meeting |
| 31 | | 03.00 pm | Bishop's House : Meeting |




അഡാർട്ടിന്റെ 36-ാം വാർഷിക ദിനാഘോഷത്തിന്റെ ഉദ്ഘാടനചടങ്ങിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് തിരി തെളിക്കുന്നു.



പാലാ സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽവച്ച് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ
സംഘടിപ്പിച്ച വേരിത്താസ് ധ്യാനം അഭിവന്ദ്യ പിതാവ് തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നു.




മൂഴൂർ ഇടവകയിൽ സംഘടിപ്പിച്ച കർഷകദളം മീറ്റിംഗിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് സംസാരിക്കുന്നു.

2019
OCTOBER

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

MAR SLEEVA™
medicity palai
*A Temple of Health*

മാർ സ്ലീവാ മെഡിസിറ്റി പാലാ
അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ്
കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി
ആശീർവ്വദിക്കുന്നു







Printed at St. Thomas Press, Palai and Published by Fr. John Edettu